RIS Discussion Paper Series
ആർഐഎസ് സംവാദപത്രപരമ്പര

# International Discussions on Indigenous People and India

# ഇന്ത്യയും മൂലനിവാസികളെ സംബന്ധിച്ച അന്താരാഷ്ട്ര സംവാദങ്ങളും

T C James
റ്റി. സി. ജയിംസ്

Discussion Paper # 272
സംവാദപത്രം # 272

ആർഐഎസ്
വികസ്വരരാജ്യങ്ങൾക്കായുള്ള ഗവേഷണ–
വിവരവിനിമയ സംവിധാനം

# ഇന്ത്യയും മൂലനിവാസികളെ സംബന്ധിച്ച അന്താരാഷ്ട്ര സംവാദങ്ങളും

## റ്റി. സി. ജയിംസ്

**ആർഐഎസ് – ഡിപി #272**

2022 ജനുവരി

**ആർഐഎസ്**
**വികസ്വരരാജ്യങ്ങൾക്കായുള്ള ഗവേഷണ – വിവരവിനിമയ സംവിധാനം**

കോർ I-V-B, ഫോർത്ത് ഫ്ളോർ,
ഇന്ത്യ ഹാബിറ്റാറ്റ് സെന്റർ, ലോധി റോഡ്,
ന്യൂഡൽഹി- 11 10003 (ഇന്ത്യ)
ഫോൺ: +91-11-2468 2177/2180
ഫാക്സ്: +91-11-2468 2173/74
ഇമെയിൽ: dgoffice@ris.org.in

ആർഐഎസിന്റെ പ്രവർത്തനപരിപാടിയിൽ പെട്ടതോ മറ്റ് അനുബന്ധഗവേഷണങ്ങളുടെ ഭാഗമോ ആയ ഗവേഷണങ്ങളുടെ പ്രാരംഭകണ്ടെത്തലുകളാണ് ആർഐഎസ് സംവാദ പത്രങ്ങളിൽ ഉള്ളത്. അഭിപ്രായങ്ങളും പ്രതികരണങ്ങളും dgoffice@ris.org.in എന്ന ഇമെയിലിലേക്ക് അയയ്ക്കുക. ഈ പേപ്പറുകൾ www.ris.org.in-ൽ ലഭിക്കും.

# ഇന്ത്യയും മൂലനിവാസികളെ സംബന്ധിച്ച അന്താരാഷ്ട്ര സംവാദങ്ങളും

റ്റി.സി. ജയിംസ്*

**സംഗ്രഹം:** ജൈവവിഭവങ്ങളുടെ സുസ്ഥിരവികസനത്തിൽ ഗോത്രവർഗ ജനതയ്ക്കു സുപ്രധാന സ്ഥാനം ഉണ്ട്. ജൈവവിഭവങ്ങളോടും പരമ്പരാഗത അറിവുകളോടുമുള്ള സാമീപ്യവും അവയുടെ നേട്ടങ്ങളുടെ പങ്കുവയ്പും ഗോത്രവർഗ അവകാശങ്ങളും സംബന്ധിച്ച വിഷയങ്ങളിൽ ഇന്ത്യ വിവിധ അന്താരാഷ്ട്ര വേദികളിൽ എടുത്തിട്ടുള്ള നിലപാടിന്റെ അടിസ്ഥാനം ഇതാണ്. എന്നാൽ അവയ്ക്കു പുറത്തുള്ള വിഷയങ്ങൾ ഉയർത്തുമ്പോൾ ഇന്ത്യക്കു വളരെ കരുതലോടെയുള്ള സമീപനം സ്വീകരിക്കേണ്ടി വരുന്നു. മൂലനിവാസികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്ര പ്രഖ്യാപനത്തെ (2007) പറ്റിയുള്ള ഇന്ത്യയുടെ വൈമുഖ്യവും അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ മൂലനിവാസികളും ഗോത്രവർഗജനതകളും ഉടമ്പടി (1989) ഇന്ത്യ സ്ഥിരീകരിക്കാത്തതും അക്കാദമികവും നയപരവുമായ മേഖലകളിൽ ഗണ്യമായ ചർച്ചകൾക്കു വിഷയമായിട്ടുണ്ട്. മൂലനിവാസി എന്ന പദം അന്താരാഷ്ട്ര കരാറുകളിൽ ഉപയോഗിച്ചിരിക്കുന്നതും അന്താരാഷ്ട്രവും ആഭ്യന്തരവുമായ ചർച്ചകളിൽ അതേപ്പറ്റിയുള്ള നിലപാടുമാണ് ഈ പത്രികയിൽ പരിശോധിക്കുന്നത്. ഇന്ത്യയുടെ സെൻസസ് രേഖകളിലും ഭരണഘടനാനിർമാണസഭയുടെ ചർച്ചകളിലും മറ്റ് ഔദ്യോഗികരേഖകളിലുംകൂടി ഈ പദത്തിന്റെ ചരിത്രപരിണാമവും രേഖപ്പെടുത്തുന്നു. ഇന്ത്യയിൽ പട്ടികവർഗക്കാരുടെ പുരോഗതി സംബന്ധിച്ച കാര്യങ്ങളും ഇതിൽ ഹ്രസ്വമായി പരാമർശിക്കുന്നു.

**പ്രധാന പദങ്ങൾ:** ആദിവാസി, ഭരണഘടന, അവകാശങ്ങൾ, പട്ടികവർഗം, പരമ്പരാഗത വിജ്ഞാനം.

---

*ആർഐഎസിലെ വിസിറ്റിംഗ് ഫെലോ

ആർഐഎസ് ഡയറക്ടർ ജനറൽ പ്രഫസർ സച്ചിൻ ചതുർവേദി മുൻകൈയെടുത്തിരുന്നില്ലെങ്കിൽ ഈ പേപ്പർ ഉണ്ടാകുമായിരുന്നില്ല. പ്രാരംഭ കരടുരൂപത്തിന്മേൽ അദ്ദേഹവുമായി നടത്തിയ ചർച്ചകളും അദ്ദേഹത്തിന്റെ നിരീക്ഷണങ്ങളും ഇതിനെ ഏറെ സമ്പന്നമാക്കി. വിഷയത്തെപ്പറ്റി പുതിയ ഉൾക്കാഴ്ചകൾ നൽകിയ വിശദമായ കൂടിക്കാഴ്ച അനുവദിച്ച നാഷണൽ കമ്മീഷൻ ഫോർ ഷെഡ്യൂൾഡ് ട്രൈബ്സ് ചെയർമാൻ ശ്രീ. ഹർഷ് ചൗഹാൻ അടക്കം മറ്റു നിരവധി പേരുമായുള്ള ചർച്ചകൾ ഇതിനെ വളരെ സഹായിച്ചു. രചയിതാവ് ഇവരോടെല്ലാം കടപ്പെട്ടിരിക്കുന്നു. നിരീക്ഷണങ്ങൾ വ്യക്തിപരം.

**ആമുഖം**

മൂലനിവാസികാര്യങ്ങൾക്കായുള്ള അന്താരാഷ്ട്ര കർമസമിതി (ഐഡബ്ല്യുജിഐഎ) അതിന്റെ വെബ്സൈറ്റിൽ ഇങ്ങനെ ഒരു അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു:

> "സ്വാതന്ത്ര്യത്തിനു ശേഷം എല്ലാ ഇന്ത്യക്കാരും മൂലനിവാസികളാണ് എന്ന വ്യവസ്ഥയോടെയാണ് മൂലനിവാസികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്രപ്രഖ്യാപനത്തിന് അനുകൂലമായി ഇന്ത്യ വോട്ട് ചെയ്തത്"[1]

പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ അവകാശങ്ങളെ പിന്തുണയ്ക്കാത്തതാണ് ഇന്ത്യയുടെ നിലപാട് എന്നു പല കോണുകളിൽ നിന്നും അപലപനം ഉണ്ടായി. ഇന്ത്യയുടെ നിലപാടിന്റെ പശ്ചാത്തലം വേണ്ടത്ര അറിയാത്തതിന്റെ ഫലമാണ് ഈ വിമർശനം. ഇന്ത്യയുടെ നിലപാടിന്റെ വിശാല പശ്ചാത്തലം ഈ പത്രിക അവലോകനം ചെയ്യുന്നു.

ജൈവവൈവിധ്യം, പരമ്പരാഗത വിജ്ഞാനം, പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങൾ, എന്നിവയുടെ സംരക്ഷണവും ഇവയും ബൗദ്ധിക സ്വത്തവകാശവുമായുള്ള ബന്ധങ്ങളും സംബന്ധിച്ച വിഷയങ്ങളിൽ ഇന്ത്യ എക്കാലവും സജീവവും ക്രിയാത്മകവുമായ പങ്ക് അന്താരാഷ്ട്രവേദികളിൽ എടുത്തിട്ടുള്ളതാണ്. ഈ ജനങ്ങളുടെയും സമൂഹങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കാനുള്ള അന്താരാഷ്ട്ര നൈയാമിക ഉപകരണങ്ങൾ രൂപപ്പെടുത്തുന്നതിൽ ഇന്ത്യ ഗണ്യമായ സംഭാവന നൽകിയിട്ടുമുണ്ട്.

ജൈവ വൈവിധ്യ ഉടമ്പടി നിലവിൽ വരുകയും കാര്യങ്ങൾ ഗ്രഹിച്ച ശേഷമുള്ള അംഗീകാരം വ്യവസ്ഥയാക്കുകയും ചെയ്യുന്നതിനു മുമ്പുതന്നെ, മൂലനിവാസികൾക്ക് ജനിതക വിഭവങ്ങളുടെയും അനുബന്ധ പരമ്പരാഗത വിജ്ഞാനത്തിന്റെയും ലഭ്യതയും നേട്ടങ്ങൾ പങ്കുവയ്ക്കലും സംബന്ധിച്ച സംവിധാനമുണ്ടാക്കിയ ചുരുക്കം രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ (Chaturvedi:2007).റിസർച്ച് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം ഫോർ ഡെവലപ്പിംഗ് കൺട്രീസ് (RIS) അടക്കമുള്ള ഇന്ത്യൻ അക്കാദമിക സമൂഹം ജൈവ വിഭവങ്ങളുടെയും പരമ്പരാഗത വിജ്ഞാനത്തിന്റെയും പരിപാലനവും സംരക്ഷണവും പരമ്പരാഗത വിജ്ഞാനത്തിന്റെ ഉടമകളുടെ അവകാശ പരിരക്ഷണവും സംബന്ധിച്ച പഠനങ്ങളിൽ സജീവമാണ്[2]. മനുഷ്യാവകാശങ്ങൾ സംബന്ധിച്ച സാർവത്രിക പ്രഖ്യാപന(1957)ത്തിൽ ഇന്ത്യ ഒപ്പിട്ടിട്ടുമുള്ളതാണ്. അന്താരാഷ്ട്ര തലത്തിൽ ഇന്ത്യ എടുക്കുന്ന നിലപാടുകൾ ഇന്ത്യയുടെ സംസ്കാരത്തിലും ചൈതന്യത്തിലും അധിഷ്ഠിതവും വിശാലമായ ദക്ഷിണരാജ്യങ്ങളുടെ (the large South) താൽപര്യത്തിന് അനുഗുണവും ആണ്.

ചരിത്രപരമോ സാമൂഹികമോ സാമ്പത്തികമോ ആയ ഭിന്നതലങ്ങളിലുള്ള ജനങ്ങളെ വിശേഷിപ്പിക്കാനുള്ള ഉചിതമായ പദം സംബന്ധിച്ച ചോദ്യങ്ങൾ മനുഷ്യാവകാശങ്ങൾ സംബന്ധിച്ച സംവാദങ്ങളിൽ ഉയരാറുണ്ട്. അത്തരത്തിലൊരു പദമാണ് മൂലനിവാസി. സുസ്ഥിര വികസനത്തിനായുള്ള ലോക ഉച്ചകോടി (2002) യിലാണ് ഐക്യരാഷ്ട്ര (യുഎൻ) സഭ ഈ പദം ഔദ്യോഗികമായി ആ

ദ്യം ഉപയോഗിച്ചത്[3]. എന്നാൽ മൂലനിവാസികളെപ്പറ്റി ഒരു യുഎൻ വർക്കിംഗ് ഗ്രൂപ്പ് 1982ൽ തന്നെ രൂപം കൊണ്ടിരുന്നു. അതിനു മുമ്പ് യുഎൻ ഔദ്യോഗിക രേഖകളിൽ ഈ പദം പെടുത്തുന്ന കാര്യം 'ഇപ്പോഴും പഠനത്തിൽ' ആയിരുന്നു എന്നാണ് പീറ്റേഴ്സും മിക്കായും (2017) പറയുന്നത്[4]. മുകളിൽ പറഞ്ഞ ഉച്ചകോടിയുടെ, യുഎൻ പ്രസിദ്ധീകരിച്ച രേഖകളിൽ ആ പദം 173 തവണ ഉപയോഗിച്ചിട്ടുണ്ട്; എല്ലാം ജനങ്ങളെ വിശഷിപ്പിക്കുന്നതായിരുന്നില്ലെങ്കിലും.[5] മൂലനിവാസി/ആദിവാസി (Indigenous people) എന്ന പദസമുച്ചയം ഉളവാക്കുന്ന ധാരണകൾ തദ്ദേശീയ (indigenous) എന്ന പ്രയോഗത്തിന്റെ വാച്യാർഥത്തിൽ നിന്നു ഭിന്നമാണ്. 'ഒരു പ്രത്യേക സ്ഥലത്ത് സ്വാഭാവികമായി ജന്മമെടുക്കുന്നത് അല്ലെങ്കിൽ ഉണ്ടാകുന്നത്; സ്വദേശി' എന്നൊക്കെയാണ് നിഘണ്ടുവിലെ അർഥം. 17-ാം നൂറ്റാണ്ടിന്റെ മധ്യത്തിലാണ് പദത്തിന്റെ തുടക്കം[6]. ഉള്ളിൽ (ഇവിടെ) ജനിച്ചത് എന്നർഥം വരുന്ന indigena എന്ന ലത്തീൻ വാക്കിൽനിന്നാണ് ഇതിന്റെ ഉൽപത്തി (Pillai: 2014). ഇതുമായി അടുപ്പമുള്ള indigene എന്ന പദം 16-ാം നൂറ്റാണ്ടിന്റെ അന്ത്യകാലത്ത് ഉപയോഗത്തിലുണ്ട്[7]. 1646-ൽ പ്രസിദ്ധീകരിച്ച Pseudodoxica Epidemica എന്ന പുസ്തകത്തിൽ സർ തോമസ് ബ്രൗൺ അമേരിക്കയിലെ തദ്ദേശവാസികളെ പരാമർശിക്കുന്ന സാഹചര്യത്തിൽ ഇത് പ്രയോഗിച്ചിരിക്കുന്നു: 'അവിടെ പല പ്രദേശങ്ങളിലും നീഗ്രോകളുടെ വലിയ സംഘങ്ങൾ സ്പെയിൻകാരുടെ കീഴിൽ പണിയുന്നുണ്ടെങ്കിലും അവരെല്ലാം കൊളംബസിന്റെ കണ്ടെത്തലിനു ശേഷം ആഫ്രിക്കയിൽനിന്നു കടത്തിക്കൊണ്ടു വന്നവരാണ്; ആരും **മൂലനിവാസികളോ** അമേരിക്കയിലെ തദ്ദേശീയരോ അല്ല.'[8] (ഊന്നൽ കൂട്ടിച്ചേർത്തത്).

ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ ഈ പദം വിശാലമായ അക്കാദമിക ചർച്ചയ്ക്കു വിഷയമായി, പ്രത്യേകിച്ചും മെക്സിക്കൻ വിപ്ലവത്തിനു (1910-20) ശേഷം. സായുധവും അക്രമപൂർണവുമായ കൂട്ടക്കുടിയേറ്റങ്ങളിലൂടെ തങ്ങൾ കീഴടക്കുകയും ഭൂമി കൈവശപ്പെടുത്തുകയും ചെയ്ത ജനതകളെപ്പറ്റിയുള്ള കോളോണിയൽ ധാരണകൾ മാറുന്നതിനുള്ള തുടക്കം ഇവിടെ കുറിച്ചു. വടക്കും തെക്കും അമേരിക്കകളിലും ഓസ്ട്രേലിയയിലും ന്യൂസീലൻഡിലും ഇതുണ്ടായി. അവിടെയെല്ലാം തദ്ദേശീയജനങ്ങൾ പൂർണമായി പാർശ്വവൽക്കരിക്കപ്പെട്ടു - വടക്കേ അമേരിക്കയിൽ അവരെ വേർതിരിച്ച് പ്രത്യേക സ്ഥലങ്ങളിൽ പാർപ്പിച്ചു. തെക്കേ അമേരിക്കയിൽ ധാരാളം സങ്കരവർഗക്കാർ ഉണ്ടായിരുന്നിട്ടും മൂലനിവാസികളെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ അധികാരത്തിൽ നിന്നു പ്രായോഗികമായി അകറ്റിനിർത്തി. ഇവിടങ്ങളിലെല്ലാം 'ചരിത്രം' കോളോണിയൽ ശക്തികളുടേതു മാത്രമായിരുന്നു[9].

യൂറോപ്യന്മാർ കുടിയേറുന്നതിനു മുൻപ് സ്വന്തമായ സംസ്കാരവും സംവിധാനങ്ങളും ഉണ്ടായിരുന്ന ജനങ്ങൾ ജീവിച്ചിരുന്നതായി ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ വിദഗ്ധർ പറഞ്ഞുതുടങ്ങി; അഥവാ വൈകിയ ഏറ്റുപറച്ചിൽ നടത്തി. ആ പ്രദേശങ്ങളിലെ ആദിമനിവാസികളാണു മൂലനിവാസികൾ അഥവാ തദ്ദേശീയജനത (Beteille: 1988). കോളോണിയലിസത്തിന് അടിപ്പെട്ടെങ്കി

ലും ഇന്ത്യയിലും മറ്റ് ഏഷ്യൻ രാജ്യങ്ങളായ ഇൻഡോനീഷ്യ, ശ്രീലങ്ക മുതലായ ഇടങ്ങളിലും ഇത്രയും വ്യാപകമായ തോതിലുള്ള ചരിത്രം മായ്ക്കൽ നടന്നില്ല. ആ നാടുകളിലെ ജനതയുടെ അടിസ്ഥാന ഘടന മാറിയിരുന്നില്ല. ഇക്കാര്യം യുഎൻ ജനറൽ അസംബ്ലിയിൽ ഇൻഡോനീഷ്യയുടെ പ്രതിനിധി ഇങ്ങനെ വിശദീകരിച്ചു: 'ഇൻഡോനീഷ്യയുടെ മൊത്തം ജനതയുടെ ഘടന കോളനി വാഴ്ചക്കാലത്ത് മാറ്റമില്ലാതെ തുടർന്നു.'[10] തദ്ദേശീയരെ ന്യൂനപക്ഷമാക്കുന്ന വിധം കൂട്ടക്കൊലപാതകങ്ങളോ വ്യാപകമായ കുടിയേറ്റമോ ഉണ്ടായില്ല. അതിനാൽ ജനങ്ങളിൽ തദ്ദേശീയർ എന്നും തദ്ദേശീയരല്ലാത്തവർ എന്നും വേർതിരിവ് ഉണ്ടായില്ല. എന്നാൽ, അന്താരാഷ്ട്ര സംവാദങ്ങളിൽ പതിവുള്ളതുപോലെ, വ്യവസായവൽകൃത പാശ്ചാത്യർ ഉപയോഗിച്ചിരുന്ന ഇത്തരം പദങ്ങൾ ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളുടെ ചരിത്രത്തിനുമേൽ പതിച്ചുവച്ചു.

ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ രാഷ്ട്രീയാധികാരം തദ്ദേശീയരിലേക്കാണ് ഒടുവിൽ കൈമാറിയത് എന്ന കാര്യം പോലും ചർച്ചകളിൽ പാശ്ചാത്യർ അവഗണിച്ചുപോന്നു. കാരണം, അമേരിക്കൻ രാജ്യങ്ങളിലും ഓസ്ട്രേലിയയിലും കുടിയേറ്റക്കാർ തദ്ദേശീയരേക്കാൾ വളരെ കൂടുതലായിരുന്നതും കുടിയേറ്റക്കാർ കോളോണിയൽ യജമാനന്മാരിൽ നിന്ന് രാഷ്ട്രീയാധികാരം വാങ്ങിച്ചെടുത്തതുമാണ് അവരുടെ ചിന്തയെ സ്വാധീനിച്ചത്. അവിടെ യൂറോപ്യന്മാരിൽനിന്ന് അതേ വംശക്കാരായ തദ്ദേശീയരിലേക്കാണ് അധികാരം കൈമാറിയത്. അധിനിവേശത്തിനു മുമ്പ് ആ ഭൂപ്രദേശങ്ങളിൽ ജീവിച്ചിരുന്നവരുമായി അധികാരം പങ്കു വയ്ക്കപ്പെട്ടില്ല. കോളണി വാഴ്ചക്കാർ താമസമുറപ്പിച്ച ദക്ഷിണാഫ്രിക്ക പോലുള്ള ചില ആഫ്രിക്കൻ രാജ്യങ്ങളിൽ തദ്ദേശീയരെ അടിച്ചമർത്തിയെങ്കിലും വടക്കേ അമേരിക്കയിലേതു പോലെ കൂട്ടമായ നിർമാർജനം ഉണ്ടായിട്ടില്ല. ദക്ഷിണാഫ്രിക്കയിലെ വർണവിവേചനം പുലർത്തിയിരുന്ന വെള്ളക്കാരായ കുടിയേറ്റക്കാർക്ക് 1934-ൽ ബ്രിട്ടൻ സ്വയംഭരണം അനുവദിച്ചെങ്കിലും ജനസംഖ്യയുടെ 80 ശതമാനം വരുന്ന കറുത്ത ആഫ്രിക്ക (യഥാർഥ തദ്ദേശീയർ)ക്കാർക്ക് രാഷ്ട്രീയാധികാരം ലഭിക്കാൻ 1994 വരെ നീണ്ട പോരാട്ടം നടത്തേണ്ടിവന്നു.

'തദ്ദേശീയ വിഷയം' പ്രഥമമായും രാഷ്ട്രീയാധികാരത്തിന്റെ വിഷയമാണ് എന്നതാണ് ഇതിൽ നിന്നു വ്യക്തമാകുന്നത്. കോളോണിയൽ അധിനിവേശത്തിനു മുമ്പ് ആ പ്രദേശത്തു വസിച്ചിരുന്ന ജനവിഭാഗങ്ങളുമായി അധികാരം പങ്കിടാത്തിടത്താണ് ഇതൊരു യഥാർഥ പ്രശ്നമാകുന്നത്. ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ ഇതല്ല കഥ. ഇവിടെയൊക്കെ തദ്ദേശീയരും കുടിയേറ്റക്കാരും എന്ന വിഭജനം സാധുവല്ല. ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ ഗോത്രവർഗക്കാരെ മാത്രം തദ്ദേശീയരോ മൂലനിവാസികളോ ആയി കണക്കാക്കുമ്പോൾ മറ്റുള്ളവരെല്ലാം തദ്ദേശീയരല്ലാത്തവരോ വിദേശികളോ ആണെന്നു വരുന്നു. ഇത് ഒട്ടും യുക്തമല്ല. ഇതുകൊണ്ടാണ് യുഎന്നിലെ ചർച്ചകളിൽ ആദ്യം മുതലേ ഇന്ത്യയിലെ മുഴുവൻ ജനങ്ങളും തദ്ദേശീയരാണ് (മൂലനിവാസികൾ) എന്ന നിലപാട് ഇന്ത്യ എടുത്തത്.

## ഇന്ത്യ യുഎന്നിലും മറ്റ് അന്താരാഷ്ട്ര വേദികളിലും

2007 സെപ്റ്റംബർ 13ന് നടന്ന ഐക്യരാഷ്ട്ര പൊതുസഭയുടെ 107-ാം പ്ലീനറി സമ്മേളനം ഒരു പ്രമേയം വഴി മൂലനിവാസികളുടെ അവകാശങ്ങൾ സംബന്ധിച്ച യുഎൻ പ്രഖ്യാപനം അംഗീകരിച്ചു[11]. (അംഗങ്ങളെ) ബാധ്യസ്ഥരാക്കുന്നതല്ല ഈ പ്രമേയം. 143 രാജ്യങ്ങൾ അനുകൂലിച്ചു, നാലു രാജ്യങ്ങൾ (യുഎസ്എ, കാനഡ, ഓസ്ട്രേലിയ, ന്യൂസീലൻഡ്) എതിർത്തു. പതിനൊന്നു പേർ വിട്ടുനിന്നു[12]. ഇന്ത്യയുടെ അയൽക്കാരായ ബംഗ്ലാദേശും ഭൂട്ടാനും വിട്ടുനിന്നവരിൽ പെടുന്നു.

ഇന്ത്യ പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്തെങ്കിലും ഇന്ത്യയുടെ കാഴ്ചപ്പാടിൽ ആരൊക്കെയാണ് ഇന്ത്യയിലെ മൂലനിവാസികൾ എന്ന് വ്യക്തമാക്കുന്ന ഒരു പ്രസ്താവന ഇന്ത്യയുടെ പ്രതിനിധി ശ്രീ. അജയ് മൽഹോത്ര നടത്തിയിരുന്നു. അദ്ദേഹം പറഞ്ഞു:

*പ്രഖ്യാപനം എന്താണു മൂലനിവാസികൾ എന്നു നിർവചിച്ചിട്ടില്ലെങ്കിലും, കോളണിവൽക്കരണത്തിന്റെയോ അധിനിവേശത്തിന്റെയോ ഇന്നത്തെ രാജ്യാതിർത്തികളുടെ നിർണയത്തിന്റെയോ സമയത്ത് ഈ രാജ്യത്തോ രാജ്യം ഉൾപ്പെട്ട ഭൂമിശാസ്ത്ര മേഖലയിലോ ഉണ്ടായിരുന്ന ജനങ്ങളുടെ പിൻഗാമികളും അവരുടെ നൈയാമിക പദവി എന്തായാലും തങ്ങളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ സംവിധാനങ്ങൾ ഭാഗികമായോ മുഴുവനായോ നിലനിർത്തുന്നവരും ആയ ജനങ്ങൾക്കാണ് ആ സ്വതന്ത്രരാജ്യത്തെ മൂലനിവാസികൾക്കുള്ള അവകാശങ്ങൾ.*[13]

പ്രമേയത്തിൽ സ്വയം നിർണയാവകാശം സംബന്ധിച്ച വകുപ്പിന്റെ കാര്യത്തിലും ഇന്ത്യക്ക് ആശങ്ക ഉണ്ടായിരുന്നു. ഇന്ത്യയുടെ പ്രതിനിധി അതേപ്പറ്റി ഇങ്ങനെ പറഞ്ഞു:

*സ്വയംനിർണയാവകാശം സംബന്ധിച്ച പരാമർശങ്ങളെപ്പറ്റി, താൻ മനസിലാക്കിയത്, സ്വയംനിർണയാവകാശം വിദേശാധിപത്യത്തിന് കീഴിലുള്ളവർക്കു മാത്രമാണെന്നും ഈ ആശയം സ്വതന്ത്രപരമാധികാര രാജ്യങ്ങൾക്കോ ആ ജനതയുടെയോ രാജ്യത്തിന്റെയോ ഒരു വിഭാഗത്തിനോ ബാധകമല്ലെന്നും അതു ദേശീയ അഖണ്ഡതയുടെ സാരസത്തയാണെന്നും ആണ്. മൂലനിവാസികൾ സ്വയംനിർണയാവകാശം തങ്ങളുടെ ആഭ്യന്തരവും പ്രാദേശികവുമായ കാര്യങ്ങളിലെ ഭരണസ്വാതന്ത്ര്യത്തിനും സ്വയംഭരണത്തിനും തങ്ങളുടെ സ്വതന്ത്രഭരണത്തിന്റെ ആവശ്യങ്ങൾക്കു വേണ്ട ധനം കണ്ടെത്തുന്നതിനും ഉപയോഗിക്കുമെന്നു പ്രഖ്യാപനം വിശദീകരിച്ചിട്ടുമുണ്ട്. ഈ ചാർട്ടറിനു വിരുദ്ധമായ എന്തെങ്കിലും പ്രവൃത്തി ചെയ്യാനോ പ്രവൃത്തികളിൽ ഏർപ്പെടാനോ ഏതെങ്കിലും രാജ്യത്തെയോ ജനതയെയോ സംഘങ്ങളെയോ അവകാശപ്പെടുത്തുന്നതായി ഈ പ്രഖ്യാപനം വ്യാഖ്യാനിക്കപ്പെടരുതെന്നു 46-ാം അനുച്ഛേദം വ്യക്തമായി പറയുന്നുണ്ട്. ഇവയുടെ അടിസ്ഥാനത്തിലാണ് ഇന്ത്യ ഈ പ്രഖ്യാപനത്തിനനുകൂലമായി വോട്ടു ചെയ്തത്.*[14]

സ്വതന്ത്ര രാജ്യങ്ങളിലെ തദ്ദേശീയരും അല്ലാത്തവരുമായ ഗോത്രവർഗ-അർധഗോത്രവർഗ ജനതകളുടെ സംരക്ഷണവും സംയോജനവും സംബന്ധിച്ച കൺവൻഷനു(107-ാം നമ്പർ കൺവൻഷൻ)ള്ള അന്താരാഷ്ട്ര തൊഴിൽസംഘടന (ഐഎൽഒ) യുടെ ചർച്ച 1957-ൽ നടന്നപ്പോഴാണ് 'മൂല' (Indigenous) എന്ന പ്രയോഗം ഒരു അന്താരാഷ്ട്ര സംഘടനയുടെ ചർച്ചകളിലും രേഖകളിലും ഉപയോഗിക്കപ്പെട്ടത് (Xaxa: 3590). അന്ന് 'മൂല' എന്ന പ്രയോഗത്തെ ഇന്ത്യ എതിർക്കുകയോ വിയോജിപ്പ് രേഖപ്പെടുത്തുകയോ ചെയ്തില്ല. കാരണം അന്ന് അത് അവകാശങ്ങളോടും ശക്തീകരണത്തോടും ബന്ധപ്പെടുത്തിയിരുന്നില്ല. അന്നത്തെ ഊന്നൽ ആദിവാസി, ഗോത്രവർഗ ജനതകളെ വിശാലമായ സാമൂഹ്യ വ്യവസ്ഥിതിയിലേക്ക് ഇണക്കിച്ചേർക്കുന്നതിലായിരുന്നു. പിന്നീട് ഊന്നൽ വിഷയങ്ങൾ മാറിയപ്പോൾ ഇന്ത്യയുടെ പശ്ചാത്തലത്തിൽ ഈ പ്രയോഗത്തിന്റെ പ്രസക്തിക്കു വിശദീകരണം നൽകേണ്ട ആവശ്യകത ഇന്ത്യക്കു ബോധ്യപ്പെട്ടു (Xaxa:3591). ഇന്ത്യ ഇനിയും 1989-ൽ നവീകരിച്ച കൺവൻഷൻ അംഗീകരിച്ചിട്ടില്ല. 1957-ലെ കൺവൻഷൻ മാത്രമാണ് ഇന്ത്യ അംഗീകരിച്ചിട്ടുള്ളത്.1958 സെപ്റ്റംബർ 29-ന് അത് അംഗീകരിച്ചിരുന്നു. 1989-ലെ കൺവൻഷൻ ഏഷ്യയിൽ നിന്നു നേപ്പാളും ആഫ്രിക്കയിൽ നിന്നു സെൻട്രൽ ആഫ്രിക്കൻ റിപ്പബ്ലിക്കും മാത്രമേ അംഗീകരിച്ചിട്ടുള്ളു.

ചർച്ചകളിൽ, ഇന്ത്യൻ പ്രതിനിധി ആവർത്തിച്ചു വ്യക്തമാക്കിയ കാര്യം ഇതാണ്:

> *ഇന്ത്യയിലെ ഗോത്രവർഗ ജനതയുടെ പ്രശ്നങ്ങളും താൽപര്യങ്ങളും അവകാശങ്ങളും മറ്റു ചില രാജ്യങ്ങളിലെ മൂലനിവാസികളുടേതുമായി താരതമ്യം ചെയ്യാൻ പറ്റുന്നതല്ല. അക്കാരണം കൊണ്ടു തന്നെ ചില സങ്കീർണവും ക്ഷോഭകരവുമായ പ്രശ്നങ്ങളിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ ഏർപ്പെടുത്താൻ ശ്രമിക്കുന്നത് വിപരീത ഫലങ്ങൾ ഉളവാക്കിയേക്കാം.*[15]

'മൂലനിവാസി' പ്രയോഗത്തിന്റെ ആശയപരമായ ധാരണയോടുള്ള എതിർപ്പ് മറ്റ് ഏഷ്യൻ രാജ്യങ്ങളായ ചൈന, ബംഗ്ലാദേശ്, മ്യാൻമർ, ഇൻഡോനീഷ്യ തുടങ്ങിയവയും ഉന്നയിച്ചു. 'മൂലനിവാസികൾ' എന്ന ആശയംതന്നെ യൂറോപ്യൻ കോളോണിയൽ കുടിയേറ്റങ്ങളുടെ പൊതു അനുഭവവുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്ന ഉൽപന്നവും അതുകൊണ്ടു തന്നെ ഗണ്യമായ യൂറോപ്യൻ കുടിയേറ്റങ്ങൾ നടക്കാത്ത ഏഷ്യൻ നാടുകൾക്ക് ബാധകമല്ലാത്തതുമാണ്'[16]. ഈ കാഴ്ചപ്പാടിൽ, ഒന്നുകിൽ ഈ രാജ്യങ്ങളിലെ മുഴുവൻ ജനങ്ങളും മൂലനിവാസികളാണ്; അല്ലെങ്കിൽ ഉടമ്പടിയിൽ പറയുന്നതു പ്രകാരമുള്ള മൂലനിവാസികൾ ഈ രാജ്യങ്ങളിലില്ല. യൂറോപ്യൻ കോളണിവൽക്കരണത്തിനു മുമ്പ് ഈ ഭൂഖണ്ഡത്തിൽ വസിച്ചിരുന്ന ജനങ്ങളുടെ പിന്മുറക്കാർ എന്ന നിലയിൽ എല്ലാ ആഫ്രിക്കൻ ജനങ്ങളെയും സാങ്കേതികമായി മൂലനിവാസികൾ എന്നു പരിഗണിക്കണമെന്ന നിലപാട് ആഫ്രിക്കൻ രാജ്യങ്ങൾ കൈക്കൊണ്ടു.[17] ആയിരക്കണക്കിനു വർഷങ്ങളായി ഭൂഖണ്ഡത്തിൽ ജീവിക്കുന്ന ജനങ്ങളെ വേർതിരിക്കാൻ

ഇത്തരം പദങ്ങൾ ഉപയോഗിക്കുന്നത് പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങളുടെ ഏകീകരണത്തിന് തടസം നിൽക്കുന്ന വിധം ഭിന്നത വളർത്തും എന്നാണ് ആഫ്രിക്കൻ രാജ്യങ്ങളുടെ അഭിപ്രായം.

## യുഎന്നിലും മറ്റ് അന്താരാഷ്ട്ര സംഘടനകളിലും 'മൂലനിവാസി'കളുടെ നിർവചനം

'മൂലനിവാസി'കളുടെ അവകാശങ്ങളും വികസനപ്രശ്നങ്ങളും കൈകാര്യം ചെയ്യുന്ന നിരവധി അന്താരാഷ്ട്ര ഉടമ്പടികളും കരാറുകളും ഉണ്ട്[18]. പക്ഷേ ആ പ്രയോഗത്തിന് സാർവത്രിക സ്വീകാര്യതയുള്ള നിർവചനം ഇനിയും ഉണ്ടായിട്ടില്ല. യുഎൻ ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് ആൻഡ് സോഷ്യൽ അഫയേഴ്സിന്റെ വെബ്സൈറ്റിൽ 'മൂലനിവാസി'കളെ വിവരിക്കുന്നത് ഇങ്ങനെയാണ്: 'അവർ ആൾക്കാരോടും പരിസ്ഥിതിയോടും അനന്യമായ വിധം ഇടപെടുന്ന സംസ്കാരങ്ങളുടെയും രീതികളുടെയും പിന്തുടർച്ചക്കാരും പ്രയോക്താക്കളുമാണ്. 'അവർ' തങ്ങൾ ജീവിക്കുന്ന സമൂഹങ്ങളിലെ അധീശവിഭാഗത്തിൽ നിന്നു വ്യതിരിക്തമായ സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ സ്വഭാവവിശേഷങ്ങൾ സംരക്ഷിച്ചു പോന്നവരാണ്'[19]. പക്ഷേ, മൂലനിവാസികളെ സംബന്ധിച്ച ഔപചാരിക നിർവചനമായി ഇത് കണക്കാക്കാനാവില്ല. ചരിത്രപരമായ വീക്ഷണത്തിൽ സൂക്ഷ്മത ഇല്ലെന്നതിനു പുറമേ, വ്യതിരിക്തമായ സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ സ്വഭാവവിശേഷങ്ങൾ ഉള്ള ഏതു സമൂഹത്തിനും ഇതു ബാധകമാകുമെന്ന പ്രശ്നവുമുണ്ട്.

2007-ലെ യുഎൻ പ്രമേയം നമ്പർ 61/295 'മൂലനിവാസി'കളെപ്പറ്റിയുള്ള നിർവചനം ഉൾക്കൊള്ളുന്നില്ലെങ്കിലും ആ ചർച്ചകൾക്ക് ആധാരമായ ഒരു റിപ്പോർട്ട് (*Study on the Problem of Discrimination against Indigenous Population* by Jose R. Martinez Cobo, the Special Rapporteur of the UN Sub Commission on Prevention of Discrimination and Protection of Minorities, 1981) 'മൂലനിവാസി'കളെപ്പറ്റിയുള്ള ആശയം താഴെ പറയുംവിധം വിശദീകരിച്ചിട്ടുണ്ട്:

തങ്ങളുടെ പ്രദേശങ്ങളിൽ അധിനിവേശത്തിനും കോളണിവൽക്കരണത്തിനും മുമ്പു രൂപംകൊണ്ട സമൂഹങ്ങളോട് ചരിത്രപരമായ നൈരന്തര്യം പുലർത്തുന്നവയും ഇപ്പോൾ ആ പ്രദേശങ്ങളിലോ അതിന്റെ ഭാഗങ്ങളിലോ അധീശത്വം പുലർത്തുന്ന സമൂഹ വിഭാഗങ്ങളിൽനിന്നു വ്യതിരിക്തരായി സ്വയം കാണുന്നവയുമാണ് മൂലസമൂഹങ്ങളും ജനപദങ്ങളും ജനതകളും. അവർ ഇന്നു സമൂഹത്തിലെ മേധാവിത്വമില്ലാത്ത വിഭാഗങ്ങളാണ്. എങ്കിലും തങ്ങളുടെ പൈതൃക പ്രദേശങ്ങളും വംശീയ സ്വത്വവും സംരക്ഷിക്കാനും വളർത്താനും വരും തലമുറകളിലേക്കു സംക്രമിപ്പിക്കാനും ദൃഢനിശ്ചയമുള്ളവരാണ്. അതുവഴി തങ്ങളുടെ സാംസ്കാരികമാതൃകകളും സാമൂഹ്യസ്ഥാപനങ്ങളും നിയമവ്യവസ്ഥകളും അനുസരിച്ചുള്ള തുടർ അസ്തിത്വത്തിന് അടിത്തറ പാകുന്നു[20].

ചരിത്രപരമായ നൈരന്തര്യം തീരുമാനിക്കുന്നതിനു കണക്കാക്കേണ്ട കാര്യങ്ങൾ റിപ്പോർട്ടിൽ തുടർന്നു വിവരിക്കുന്നു. അവ:

● പരമ്പരാഗത ഭൂമികൾ, ഭാഗികമായെങ്കിലും, കൈവശംവയ്ക്കൽ

● ഈ ഭൂമികളിലെ ആദിമകൈവശക്കാരുമായി പൊതുപൈതൃകം

● പൊതുവായ സംസ്കാരമോ മതം, ഗോത്രവർഗ വ്യവസ്ഥ, തദ്ദേശീയ സമൂഹത്തിലെ അംഗത്വം, വസ്ത്രധാരണം, ഉപജീവനമാർഗം, ജീവിത ശൈലി തുടങ്ങിയ സാംസ്കാരിക അവതരണങ്ങളോ

● ഭാഷ (ഏകഭാഷയോ മാതൃഭാഷയോ വീട്ടിലും കുടുംബത്തിലും ഉപയോഗത്തിനുള്ളതോ മുഖ്യമോ പതിവായതോ സാധാരണമോ പ്രിയപ്പെട്ടതോ ഏതും)

● രാജ്യത്തിന്റെയോ ലോകത്തിന്റെയോ ചില ഭാഗങ്ങളിലുള്ള താമസം

● മറ്റു പ്രസക്ത ഘടകങ്ങൾ[21]

കോളണി വാഴ്ചയ്ക്കു മുമ്പേ ആ പ്രദേശത്തു നിരന്തര സാന്നിധ്യം ഉണ്ടായിരുന്നിരിക്കണം എന്നതിനു പുറമേ രണ്ട് അധിക ഘടകങ്ങൾ ഇതുവഴി പെടുത്തി. സമൂഹത്തിൽ അധീശത്വമില്ലാതിരിക്കലും വ്യതിരിക്തത പുലർത്തലുമാണ് ആ ഘടകങ്ങൾ. രാഷ്ട്രീയാധികാരം നിഷേധിക്കപ്പെട്ടവരോ അതിൽ നിന്ന് അകറ്റിനിർത്തപ്പെട്ടവരോ ആയ വിഭാഗങ്ങളെയും 'മൂലനിവാസി'കളിൽ പെടുത്താൻ ഇതു സഹായിക്കുന്നു. മനുഷ്യാവകാശവിഷയങ്ങളിൽ ഇത് പ്രധാനവും അവശ്യവുമാണ്. എന്നാൽ മറ്റു വിഷയങ്ങളിൽ അങ്ങനെയല്ല. അന്താരാഷ്ട്രവേദികളിൽ മൂലനിവാസികളെ സംബന്ധിച്ച ചർച്ചകളിൽ വ്യക്തത വരുത്താൻ ഈ പ്രസ്താവന സഹായിക്കുമെങ്കിലും ഇന്ത്യയെ സംബന്ധിച്ച് സങ്കീർണപ്രശ്നങ്ങളാണു സൃഷ്ടിക്കുന്നത്. പൈതൃകഭൂമികളുടെ കൈവശാനുഭവം മുതൽ ചില പ്രദേശങ്ങളിലെ താമസംവരെ ഇതിൽ പെടുന്നു. ലോകത്തിന്റെ ഒരു ചെറുപതിപ്പാണല്ലോ ഇന്ത്യ. വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന, വ്യത്യസ്തമതങ്ങളിൽ വിശ്വസിക്കുന്ന, വ്യത്യസ്ത ആചാരങ്ങൾ പുലർത്തുന്ന, വ്യത്യസ്ത തൊഴിലുകൾ എടുക്കുന്ന, വ്യത്യസ്തപൈതൃകങ്ങൾ അവകാശപ്പെടുന്ന ജനങ്ങളാണ് ഇവിടെയുള്ളത്. തദ്ദേശീയരോ വിദേശീയരോ എന്ന വെറും ചോദ്യത്തിനപ്പുറം ഇന്ത്യയിൽ മനുഷ്യാവകാശ വിഷയങ്ങൾക്കു വ്യതിരിക്തമായ മാനങ്ങൾ ഉണ്ട്.

ഏതു സമൂഹത്തെയും അടയാളപ്പെടുത്തുന്ന പ്രധാന ഘടകമാണു ഭാഷ. എന്നാൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ വൈവിധ്യം വളരെയാണ്. വ്യത്യസ്ത ഭാഷാ കുടുംബങ്ങളിൽ പെട്ട ഭാഷകൾ ഇവിടെ പ്രയോഗത്തിലുണ്ട്. ഇൻഡോ - യൂറോപ്യൻ (24 ഭാഷകൾ, 76.89% ജനങ്ങൾ ഉപയോഗിക്കുന്നു), ദ്രാവിഡ (17 ഭാഷകൾ, 20.82% പേർ ഉപയോഗിക്കുന്നു), ഓസ്ട്രോ-ഏഷ്യാറ്റിക് (14 ഭാഷകൾ, 1.11% പേർ), ടിബറ്റോ-ബർമീസ് (66 ഭാഷകൾ, 01.00% പേർ), സെമീറ്റോ - ഹാമിറ്റിക് (ഒരു ഭാഷ, 0.1% പേർ) ഭാഷകൾ ഇവിടെ സംസാരിക്കുന്നു. തീരെ കുറച്ചേ ഉള്ളുവെങ്കിലും തായ് ̆-കടായ് ̆, ഗ്രേറ്റ് ആൻഡമാനീസ്ഭാഷകളും ഇവിടെ ഉപയോഗത്തിലുണ്ട്.[22] ഭരണഘടനയുടെ എട്ടാം പട്ടികയിൽ ഇരുപത്തിരണ്ടു ഭാഷകളാണു പെടുത്തിയിട്ടുള്ളത്.

ഭാഷാപരമായ ഈ വൈവിധ്യം പട്ടികവർഗജനങ്ങൾക്കിടയിലും ദൃശ്യമാണ്.ഓസ്ട്രോ-ഏഷ്യാറ്റിക് (മോൻഖ്മെർ, മുന്ദരി, സന്താളി തുടങ്ങിയവ), ദ്രാവി

ഡ (ഗോണ്ടി, കുറുഖ് ഭാഷകൾ), ഇൻഡോ-യൂറോപ്യൻ (ഭീൽ ഭാഷ) കുടുംബ ങ്ങളിൽ പെട്ട ഭാഷകൾ വിവിധ ഗോത്രവർഗങ്ങൾ ഉപയോഗിക്കുന്നു. ഇങ്ങനെ യിരിക്കെ, ഭാഷ മാത്രം ആധാരമാക്കിയുള്ള ഒരു വർഗീകരണം കൊണ്ട് ഗോത്ര വർഗക്കാരുടെയും അല്ലാത്തവരുടെയും വംശീയത നിർണയിക്കാനാവില്ല. സം സ്കൃതം പോലെ ക്ലാസിക്കൽ ഭാഷ എന്ന പദവിയിലുള്ള നിരവധി പ്രാചീന ഭാ ഷകൾ ഇവിടെയുണ്ട്[23]. പാലി, പ്രാകൃതി എന്നിവ പോലെ ഇപ്പോൾ സാധാരണ ജനങ്ങളുടെ ഉപയോഗത്തിൽ ഇല്ലെങ്കിലും വൈജ്ഞാനിക ആവശ്യങ്ങൾക്കും പൂജാദികർമങ്ങൾക്കും ഉപയോഗിക്കുന്ന ഭാഷകളും ഉണ്ട്. അവയിൽ പലതിൽ നിന്നും ഉത്പന്നമായ ഭാഷകൾ ഇപ്പോൾ രാജ്യത്തു സംസാരത്തിലുണ്ട്. ഇവ യെ പൊതുവെ ഇന്ത്യൻ ഭാഷകൾ എന്നാണു വിളിക്കുന്നത്. ശതാബ്ദങ്ങൾ കൊ ണ്ടു തദ്ദേശീയമായി വികസിച്ചവയാണ് ആ ഭാഷകൾ. ഇംഗ്ലീഷ്, ഫ്രഞ്ച്, പോർ ച്ചുഗീസ് തുടങ്ങി കോളോണിയൽ കാലഘട്ടത്തിൽ വന്നതും യൂറോപ്യൻ രാജ്യ ങ്ങളുമായി അഭേദ്യം ബന്ധപ്പെട്ടതും ആ രാജ്യങ്ങളിൽ വികസിച്ചതുമായ ഭാഷ കളുമാണ് ഇവിടെ 'വിദേശ' എന്ന വിശേഷണം അർഹിക്കുന്നത്[24]. ഏതെങ്കിലും ഭാഷയെ അടിച്ചമർത്തുന്നു എന്ന വിഷയം ഇവിടെയില്ല. ഒരാളുടെ മാതൃഭാഷ തദ്ദേശീയഭാഷ അഥവാ ഇന്ത്യയിൽ വളർന്നു വികസിച്ച ഭാഷയായിരിക്കെ ആ വ്യക്തിയെ 'മൂലനിവാസി അല്ലെന്നു' പറയുന്നതെങ്ങനെ?

1957-ലെ മൂലനിവാസി-ഗോത്രവർഗ ജനതകളുടെ ഉടമ്പടി (107-ാം നമ്പർ)യിൽ അന്താരാഷ്ട്ര തൊഴിൽ സംഘടന (ഐഎൽഒ) മൂലനിവാസി-ഗോത്രവർഗ എ ന്ന സംയുക്തപദമാണ് ഉപയോഗിച്ചത്. 1989-ലെ (169-ാം നമ്പർ) ഉടമ്പടിയാണ് ഇപ്പോൾ ഉപയോഗത്തിലുള്ളത്. ഈ ഉടമ്പടികളൊന്നും 'മൂലനിവാസി'പദത്തി ന് ഔപചാരികനിർവചനം നൽകുന്നില്ല. എങ്കിലും, 1989-ലെ ഉടമ്പടിയുടെ ഒ ന്നാം അനുച്ഛേദം ഉടമ്പടി ബാധകമാകുന്നവരെപ്പറ്റി ഇങ്ങനെ പറയുന്നു.

●'(എ) ദേശീയ സമൂഹത്തിന്റെ മറ്റു വിഭാഗങ്ങളിൽ നിന്നു തങ്ങളെ വേർതി രിക്കുന്ന സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക സാഹചര്യങ്ങളിൽ കഴിയുന്ന വരും അവരുടെ പദവികൾ മുഴുവനായോ ഭാഗികമായോ അവരുടെ തന്നെ ആ ചാരങ്ങളും പാരമ്പര്യങ്ങളും വഴിയോ പ്രത്യേക നിയമനിർമാണങ്ങൾ വഴിയോ ക്രമീകരിക്കപ്പെട്ടവരുമായ ഗോത്ര ജനതകൾ;

●(ബി) സ്വതന്ത്ര രാജ്യങ്ങളിൽ, **കോളണിവൽക്കരണകാലത്തോ അധിനി വേശകാലത്തോ ഇപ്പോഴത്തെ രാജ്യാതിർത്തികൾ നിർണയിക്കുന്ന കാലത്തോ** ആ രാജ്യത്തോ ഭൂപ്രദേശത്തോ താമസിച്ചിരുന്നവരുടെ പിൻഗാമികളും തങ്ങളു ടെ നൈയാമിക പദവി എന്തായിരുന്നാലും സ്വന്തമായ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ സംവിധാനങ്ങൾ ഭാഗികമായോ മുഴുവനായോ നില നിർത്തുന്നവരും ആയ ജനങ്ങൾ; (ഊന്നൽ കൂട്ടിച്ചേർത്തത്).[26]

കോബോയുടെ നിർവചനത്തിലെ മിക്കവാറും ഘടകങ്ങൾ ഈ വിവരണ ത്തിൽ ഉണ്ട്. ഈ നിർവചനം 'മൂലനിവാസി' എന്നു വിളിക്കപ്പെടുന്നതിന് കാല പരിഗണന കൂടി നൽകിയിരിക്കുന്നു. അതായത് 'അധിനിവേശസമയത്തോ കോ ളണിവൽക്കരണവേളയിലോ ഇപ്പോഴത്തെ രാജ്യാതിർത്തി നിർണയിച്ചപ്പോഴോ'

ഉള്ളവരെയാണു 'മൂലനിവാസി'കളായി കണക്കാക്കുക. കോളണിവൽക്കരണമോ ഇപ്പോഴത്തെ രാജ്യരൂപീകരണമോ നിർണയകാലമായി എടുക്കുന്നതിനു ചില ഗുണങ്ങൾ ഉണ്ടെങ്കിലും ഈ കാലപരിഗണനയിൽ വരുന്ന കുറേ വിഭാഗങ്ങൾ 'മൂലനിവാസി'കൾ അല്ലാതെ വരുന്നതു പ്രശ്നങ്ങൾ ഉണ്ടാക്കും.

ഒരു രാജ്യാന്തര സർക്കാർ സമിതി വഴി പരമ്പരാഗത വിജ്ഞാനം സംരക്ഷിക്കുന്നതിനു തക്ക നൈയാമിക സംവിധാനം രൂപപ്പെടുത്തുന്നതിനെപ്പറ്റി ലോക ബൗദ്ധികസ്വത്ത് സംഘടന (WIPO) രണ്ടു ദശകത്തിലേറെയായി ചർച്ച നടത്തി വരികയാണ്. ഈ കമ്മിറ്റിയുടെ യോഗങ്ങളിൽ മൂലനിവാസികളുടെ പ്രതിനിധികൾ നിരീക്ഷകരായി പങ്കെടുക്കാറുണ്ട്. എന്നിരുന്നാലും ആ സംഘടന ഇനിയും 'മൂലനിവാസി'ക്കു നിർവചനം നൽകിയിട്ടില്ല. പരമ്പരാഗതവിജ്ഞാനം സംരക്ഷിക്കുന്നതു സംബന്ധിച്ച ഒരു നിയമനിർമാണത്തിന്റെ കമ്മിറ്റിയുടെ പരിഗണനയിലുള്ള കരടുരേഖയിൽ പരമ്പരാഗതവിജ്ഞാനത്തെ നിർവചിക്കുന്ന ഭാഗത്ത് 'മൂലനിവാസി' ഉപയോഗിച്ചിട്ടുണ്ട്. അത് ഇങ്ങനെയാണ്:

> ***പരമ്പരാഗത വിജ്ഞാനം*** *എന്നതുകൊണ്ട് തദ്ദേശ [ജനങ്ങളിൽ] നിന്നോ തദ്ദേശീയസമൂഹങ്ങളിൽ നിന്നോ [മറ്റ് ഗുണഭോക്താക്കളിൽ] നിന്നോ ഉടലെടുത്തതും പരമ്പരാഗത പശ്ചാത്തലത്തിലുള്ള ബൗദ്ധിക പ്രവർത്തനങ്ങൾ, അനുഭവങ്ങൾ, ആത്മീയാനുഭൂതികൾ, ഉൾക്കാഴ്ചകൾ എന്നിവയുടെ ഫലവും ഭൂമി, പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകൾ, നൈപുണ്യം, പുതിയ ആവിഷ്കാരങ്ങൾ, പ്രവർത്തന രീതികൾ, അധ്യാപനം, അധ്യയനം എന്നിവ ഉൾക്കൊള്ളുന്നതുമാണ്.*[27]

ചതുര ബ്രായ്ക്കറ്റിൽ ഉള്ള കാര്യത്തിൽ ഇനിയും സമവായം ഉണ്ടായിട്ടില്ല. 'തദ്ദേശീയ ജനങ്ങൾ' എന്നതിലെ 'ജനങ്ങൾ', 'തദ്ദേശീയ' എന്ന വിശേഷണം ചേരുമ്പോൾ, അത്തരമൊരു പ്രയോഗമാണ്.

ആരോഗ്യസേവന വിഷയത്തിൽ ലോകാരോഗ്യ സംഘടനയും (WHO) മൂലനിവാസികളെ നിർവചിച്ചിട്ടുണ്ട്. അതിങ്ങനെയാണ്: 'ഭൂമിശാസ്ത്രപരമായി വ്യതിരിക്തമായ പരമ്പരാഗത വാസസ്ഥാനം അഥവാ പൈതൃകപ്രദേശങ്ങളിൽ താമസിക്കുന്നവരും അതിനോടു ബന്ധപ്പെട്ടു നിൽക്കുന്നവരും ഒരു വ്യതിരിക്ത സാംസ്കാരിക വിഭാഗത്തിന്റെ ഭാഗമായി സ്വയം കണക്കാക്കുന്നവരും ആധുനികരാജ്യങ്ങൾ നിലവിൽ വരികയും ഇപ്പോഴത്തെ അതിർത്തികൾ നിർണയിക്കപ്പെടുകയും ചെയ്യുന്നതിനു മുമ്പ് ആ പ്രദേശത്തുണ്ടായിരുന്നവരുടെ പിൻഗാമികളുമായ സമൂഹങ്ങൾ' എന്നാണ് ആ നിർവചനം.[28]

മൂലനിവാസികളെപ്പറ്റിയുള്ള ഒരു ലളിത നിർവചനം 'അവർ ഓർമകൾക്കപ്പുറമുള്ള കാലം മുതൽ എല്ലാ ഭൂഖണ്ഡങ്ങളിലും പാർത്തിരുന്നവർ'[29] എന്നതാണ്. അവർ തങ്ങളുടെ ഭൂമികളിൽ താമസിച്ചു, സാംസ്കാരിക മൂല്യങ്ങൾ പരിപാലിച്ചു, തങ്ങളുടെ പരിസരം സംരക്ഷിക്കുകയും അവിടെ കൃഷിയിറക്കുകയും ചെയ്തു, നൂറ്റാണ്ടുകളിലൂടെ തങ്ങളുടെ ആചാരങ്ങൾ നിലനിർത്തി[30]. ഇതു രാഷ്ട്രീയധ്വനികൾ ഇല്ലാത്തതും ഗോത്രം, സമൂഹം, കൂട്ടം തുടങ്ങിയവ ഒഴിവാക്കു

ന്നതുമാണ്. പട്ടികയിൽ പെടാൻ, വളരെക്കാലം മുമ്പു മുതലേ ആ പ്രദേശങ്ങളിൽ താമസിച്ചിരിക്കണം എന്നല്ലാതെ ഏതെങ്കിലും നിശ്ചിത കാലാവധി നിർദേശിക്കുന്നുമില്ല.

## ഇന്ത്യൻ ജനത: കുടിയേറ്റ ചരിത്രങ്ങൾ

സമീപശതകങ്ങളിൽ ഇന്ത്യയിലേക്കു വലിയ കൂട്ടക്കുടിയേറ്റങ്ങൾ[31] ഉണ്ടായിട്ടില്ല. കാലനിർണയത്തിനു ഡിഎൻഎ ഉപയോഗിച്ചുള്ള ഏറ്റവും പുതിയ പഠനങ്ങൾ പ്രകാരം ഇന്ത്യയിലേക്കുള്ള അവസാനത്തെ പ്രധാന കുടിയേറ്റം 1000 BCE(ക്രിസ്തു വർഷത്തിനു മുമ്പ്) ക്കു മുമ്പാണ്.[32] അതിനു മുമ്പ് വിവിധ കാലങ്ങളിൽ വിവിധ കുടിയേറ്റ തരംഗങ്ങൾ ഉണ്ടായി. ഇന്ത്യയിലേക്കുള്ള വിവിധ കുടിയേറ്റ തരംഗങ്ങളെപ്പറ്റി ഇന്ത്യാ ഗവണ്മെന്റിന്റെ ഒരു രേഖയിൽ ഇങ്ങനെയാണു പറയുന്നത്:

'യൂറോപ്പോയിഡ്* ജനങ്ങ(മിക്കവാറും ടോക്കാറിയന്മാർ**) ളുടെ വ്യാപനം ഏകദേശം 3800 വർഷം മുമ്പ് ആരംഭിച്ചു. അതിന് ആയിരം (ഒരു പക്ഷേ അധികം) വർഷം മുമ്പേ യൂറാൾ മലനിരകൾക്കു തെക്കും കരിങ്കടലിനു വടക്കും പശ്ചിമ കസാഖ്സ്ഥാനിലുമുള്ള മരുപ്പച്ചകളിൽനിന്ന് ഇൻഡോ-യൂറോപ്യൻ സംസാരിക്കുന്ന ആൾക്കാർ പടിഞ്ഞാറോട്ടും കിഴക്കോട്ടും ഒടുവിൽ തെക്കോട്ടും നീങ്ങി ദക്ഷിണേഷ്യയിലെ (അനുമാനിക്കാവുന്ന വിധം) ദ്രാവിഡ വംശജരോടോ മറ്റ് ആദിമനിവാസികളോടോ ഇടകലർന്നു."[33]

ഇതിനു ശേഷം ഇന്ത്യയിലേക്കു വലിയ ജനപദങ്ങളുടെ തള്ളിക്കയറ്റം ഉണ്ടായിട്ടില്ല. രാജ്യത്തിന്റെ പല ഭാഗത്തും പല തവണ ഭരണവംശങ്ങൾ മാറി മാറി വന്നിട്ടുണ്ട്. തങ്ങളുടെ വാഴ്ചയുടെ ഒടുവിൽ രാജ്യം വിട്ട ഏകഭരണാധികാരി വർഗം ഇംഗ്ലീഷുകാരാണ്. മറ്റുള്ളവർ ഇന്ത്യൻ സമൂഹത്തിലേക്കും സംസ്കാരത്തിലേക്കും ലയിച്ചുചേർന്നു. ഗോത്രവർഗക്കാരടക്കം വിവിധ വിശ്വാസങ്ങളിലോ വംശങ്ങളിലോ പെട്ടവർ രാജ്യത്തിന്റെ ചെറുതും വലുതുമായ പ്രദേശങ്ങളിൽ ഭരണം നടത്തിയിട്ടുണ്ട്. ഗോത്രവർഗക്കാരിലും അല്ലാത്തവരിലും വിശ്വാസവൈവിധ്യം ഒരു പൊതുപ്രതിഭാസമായിരുന്നു. ശതാബ്ദങ്ങൾകൊണ്ട് ഇന്ത്യയിൽ അനന്യമായ ഒരു സംയുക്തസംസ്കാരം നിലവിൽ വന്നു. ഏകത്വത്തിൽ നാനാത്വം പ്രതിഫലിപ്പിക്കുന്നതാണ് ആ സംസ്കാരം.

പുരാവിജ്ഞാനീയ ഉദ്ഖനനങ്ങൾ, നരവംശശാസ്ത്രം, ഭാഷാശാസ്ത്രം, ജനിതക ശ്രേണീകരണം എന്നിവ ആധാരമാക്കിയുള്ള സമീപകാല പഠനങ്ങൾ കാണിക്കുന്നത് ഇന്ത്യയിലേക്ക് ഹോമോ സാപ്പിയൻസിന്റെ ഒന്നിലേറെ പ്രധാന കുടിയേറ്റ തരംഗങ്ങൾ ഉണ്ടായി എന്നാണ്.[34] ആഫ്രിക്കയിൽനിന്ന് 70,000 വർഷം മുമ്പ് പശ്ചിമേഷ്യ, ഇന്ത്യ, തെക്കുകിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലേക്കും തുടർന്ന് ഓസ്ട്രേലിയയിലേക്കും നീങ്ങിയതാണ് ആദ്യതരംഗം. അവരിൽ പെട്ടവർ

---

*യൂറോപ്പോയിഡ്: യൂറേഷ്യൻ വംശം എന്നും ഇവരെ വിളിക്കുന്നു.

**ടോക്കാറിയൻ: ഒരു ഇൻഡോ യൂറോപ്യൻ ഭാഷ. പടിഞ്ഞാറൻ ചൈനയിലെ സിൻജിയാംഗ് പ്രവിശ്യയിൽ ടാരിം നദീതടത്തിൽ രണ്ടായിരം വർഷം മുൻപ് ജീവിച്ചിരുന്നവരുടെ ഭാഷ.

65,000 വർഷം മുൻപ് ഇന്ത്യയിൽ പ്രവേശിച്ചിരിക്കാം. ഇപ്പോൾ നൂറിൽ താഴെ ആൾക്കാരുള്ള ലിറ്റിൽ ആൻഡമാൻസിലെ ഓംഗ് വർഗക്കാർ ഇവരുടെ പിൻഗാമികളാണെന്നു കരുതപ്പെടുന്നു. ഓസ്ട്രേലിയൻ ആദിവാസികളുടെ ശരീരപ്രകൃതിയുമായി താരതമ്യപ്പെടുത്താവുന്നതാണ് ഇവരുടെ ശരീരപ്രകൃതി. 'യൂറേഷ്യൻ മുഖ്യഭൂഖണ്ഡത്തിൽനിന്ന് പതിനായിരക്കണക്കിനു വർഷങ്ങളായി ഒറ്റപ്പെട്ടു കഴിയുന്നവരാണ്'[35] ഇവരെന്ന് ഡേവിഡ് റൈഹ് (2018) നിരീക്ഷിക്കുന്നു. എന്തായാലും ജനിതകപരമായി ഇന്നത്തെ ഇന്ത്യൻ ജനതയുടെ അടിത്തറ ആഫ്രിക്കയിൽനിന്ന് ആദ്യം പുറത്തുവന്ന വിഭാഗത്തിൽനിന്നാണ്. കാരണം, നമ്മുടെ ജീനോം പാരമ്പര്യത്തിന്റെ പകുതിക്കും മൂന്നിൽ രണ്ടിനുമിടയിലുള്ള ഭാഗം ഈ ഒന്നാം വിഭാഗത്തിൽനിന്നാണ് (ജോസഫ്: 2018); 'രാജ്യത്തെ എല്ലാ പ്രദേശങ്ങളിലും എല്ലാ ഭാഷാവിഭാഗങ്ങളിലും എല്ലാ ജാതികളിലും ഗോത്രവർഗങ്ങളിലും ഉള്ള ജനങ്ങൾ ആദിമ ഇന്ത്യക്കാരുടെ ജനിതകപാരമ്പര്യം വഹിക്കുന്നതായി ശാസ്ത്രീയ പഠനങ്ങൾ ആവർത്തിച്ചു കാണിക്കുന്നു[36].' കുടിയേറ്റത്തിന്റെ രണ്ടാം തരംഗം ഇറാനിലെ സാഗ്രോസ് പ്രവിശ്യയിൽനിന്നുള്ള കർഷകരുടേതായിരുന്നു. പശ്ചിമ യൂറേഷ്യൻ ജനതയുടെ ഇന്ത്യയിലേക്കുള്ള പ്രധാന കുടിയേറ്റം വെങ്കലയുഗ (9000–7000 വർഷം മുമ്പ്) ത്തിലോ അതിനു ശേഷമോ ആയിരിക്കും. ഇന്ത്യയിലെ മുൻകാല നിവാസികളോട് കൂടിക്കലർന്ന യൂറേഷ്യന്മാർ ദീർഘകാലം കിഴക്കൻ യൂറോപ്പിലെയും മധ്യേഷ്യയിലെയും വരണ്ട പുൽമേടുകളിൽ (സ്റ്റെപ്പ്) താമസിച്ചിട്ടാണ് ഇന്ത്യയിലേക്കു പല തവണയായി വന്നത്. കുടിയേറ്റത്തിന്റെ മൂന്നാം തരംഗം തെക്കുകിഴക്കൻ ഏഷ്യയിൽനിന്നായിരുന്നു. മുണ്ടാരി, ഖാസി തുടങ്ങിയ ഓസ്ട്രോ ഏഷ്യാറ്റിക് ഭാഷകൾ കൊണ്ടുവന്നത് അവരാണ്. മധ്യേഷ്യൻ സ്റ്റെപ്പികളിൽ നിന്ന് 2000–1000 BCE കാലത്തു വന്നവരും ഇൻഡോ-യൂറോപ്യൻ ഭാഷകൾ സംസാരിക്കുന്നവരുമായ ഇടയജനതയുടേതാണ് അവസാനത്തെ പ്രധാന കുടിയേറ്റ തരംഗം (ജോസഫ്: 2018).

നരസിംഹൻ തുടങ്ങിയവരുടെ (2018) അഭിപ്രായം ഇങ്ങനെയാണ്: (പശ്ചിമ യൂറേഷ്യന്മാരുമായി ബന്ധപ്പെട്ട് തെക്കൻ ഏഷ്യയിൽ രൂപപ്പെട്ട സങ്കരത്തിനു മുമ്പ്) ഇപ്പോഴത്തെ ദക്ഷിണ-പൂർവ ഏഷ്യക്കാരുടെയെല്ലാം പൈതൃകം സാങ്കൽപ്പികമായ കിഴക്കോട്ടുള്ള ഏക വ്യാപനത്തിൽനിന്നാണ്. ആ വ്യാപനമാണ് കുറഞ്ഞൊരു കാലംകൊണ്ട് പുരാതന ദക്ഷിണേന്ത്യൻ പൂർവികൻ (AASI), പൂർവേഷ്യക്കാർ, ഓങ്ങുകൾ, ഓസ്ട്രേലിയക്കാർ എന്നിവരുടെ വംശപരമ്പരയ്ക്ക് തുടക്കം കുറിച്ചത്'[37]. തങ്ങളുടെ 2019-ലെ പ്രബന്ധത്തിൽ നരസിംഹനും മറ്റും സ്ഥാപിക്കുന്നത് ആധുനിക ദക്ഷിണേഷ്യക്കാരുടെ പൈതൃകത്തിന്റെ പ്രാഥമിക തുടക്കം ഇറാനിലെയും ദക്ഷിണപൂർവേഷ്യയിലെയും വേട്ടയാടി ജീവിതം നയിച്ചവരുമായ ബന്ധപ്പെട്ട ചരിത്രാതീതകാലത്തെ ജനങ്ങളുടെ ജനിതകവ്യതിയാനത്തിലാണ് എന്നത്രെ[38]. ഇന്ത്യൻ ജനതയെ ഡിഎൻഎ ആധാരമാക്കി വിശദപഠനത്തിനു വിധേയമാക്കിയ ഡേവിഡ് റൈഹ് (2018) ഇപ്പോഴത്തെ ഇന്ത്യക്കാർ രണ്ടു ധാരകളിൽനിന്ന്, പുരാതന ദക്ഷിണേന്ത്യൻ പൈതൃകവും (ASI) പുരാതന ഉത്തരേന്ത്യൻ പൈതൃകവും (ANI), ഉടലെടുത്തതാണെന്നാണു ക

ണ്ടെത്തിയത്. അതായത്, 'ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുള്ളവർ, പശ്ചിമയൂറേഷ്യന്മാരുടെയും കൂടുതലായി വിവിധ പൂർവേഷ്യൻ, ദക്ഷിണേഷ്യൻ ജനതകളുടെയും പൈതൃകത്തോട് വ്യത്യസ്ത അനുപാതങ്ങളിലാണെങ്കിലും ബന്ധപ്പെട്ട സങ്കരവിഭാഗമാണ്. **ഇന്ത്യയിലെ ഒരു വിഭാഗത്തിനും ജനിതക സംശുദ്ധി അവകാശപ്പെടാനാവില്ല** (ഊന്നൽ കൂട്ടിച്ചേർത്തത്)[40]. ഇരുപതു മുതൽ 80 വരെ ശതമാനമാണു സങ്കരം. വൻകരയിലെ മനുഷ്യരിൽ 'ഒരു ഗ്രൂപ്പും, ഏറ്റവും ഉയർന്ന ജാതിയായാലും ഏറ്റവും താഴ്ന്ന ജാതിയായാലും ജാതിവ്യവസ്ഥയ്ക്കു പുറത്തുള്ള ഹൈന്ദവേതര ഗോത്രവർഗക്കാരായാലും, സങ്കരമല്ലാതെയില്ല'[41] എന്നാണു റൈഹ് പറയുന്നത്. ത്രിപാഠിയും മറ്റും (2008) നേരത്തേ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ഇന്ത്യയിലെ ജാതിവ്യവസ്ഥ 3000–5000 വർഷം മാത്രം പഴക്കമുള്ളതാണെന്നാണ്. മനുഷ്യപരിണാമ ചരിത്രവുമായി തട്ടിച്ചുനോക്കുമ്പോൾ അതു വളരെ സമീപകാലത്തേതാണ്. ജാതിവ്യവസ്ഥയ്ക്ക് ഇന്ത്യൻ ജനതയുടെ ജനിതക ഘടനയിൽ കാര്യമായ സ്വാധീനമില്ലെന്നും ജാതിയെയും സാമൂഹ്യ-സാംസ്കാരിക അതിർവരമ്പുകളെയും മറികടന്ന് ജനിതകപ്രവാഹം ജനസമൂഹത്തിൽ ഉണ്ടായി എന്നുമാണ് അവർ പറയുന്നത്. സാമൂഹ്യ സാംസ്കാരിക പശ്ചാത്തലത്തേക്കാൾ ഭൂമിശാസ്ത്രപരമായ അകലമാണ് ജനിതകബന്ധങ്ങൾ നിർണയിക്കുന്നതിൽ കൂടുതൽ സ്വാധീനം ചെലുത്തുന്നതെന്നും അവർ കണ്ടെത്തി. തങ്ങളുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ത്രിപാഠിയും മറ്റും എത്തിച്ചേർന്ന നിഗമനങ്ങൾ ഇവയാണ്: ദ്രാവിഡ ഭാഷകൾ സംസാരിക്കുന്നവരാണ് ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന നിവാസികൾ. അവർ 10,000–15,000 വർഷം മുമ്പ് ഇന്ത്യയിലെത്തി. പിന്നീടുണ്ടായ വലിയ കുടിയേറ്റം മധ്യേഷ്യൻ പുൽമേടുകളിൽനിന്നു 4000 വർഷം മുമ്പ് ഇൻഡോ-യൂറോപ്യൻ ഭാഷകളുമായി എത്തിയ നാടോടികളായ ഇടയസമൂഹത്തിന്റേതാണ്. ഈ ജനിതകശാസ്ത്ര വിദഗ്ധരെല്ലാം പറഞ്ഞുവയ്ക്കുന്നത് ജാതി-ഗോത്രവർഗ ഭേദമില്ലാതെ ഇന്ത്യൻ ജനത വ്യത്യസ്ത ജീനുകളുടെ സങ്കരമാണെന്നാണ്.

ജനസംഖ്യയിൽ ലോകത്തിലെ രണ്ടാമത്തെ വലിയ രാജ്യമായ ഇന്ത്യ പരസ്പര വ്യത്യാസമുള്ള വൈവിധ്യമാർന്ന ജനവിഭാഗങ്ങളെ ഉൾക്കൊള്ളുന്നു. ആ വ്യത്യാസങ്ങൾ ഭാഷയോ ഉച്ചാരണമോ അനുഷ്ഠാനങ്ങളോ സാമൂഹ്യ ആചാരങ്ങളോ പോലുള്ള ഏതു വിഷയത്തിലുമാകാം. ഈ വൈവിധ്യത്തിന് രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും വഴിവച്ചിട്ടുണ്ട്. കാലം പോകവേ ഈ വിഭാഗങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ താമസമുറപ്പിക്കുകയും തങ്ങളുടെ വ്യതിരിക്തത നിലനിർത്തുകയും ചെയ്തു. ഒരു നിശ്ചിത ഭൂമിശാസ്ത്ര പ്രദേശത്തുതന്നെ, പലപ്പോഴും വിവിധ സാംസ്കാരിക, സാമൂഹ്യവിഭാഗങ്ങളെ കാണാനാകും. അവരുടെ സാമ്പത്തിക-സാമൂഹ്യ വികസനനില വ്യത്യസ്തവുമാകും. സ്വാതന്ത്ര്യത്തിന്റെ അവസരത്തിൽ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ കാര്യം ശ്രദ്ധയിൽ പെടുകയും ഭരണഘടന അവരുടെ സാമൂഹ്യ-സാമ്പത്തിക വികസനത്തിനായി പ്രത്യേക കാര്യങ്ങൾ ചെയ്യുകയും ചെയ്തു.

## സെൻസസ് രേഖകൾ

സ്വാതന്ത്ര്യത്തിനു വളരെ മുമ്പുതന്നെ ഇന്ത്യയിലെ ജനങ്ങളുടെ വർഗീകരണം ഗവൺമെന്റിനു പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു; പ്രത്യേകിച്ചും 'നാഗരികതയുടെ എല്ലാ ഘട്ടങ്ങളിലെയും ജനങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നത്'[42] ബ്രിട്ടീഷുകാർ ആരംഭിച്ച ദശവാർഷിക സെൻസസിന്. 1872-ലെ സെൻസസിലെ വീട്ടു രജിസ്റ്ററിൽ 'ജാതി അല്ലെങ്കിൽ വർഗം' എന്നീ പദങ്ങൾ ഉപയോഗിച്ചിരുന്നു. ഒപ്പം തന്നെ 'വംശം' രേഖപ്പെടുത്തുകയും വേണമായിരുന്നു. മുഖ്യസമൂഹങ്ങളിൽനിന്നു വേറിട്ടു ജീവിച്ച, മുഖ്യധാരയിൽനിന്നു വ്യത്യസ്തമായ സാംസ്കാരിക-മതാചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടായിരുന്ന, നാടോടിയോ അർധനാടോടിയോ ആയ ജീവിതശൈലി പുലർത്തിയ വിഭാഗങ്ങളെ സൂചിപ്പിക്കാൻ 'ആദിവാസിഗോത്രം' (Aboriginal tribes) എന്നും പ്രയോഗിച്ചിരുന്നു. 1881-ലെ സെൻസസ് 'വർഗം' (class) ഉപേക്ഷിച്ചു. ഹിന്ദുക്കളുടെ കാര്യത്തിൽ 'ജാതി' നിലനിർത്തി. മറ്റു മതക്കാരുടെ കാര്യത്തിൽ 'വിഭാഗം' (Sect) ഏതെന്നു രേഖപ്പെടുത്താനാണ് സെൻസസ് ഷെഡ്യൂൾ നിർദേശിച്ചത്. 1891-ലെ സെൻസസ് ജാതിയും വർഗവും മറ്റു മതങ്ങൾക്കു വിഭാഗവും നിലനിർത്തി.

തുടക്കത്തിൽ ഗോത്രവർഗം കൃത്യമായി നിർവചിക്കപ്പെട്ടിരുന്നില്ല. മൂന്നു സെൻസസുകളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഗോത്രത്തെ ഇങ്ങനെ നിർവചിച്ചതായി ദാസ് ഗുപ്തയും സംയുക്തയും (2019) രേഖപ്പെടുത്തി: 'ഏതെങ്കിലും തൊഴിലിനെ കാണിക്കുന്നതല്ലാത്ത ഒരു പൊതുപേര് സ്വീകരിച്ചിട്ടുള്ള കുടുംബങ്ങളുടെയോ കുടുംബകൂട്ടായ്മകളുടെയോ സംഘാതം; ഐതിഹ്യത്തിലോ ചരിത്രത്തിലോ ഉള്ള ഒരു പൂർവികനിൽ നിന്ന്, ചിലപ്പോൾ ഒരു മൃഗത്തിൽനിന്നു ജന്മമെടുത്തതെന്ന് അവകാശപ്പെടുന്നവരും ചിലേടങ്ങളിൽ സാഹോദര്യത്തിന്റെ പാരമ്പര്യത്തേക്കാൾ കുടിപ്പകയുടെ ബാധ്യതകളാൽ ഒന്നിച്ചു നിൽക്കുന്നവരും രാജ്യത്തിന്റെ ഏതെങ്കിലും പ്രദേശം സ്വന്തമാക്കിയതായി അവകാശപ്പെടുന്നവരും ഒരേ ഭാഷ സംസാരിക്കുന്നവരും' [43](ആയ കൂട്ടം). 'ഒരു ഗോത്രക്കാർ അതിനുള്ളിൽനിന്നുതന്നെ വിവാഹം കഴിക്കുന്നവരാകണമെന്നില്ല' എന്നും അതിൽ പറയുന്നു. ബ്രിട്ടീഷുകാർ വെള്ളക്കാരുടെ വംശമഹത്വം വിളിച്ചോതുന്ന ലോകവീക്ഷണത്തെ പ്രതിഫലിപ്പിച്ചുകൊണ്ടു വനവാസികളെയും അപരിഷ്കൃതരോ അർധ അപരിഷ്കൃതരോ ആയ നിഷ്ഠുര വിഭാഗങ്ങളെയും ഗോത്രവർഗങ്ങളിൽ പെടുത്തി.

1901-ലെ സെൻസസിൽ സെൻസസ് ഷെഡ്യൂളിലെ എട്ടാം നമ്പർ ആയി 'ഗോത്രവർഗം' സ്ഥാനം പിടിച്ചു. 'ഹിന്ദുക്കളുടെയും ജൈനരുടെയും ജാതി, മറ്റുള്ളവരുടെ ഗോത്രം അല്ലെങ്കിൽ വംശം' എന്നാണ് എട്ടാം നമ്പറിൽ പറയുന്നത്. ഇത് 1911-ലെ സെൻസസിലും തുടർന്നു. 1921, 1931, 1941 സെൻസസുകളിലും 'വംശം, ഗോത്രം, ജാതി' എന്നിവ മതവുമായി ബന്ധപ്പെടുത്താതെ ഉപയോഗിച്ചുപോന്നു.

സ്വാതന്ത്ര്യത്തിനു ശേഷമുള്ള 1951-ലെ പ്രഥമ സെൻസസിൽ 'പ്രത്യേക വിഭാഗങ്ങൾ' എന്ന് ഉപയോഗിച്ചു. ഒപ്പം ആസാമിലെ ജനങ്ങളോട് 'നിങ്ങൾ

ആസാമിലെ മൂലനിവാസി (തദ്ദേശീയ ആൾ) ആണോ' എന്ന് എന്യുമറേറ്റർ ചോദിക്കണമായിരുന്നു. ഇവിടെ, മൂലനിവാസി എന്നത് ആസാം സംസ്ഥാനത്തി നു മാത്രം ബാധകമായ പ്രയോഗമായിരുന്നു, ഇന്ത്യക്കു മുഴുവൻ ബാധകമായി രുന്നില്ല. അന്നു വടക്കുകിഴക്കൻ മേഖല മുഴുവൻ ആസാം സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ ഗോത്രവർഗ ങ്ങൾ സ്വാധീനം പുലർത്തിയിരുന്നു. അതു പിന്നീടു വടക്കുകിഴക്കൻ സംസ്ഥാ നങ്ങളുടെ പുന:സംഘടനയ്ക്ക് ആധാരമാക്കുകയും ചെയ്തു.

1961 മുതൽ 2011 വരെയുള്ള സെൻസസുകളിൽ പട്ടികജാതിയോ പട്ടികവർ ഗമോ എന്നു കൃത്യമായി രേഖപ്പെടുത്തണമായിരുന്നു[44]. ഇതു കാണിക്കുന്നത് ഒ രു പ്രദേശത്തെ താമസക്കാരിൽ ഗോത്രവർഗം മാത്രമല്ല വ്യതിരിക്തമായ മൂലനി വാസികൾ എന്നത്രെ. മതം സംബന്ധിച്ച 2001-ലെ സെൻസസ് റിപ്പോർട്ടിൽ 'ത ദ്ദേശീയ' എന്ന പദം മുഖ്യമതങ്ങളുടെയൊന്നും ഭാഗമല്ലാത്ത ഗോത്രവർഗ ജന തയുടെ വിശ്വാസങ്ങളെയും അനുഷ്ഠാനങ്ങളെയും ഉദ്ദേശിച്ചാണ് ഉപയോഗിച്ചി രിക്കുന്നത്.

## ഭരണഘടനാ അസംബ്ലിയിലെ ചർച്ചകൾ

ഭരണഘടനാ നിർമാണ സഭയുടെ (1946-49) ചർച്ചകളിൽ ഗോത്രവർഗവിഷ യം ഉയർന്നുവന്നു. പിന്നാക്ക വർഗക്കാർ, ആദിമഗോത്രക്കാർ, കുറ്റവാളി ഗോത്ര ങ്ങൾ, കാടർ (ജംഗ്ലീ) എന്നൊക്കെ വിളിക്കപ്പെട്ടിരുന്ന ആദിവാസികളുടെ ഒരു വ ക്താവായിരുന്നു അന്നത്തെ ബിഹാറിൽ (ഇന്നു ജാർഖണ്ഡ്) നിന്നുള്ള ശ്രീ. ജസ്പാൽ സിംഗ്[45]. ഈ ജനവിഭാഗമാണ് സിന്ധുനദീതട ജനത എന്നും മറ്റുള്ള വരൊക്കെ പിന്നീടു വന്നു കയറിയവരാണെന്നും അദ്ദേഹം വാദിച്ചു[46]. ഭരണഘട നാ അസംബ്ലി പ്രസിഡന്റ് ആയ ഡോ. രാജേന്ദ്രപ്രസാദ് ഇന്നത്തെ ജർഖണ്ഡി ലെ രാംഗഡിൽ നടന്ന 53-ാമത് അഖിലേന്ത്യാ കോൺഗ്രസ് സമ്മേളനത്തിന്റെ സംഘാടകസമിതി ചെയർമാൻ എന്ന നിലയിൽ, അവിടത്തെ ജനങ്ങളാണ് ഇ ന്ത്യയിലെ മൂലനിവാസികൾ[47] എന്നു പരാമർശിച്ചതിനെ അദ്ദേഹം ചൂണ്ടിക്കാ ണിക്കുകയും ചെയ്തു. ആദിബാസി അഥവാ ആദിവാസി എന്ന പദമാണ് അദ്ദേ ഹം ഉപയോഗിക്കാൻ ഇഷ്ടപ്പെട്ടിരുന്നത്. അദ്ദേഹം അസംബ്ലി പ്രസിഡന്റിനോടു പറഞ്ഞു:

> *'പട്ടികവർഗത്തിന്റെ പരിഭാഷ ആദിവാസി (ആദിമനിവാസികൾ അഥവാ തദ്ദേശീയ ജനത എന്ന അർഥത്തിൽ) എന്നാക്കണമെന്നു പരിഭാഷാ സ മിതിക്കു താങ്കൾ നിർദേശം നൽകണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ആ ദിവാസി എന്ന പ്രയോഗം പ്രസാദാത്മകമാണ്. എന്തിനാണ് പഴയ ആ ക്ഷേപ പദമായ ബൻജാതി (വനജാതി അഥവാ വനവാസി) എന്നത് ഉപ യോഗിക്കുന്നത്...'*[48]

എന്നാൽ ഈ നിർദേശം സ്വീകരിക്കപ്പെട്ടില്ല. അസംബ്ലിയിലെ മറ്റൊരംഗമാ യ വിശ്വനാഥദാസ്, ആദിവാസി എന്ന പ്രയോഗം വിഭാഗീയ പ്രവണതകൾ പ്രോ ത്സാഹിപ്പിക്കുമെന്നു ചൂണ്ടിക്കാട്ടി ആ പദത്തെ ശക്തമായി എതിർത്തു. അദ്ദേ

ഹം പറഞ്ഞു:

*'ആദിവാസി എന്ന ദൗർഭാഗ്യകരമായ പ്രയോഗത്തിൽനിന്നു രാജ്യത്തെ രക്ഷിക്കാൻ ഞാൻ ശ്രീ. ഠക്കർ ബാപ്പയോട് അഭ്യർഥിക്കുകയാണ്. അത്തരം പ്രയോഗങ്ങൾ അംഗീകരിക്കുമ്പോൾ വ്യത്യാസങ്ങളെ ഊതിക്കത്തിക്കുകയാണ്. ഒപ്പം, ഇങ്ങനെയൊരു പട്ടികയിൽ പെടണമെന്ന് ആഗ്രഹിക്കുന്ന നിരവധി വനവാസികളെയും കാട്ടുബ്രാഹ്മണരെയുമൊക്കെ പരിഗണിക്കേണ്ടിയും വരും. അതു കൊണ്ട് ഞാൻ അഭ്യർഥിക്കുന്നത്... നമ്മുടെ നാട്ടിൽ വിഭാഗീയ പ്രവണതകൾ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം വ്യതിരിക്തതകൾ ശാശ്വതീകരിക്കരുത് എന്നാണ്. ഇതാണ് ഇന്ത്യയെ ഇക്കാലമത്രയും വിഭജിച്ചു നിർത്തിയ ശാപം.'*[49]

ശ്രീ. കെ.എം. മുൻഷിയും ആദിവാസി എന്ന പ്രയോഗത്തെ എതിർത്തു. പട്ടികവർഗക്കാരുടെ പ്രശ്നങ്ങൾ പ്രവിശ്യ തോറും, 'ചിലപ്പോൾ ജില്ലതോറും'[50] വ്യത്യസ്തമാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അദ്ദേഹം പറഞ്ഞു:

*'ഓരോ പ്രവിശ്യയിലും സ്വന്തമായ പട്ടികവർഗങ്ങൾ ഉണ്ട്. ഓരോന്നും മറ്റൊന്നിൽനിന്നു വംശപരമായും ഭാഷാപരമായ വീക്ഷണത്തിലും സാമൂഹികവും മതപരവുമായ ആചാരങ്ങളിലും വ്യത്യസ്തമാണ്. വർഗങ്ങൾക്കിടയിൽ പൊതുവായ ഒന്നും ഇല്ല. എന്റെ പ്രോവിൻസിൽ തന്നെ ഭരണഘടനാപരമായി പട്ടികവർഗങ്ങളായ അഞ്ചു വിഭാഗങ്ങളുണ്ട്. ഡബ്ലാ, ഭീൽ, കോലി, ബർദാസ്, ഗോണ്ട് എന്നിവ. ആ വർഗങ്ങൾ ഓരോന്നും പരസ്പരം സമ്പൂർണമായി വ്യത്യസ്തരാണ്. ബിഹാറിലെ സന്താളികളും ബോംബെയിലെ ഗോണ്ടുകളും ഭീലുകളും ആസാമിലെ നാഗന്മാരും ഒരേ വംശത്തിലോ മത-സാമൂഹികവിഭാഗത്തിലോ പെട്ടവരാണെന്ന് ഒരാൾപോലും പറയില്ലെന്ന് എനിക്കുറപ്പുണ്ട്. അവർ വ്യത്യസ്ത നാഗരികതകളോടും വ്യത്യസ്ത ഭൗമശാസ്ത്ര കാലങ്ങളോടും ബന്ധപ്പെട്ടവരാണ്. അവരെ രാജ്യത്തെ മറ്റു വിഭാഗങ്ങൾക്കൊപ്പം എത്തിക്കാൻ വ്യത്യസ്ത സമീപനങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. അവരെയെല്ലാം കൂടി ആദിവാസി എന്ന ഒറ്റ വിഭാഗമായി ചിത്രീകരിക്കുന്നത് അതിൽതന്നെ അസത്യവും ആ വർഗങ്ങൾക്കു തന്നെ വിനാശകരവുമാണ്... ഈ രാജ്യത്ത് ആദിവാസികൾ ബോധപൂർവം രൂപംകൊണ്ട ഒരു സംഘമോ ഒരു കൂട്ടായ്മയോ അല്ല..'*

എന്തെങ്കിലും പറയാനുണ്ടോ എന്നു (സഭയുടെ) പ്രസിഡന്റ് ചോദിച്ചപ്പോൾ ഡോ. ബി.ആർ. അംബേദ്കർ, കെ.എം. മുൻഷിയുടെ നിലപാടിനെ പിന്താങ്ങി. അദ്ദേഹം ഇങ്ങനെ പറഞ്ഞു: 'പറയേണ്ടതെല്ലാം ശ്രീ. മുൻഷി പറഞ്ഞുകഴിഞ്ഞു. അതിനോടു പ്രയോജനകരമായ എന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടെന്നു ഞാൻ കരുതുന്നില്ല.'[51] ചർച്ചകളുടെ അവസാനം പട്ടികവർഗക്കാരെ സൂചിപ്പിക്കാൻ *ആദിവാസി* എന്ന പ്രയോഗം നിരാകരിക്കപ്പെട്ടു. ഭരണഘടനയിൽ ഒരിടത്തും *ആദിവാസി* എന്നു പ്രയോഗിച്ചിട്ടില്ല. ഭരണഘടനയുടെ ഹിന്ദി പതിപ്പിൽ ഉപയോഗിച്ചിരിക്കുന്നത് *ജനജാതി* എന്നാണ്, *ആദിവാസി* അല്ല.[52]

എന്നാൽ, ഗോത്രവർഗക്കാരുടെ വികസനം സംബന്ധിച്ചു (ഭരണഘടനാ നിർ മാണ) സഭ വിശദമായി ചർച്ച നടത്തി. ഈ വിഷയം പഠിച്ചു ശിപാർശ നൽ കാൻ ഒരു പ്രത്യേക ഉപസമിതിയെ നിയോഗിച്ചു.

എല്ലാ വിഭാഗം ജനങ്ങൾക്കും സമത്വത്തിനുള്ള അവകാശം മൗലികാവകാ ശമാക്കിയ 53 ഭരണഘടന തന്നെ, സാമൂഹികമായും സാമ്പത്തികമായും പിന്നാ ക്കാവസ്ഥയിലായ വിഭാഗങ്ങളെ പട്ടികജാതി, പട്ടിക വർഗങ്ങൾ എന്നു വർഗീക രിച്ച് അവർക്കു പ്രത്യേക പരിഗണന വ്യവസ്ഥ ചെയ്തു. വിവിധ അവസരങ്ങ ളിൽ ഇറക്കിയ പ്രത്യേക ഉത്തരവുകൾ വഴി ഇപ്പോൾ 28 സംസ്ഥാനങ്ങളിലും എട്ടു കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 1108 ജാതികളും 22 സംസ്ഥാനങ്ങളിലാ യി 705 ഗോത്രവർഗങ്ങളും പട്ടികജാതി (SC) പട്ടികവർഗ (ST) പട്ടികയിലുണ്ട്. അവരുടെ വികസനത്തിനായി സക്രിയവും വികസനോന്മുഖവുമായ നിരവധി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തുടക്കത്തിൽ പട്ടികജാതി-പട്ടികവർഗ വിഭാഗ ങ്ങൾക്ക് 10 വർഷത്തേക്കു സംവരണം പ്രഖ്യാപിച്ചു. അക്കാലം കൊണ്ട് ആ വി ഭാഗങ്ങൾ സാമൂഹികമായും സാമ്പത്തികമായും മറ്റു വിഭാഗങ്ങൾക്ക് ഒപ്പമെത്തു മെന്നാണ് അസംബ്ലി കണക്കാക്കിയത്. എന്നാൽ സംവരണം ആനുകാലികമാ യി നീട്ടിപ്പോന്നു. കാലം ചെന്നപ്പോൾ, മറ്റു പിന്നാക്ക ജാതികൾ (OBC) പോലു ള്ളവർ, തങ്ങൾ അവഗണിക്കപ്പെടുകയാണെന്ന ധാരണയിൽ സർക്കാർ ജോലി കളിലും മറ്റും സംവരണം ആവശ്യപ്പെട്ടു. സാമൂഹ്യവും സാമ്പത്തികവുമായ പി ന്നാക്ക നിലയായിരുന്നു അത്തരം സംവരണത്തിന്റെ മാനദണ്ഡം; വംശീയതയ ല്ല.

പട്ടികജാതി-പട്ടികവർഗങ്ങളെ സംബന്ധിച്ചു ഭരണഘടനയിലെ നിർവചന മടങ്ങിയിട്ടുള്ളത് യഥാക്രമം അനുച്ഛേദം 366(24)ലും 366(25)ലും [കരടു ഭരണ ഘടനയുടെ അനുഛേദം 303(1)] ആണ്. അനുഛേദം 366(24) പറയുന്നത്, 'പട്ടികജാതികൾ' എന്നാൽ 'ഈ ഭരണഘടനയുടെ ആവശ്യങ്ങൾക്ക് 341-ാം അ നുഛേദപ്രകാരം പട്ടികജാതികളായി കരുതപ്പെടുന്ന ജാതികളോ വർഗങ്ങളോ ഗോത്രവർഗങ്ങളോ അല്ലെങ്കിൽ അങ്ങനെയുള്ള ജാതികളുടെയോ വർഗങ്ങളു ടെയോ ഗോത്രവർഗങ്ങളുടെയോ ഭാഗങ്ങളോ അവാന്തരവിഭാഗങ്ങളോ ആണ്'. അനുച്ഛേദം 366(25) പറയുന്നത് 'പട്ടിക ഗോത്രവർഗങ്ങൾ' എന്നാൽ '342-ാം അ നുഛേദപ്രകാരം പട്ടികഗോത്രവർഗങ്ങളായി കരുതപ്പെടുന്ന ഗോത്രവർഗങ്ങളോ ഗോത്രവർഗ സമുദായങ്ങളോ അല്ലെങ്കിൽ ഗോത്രവർഗങ്ങളുടെയോ ഗോത്രവർ ഗ സമുദായങ്ങളുടെയോ ഭാഗങ്ങളോ അവാന്തരവിഭാഗങ്ങളോ' ആണ്. അനു ഛേദങ്ങൾ 341-ഉം 342-ഉം ഇത്തരം ജാതികളെയും ഗോത്രവർഗങ്ങളെയും വി ജ്ഞാപനം ചെയ്യാൻ രാഷ്ട്രപതിയെ അവകാശപ്പെടുത്തുന്ന വകുപ്പുകളാണ്. ഈ ജാതികളുടെയും ഗോത്രവർഗങ്ങളുടെയും കാര്യത്തിൽ വംശീയത എങ്ങും പരാമർശിച്ചിട്ടില്ല.

*ആദിവാസി* പരാമർശത്തിനുവേണ്ടി ശക്തമായി വാദിച്ചിരുന്ന ശ്രീ. ജയ്പാൽ സംഗ് ഒടുവിൽ ഭരണഘടനയ്ക്ക് നിരുപാധിക പിന്തുണ പ്രഖ്യാപിച്ചു. അദ്ദേ ഹം ഇങ്ങനെ പറഞ്ഞു:

*'ഭരണഘടനയിൽ എഴുതിവച്ചിട്ടില്ലാത്ത ധാരാളം കാര്യങ്ങൾ ആദിവാസികളെക്കുറിച്ച് ഉണ്ടെന്ന് എനിക്കറിയാം. സർ, ഉദാഹരണമായി രാഷ്ട്രപതി ഈ പ്രദേശങ്ങൾ എങ്ങനെ പട്ടികയിൽ പെടുത്തുമെന്നു നമുക്കറിയില്ല. വിവിധ പട്ടികവർഗങ്ങളെപ്പറ്റി എന്തുതരം സ്ഥിതിവിവരങ്ങളാണു തയാറാക്കുക എന്നും അറിയില്ല. പട്ടികവർഗക്കാർ ഉള്ള പ്രവിശ്യകളിലെ പ്രവർത്തനങ്ങൾ ക്രമീകരിക്കാനും നിയന്ത്രിക്കാനും ഒരു ഏകോപന ഭരണസംവിധാനം കേന്ദ്രതലത്തിൽ ഉണ്ടാകുമോ എന്നും അറിയില്ല. ഇതൊന്നും ഇതിൽ പരാമർശിച്ചിട്ടില്ലെങ്കിലും എനിക്ക് വിശ്വാസമുണ്ട്-പട്ടികവർഗക്കാർക്കും മറ്റുള്ളവർക്കും ഞാൻ ഒരു നല്ല ഭാവി കാണുന്നുവെന്നു പറയാൻ. കാരണം, നമ്മുടെ രാജ്യത്തിന്റെ ഭാവി രൂപപ്പെടുത്തുന്നതും നശിപ്പിക്കുന്നതും നമ്മൾതന്നെയാണ്. സർ, ഈ മഹത്തായ വിശ്വാസത്തോടെ ഈ ഭരണഘടനയ്ക്കു ഞാൻ നിരുപാധിക പിന്തുണ നൽകുന്നു.'*[54]

മറ്റു ജാതികളിലും ഗോത്രവർഗങ്ങളിലും നിന്നു വ്യത്യസ്തമായി പട്ടികജാതിക്കാർക്കോ പട്ടികവർഗക്കാർക്കോ 'മൂലനിവാസി' എന്ന വിശേഷണം ചേർക്കുന്നത് ഭരണഘടനാപരമായി അടിസ്ഥാനമില്ലാത്തതും പിൽക്കാലത്തുണ്ടായതുമാണ്. എന്നു മാത്രമല്ല, എല്ലാ ഇന്ത്യക്കാർക്കും ലഭ്യമായ മൗലികാവകാശങ്ങൾക്കു പുറമേ ഭരണഘടനയിൽതന്നെ നിരവധി പ്രത്യേക അവകാശങ്ങൾ അവർക്കു നൽകിയിട്ടുണ്ട്. ഇതല്ല പാശ്ചാത്യ നാടുകളിൽ ഇതേപോലുള്ള ജനവിഭാഗങ്ങൾക്ക് ലഭ്യമായിരുന്നത്.

ഭരണഘടനാ നിർമാണസഭ വടക്കുകിഴക്കൻ മേഖലയിലെ ഗോത്രവർഗങ്ങളെപ്പറ്റി (1949 സെപ്റ്റംബർ 5, 6, 7 തീയതികളിൽ) വിശദമായി ചർച്ച നടത്തി. എന്നാൽ, അതു വടക്കുകിഴക്കൻ ഭാഗത്തെ (ഭരണഘടനയുടെ ആറാം പട്ടിക) ഗോത്രവർഗപ്രദേശങ്ങളുടെ ഭരണസംവിധാനത്തെപ്പറ്റി ആയിരുന്നു. ആദിവാസി പ്രയോഗത്തിൽ ഊന്നിയായിരുന്നില്ല. 'ഗോത്രവർഗ'ത്തെ ഭരണഘടന നിർവചിച്ചിട്ടുമില്ല.[55]

പട്ടികജാതിക്കാർ ഹിന്ദു, ബുദ്ധ, ജൈന, സിഖ് മതവിഭാഗങ്ങളിൽനിന്ന് മാത്രമാണ്. അതേസമയം, പട്ടികവർഗക്കാർ ഏതു മതക്കാരുമാകാം. ഇന്ത്യൻ ജനതയിൽ സാമൂഹികമായും സാമ്പത്തികമായും ഏറ്റവും പിന്നാക്കം നിൽക്കുന്നവരാണ് പട്ടികജാതിക്കാരും പട്ടികവർഗക്കാരും. ജാതിയുടെ മാനദണ്ഡം കർക്കശവും ജനനത്തിൽതന്നെ നിർണയിക്കപ്പെടുന്നതുമാണ്. ഒരാൾക്കും തന്റെ ജാതി മാറ്റാനാവില്ല. ഗോത്രവർഗങ്ങൾക്കും ഇതാണു സ്ഥിതി. ഈ നാട്ടിലെ ആദിമനിവാസികൾ ഗോത്രവർഗക്കാരാണെന്നും മറ്റുള്ളവരെല്ലാം പിൽക്കാലത്തു വന്ന കോളണിവൽക്കരണക്കാരാണെന്നുമുള്ള ധാരണയിൽ ചില എഴുത്തുകാർ എല്ലാ ഗോത്രവർഗക്കാരെയും *ആദിവാസി* എന്നു വിശേഷിപ്പിക്കാറുണ്ട്. ഇതു മറ്റു ചില രാജ്യങ്ങളിലെ പ്രത്യേക യാഥാർഥ്യങ്ങളെ ഇന്ത്യയുടെമേൽ ചാർത്തുന്നതും രേഖപ്പെടുത്തപ്പെട്ട യാതൊരു ചരിത്രവസ്തുതകളുടെയും പിൻബലമില്ലാത്തതുമാണ്.

ചരിത്രരേഖകൾ ഉണ്ടാകുന്നതിനും ഒരുപക്ഷേ മനുഷ്യർ എഴുത്തുഭാഷ വികസിപ്പിക്കുന്നതിനും മുമ്പുള്ള കാര്യങ്ങളാണിവ. ഇന്ത്യ മുഴുവനും എന്നതു പോകട്ടെ, രാജ്യത്തിന്റെ ഒരു ഗണ്യമായ പ്രദേശത്ത് തങ്ങളായിരുന്നു ആദ്യത്തെ താമസക്കാർ എന്നും തങ്ങളെ വേറൊരു സമൂഹം ഓടിച്ചുവിടുകയായിരുന്നെന്നും ആധികാരികമായി അവകാശപ്പെടാൻ ഏതെങ്കിലും വിഭാഗത്തിനോ സമൂഹത്തിനോ എളുപ്പം കഴിയുകയില്ല. ഒരു നാട്ടിലെ ആദ്യതാമസക്കാർ എന്നു പറയണമെങ്കിൽ വിശ്വസനീയമായ തെളിവുകളോ വസ്തുതകളോ വേണം. ചരിത്രാതീതകാലത്തുള്ള പൗരാണികചരിത്രത്തിന്റെ കാര്യത്തിൽ ആ തെളിവുകൾ പ്രധാനമായും 'ശിലയിലുറച്ച പുരാതന അസ്ഥികൾ, പൗരാണിക മനുഷ്യവാസമേഖലയിലെ ഉദ്ഖനനത്തിൽ കിട്ടുന്നവ, ഉപകരണങ്ങൾ പോലെ മനുഷ്യനിർമിത വസ്തുക്കൾ' തുടങ്ങിയവയാണ്. (Tony Joseph: 2018. P.6)

19-ാം നൂറ്റാണ്ടിന്റെ ഒടുവിലും 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലും നടന്ന അത്തരമൊരു ഉദ്ഖനനമാണ് സിന്ധുനദീതടത്തിൽ 2600BCEക്കും 1900BCEക്കും ഇടയിൽ ഒരു നാഗരികത ഉണ്ടായിരുന്നു എന്ന കണ്ടെത്തലിലേക്കു നയിച്ചത്. എന്നാൽ ആ നാഗരികത വളർത്തിയെടുത്ത ആൾക്കാരുടെ യഥാർഥ സ്വത്വം ഇനിയും സംശയാതീതമായി നിർണയിച്ചിട്ടില്ല. ചരിത്രകാരന്മാർ ഇതിനെ (സിന്ധു നദീതട അഥവാ ഹാരപ്പൻ നാഗരികത) നാഗരികമായാണ് കണക്കാക്കുന്നത്, ഗോത്രവർഗപരമായല്ല. തങ്ങൾ ജീവിച്ചിരുന്ന പ്രദേശങ്ങളിൽനിന്ന്, 15-ാം നൂറ്റാണ്ടു മുതൽ വന്നു കീഴടക്കിയ ജനങ്ങളാൽ തുരത്തിയോടിക്കപ്പെട്ട വടക്കേ അമേരിക്കയിലെയും തെക്കേ അമേരിക്കയിലെയും ഓസ്ട്രേലിയയിലെയും ഗോത്രവർഗക്കാരിൽനിന്ന് ഇന്ത്യയിലെ ഗോത്രവർഗക്കാർ വ്യത്യസ്തരാണ്.

പട്ടികവർഗക്കാരുടെ പട്ടിക സംസ്ഥാനംതോറും വ്യത്യസ്തമാണ്. അതായത്, ഒരു സ്ഥാനത്ത് എസ്ടി ആയ സമുദായം മറ്റൊരു സംസ്ഥാനത്ത് അങ്ങനെ ആകണമെന്നില്ല. പ്രാദേശിക സാഹചര്യങ്ങൾ കണക്കിലെടുത്ത് സംസ്ഥാനങ്ങൾ വിജ്ഞാപനം ചെയ്യുന്ന പട്ടികയനുസരിച്ചാണിത്. സത്യത്തിൽ എസ്ടി പട്ടിക വിജ്ഞാപനം ചെയ്യൽ ഒരു നിരന്തര പ്രക്രിയയാണ്. 1965-ലെ ലോകുർ കമ്മിറ്റി[56] തയാറാക്കിയ താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പട്ടിക തയാറാക്കുന്നതിൽ പരിഗണിക്കുന്ന കാര്യങ്ങളാണ്:

- പ്രാചീനതയുടെ ലക്ഷണങ്ങൾ
- വ്യതിരിക്തമായ സംസ്കാരം
- മറ്റു സമൂഹങ്ങളുമായി ഇടപഴകാനുള്ള മടി/ലജ്ജ
- ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ
- പിന്നാക്കാവസ്ഥ

ഇപ്പോൾ രാജ്യത്ത് എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും കൂടി എസ്ടി ആയി വിജ്ഞാപനം ചെയ്തിട്ടുള്ള സമുദായങ്ങളുടെ എണ്ണം 705 ആണ്.[57] ഇവയെല്ലാം സംസ്ഥാന തലത്തിലായതിനാൽ സ്വന്തം സംസ്ഥാനത്തു മാത്രമേ ആനുകൂല്യങ്ങൾ കിട്ടുകയുള്ളൂ, മറ്റു സംസ്ഥാനങ്ങളിൽ കിട്ടില്ല[58].

എസ്ടി ജനസംഖ്യ സ്വാതന്ത്ര്യത്തിനു ശേഷം വർധിച്ചു.1951-ലെ സെൻസ

സിൽ ഇവർ 5.6 ശതമാനമായിരുന്നത് 2011-ൽ 8.6 ശതമാനമായി. 2011-ൽ ഇവരുടെ എണ്ണം 10,42,81,034 ആണ്. നാലു സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലും അവർ മഹാഭൂരിപക്ഷം വരുന്നു. മറ്റ് ഏഴു സംസ്ഥാനങ്ങളിൽ അവർ ജനസംഖ്യയുടെ 20 ശതമാനത്തിലധികമുണ്ട്. പട്ടിക 1 കാണുക:

**പട്ടിക 1-ഗണ്യമായ എസ്ടി ജനസംഖ്യ ഉള്ള സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും**

| സംസ്ഥാനം/യുടി | ജനസംഖ്യയിൽ എസ്ടി വിഭാഗത്തിന്റെ ശതമാനം |
|---|---|
| **സംസ്ഥാനങ്ങൾ** | |
| മിസോറം | 94.5 |
| നാഗാലാൻഡ് | 86.5 |
| മേഘാലയ | 86.1 |
| അരുണാചൽപ്രദേശ് | 68.8 |
| മണിപ്പൂർ | 40.9 |
| സിക്കിം | 33.8 |
| ത്രിപുര | 31.8 |
| ഛത്തീസ്ഗഡ് | 30.6 |
| ജാർഖണ്ഡ് | 26.2 |
| ഒഡീഷ | 22.8 |
| മധ്യപ്രദേശ് | 21.1 |
| **കേന്ദ്രഭരണ പ്രദേശങ്ങൾ** | |
| ലക്ഷദ്വീപ് | 94.8 |
| ദാദ്ര-നഗർ ഹവേലി | 52.00 |

*Source: Office of the Registrar General of India. Census 2011*

രാജ്യത്ത് നിരവധി സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും എസ്ടികൾക്ക് ഭരണത്തിൽ നിർണായക സ്വാധീനമുണ്ടെന്നാണ് ഇതിനർഥം.

പുരാതനകാലത്ത് എസ്ടികൾ പ്രധാനമായും മല-വന മേഖലകളിലും ചുറ്റുവട്ടത്തുമാണു താമസിച്ചിരുന്നതെങ്കിൽ, ആധുനികകാലത്ത് അവർ, 'സമതലങ്ങൾ മുതൽ വനങ്ങളും മലകളും ദുർഗമമേഖലകളും വരെയുള്ള വിവിധ തരം പരിസ്ഥിതികളിലും ഭൗമ-കാലാവസ്ഥാ സാഹചര്യങ്ങളിലുമാണ് താമസിക്കുന്നത്.'[59] ഗ്രാമീണവും നാഗരികവുമായ പശ്ചാത്തലങ്ങളിലെല്ലാം അവരെ കാണാം; 2011-ലെ സെൻസസ് അനുസരിച്ച് ഗ്രാമീണ ജനതയിൽ 8.13 ശതമാനവും നഗര ജനതയിൽ 2.8 ശതമാനവും അവരാണ്. എസ്ടി ജനസംഖ്യയിൽ

89.97 ശതമാനം ഗ്രാമമേഖലയിലും 10.03 ശതമാനം നഗരമേഖലയിലും പാർക്കുന്നു.[60] ഈ സമുദായങ്ങളിൽ നല്ലപങ്ക് മുഖ്യധാരാ ജീവിതത്തിന്റെ ഭാഗമായ ഭാഷയും മതവും വസ്ത്രധാരണവും മറ്റും സ്വീകരിച്ചു കഴിഞ്ഞു.[60]

## സുപ്രീം കോർട്ട് ഓഫ് ഇന്ത്യ

അന്യസമുദായക്കാരായ നാലു പേർ മഹാരാഷ്ട്രയിലെ ഭീൽ സമുദായത്തിൽ പെട്ട ഒരു സ്ത്രീയെ അടിച്ചും മർദിച്ചും നഗ്നയായി നടത്തിച്ചും പീഡിപ്പിച്ച കേസിൽ പട്ടികജാതി-പട്ടികവർഗ (ക്രൂരതകൾ തടയൽ) നിയമം 1989 അനുസരിച്ചു ശിക്ഷിക്കപ്പെട്ട കേസിൽ പ്രതികളുടെ ശിക്ഷ റദ്ദാക്കിയ ബോംബെ ഹൈക്കോടതിയുടെ ഔറംഗാബാദ് ബെഞ്ചിന്റെ വിധിക്കെതിരായ അപ്പീലിൽ, (പട്ടാപ്പകൽ ഗ്രാമീണ റോഡിൽ ഒരു ഗോത്രവർഗക്കാരിയെ നഗ്നയാക്കി നടത്തിയ നാണംകെട്ട നടപടിയിൽ ന്യായമായും ഞെട്ടലും പ്രകോപനവും ഉണ്ടായ) സുപ്രീം കോടതി ഒരു സിദ്ധാന്തം മുന്നോട്ടു വച്ചു: ഇന്ത്യ കുടിയേറ്റക്കാരുടെ ഒരു രാജ്യമാണ്; ജനങ്ങളിൽ 92 ശതമാനവും കുടിയേറ്റക്കാരാണ്; ദ്രാവിഡർക്കു മുൻപുണ്ടായിരുന്നവരാണ് (Pre-Dravidians) ഇന്ത്യയിലെ ആദിമനിവാസികൾ. ഈ സിദ്ധാന്തപ്രകാരം, "വടക്കേ അമേരിക്ക പോലെ ഇന്ത്യയും സാമാന്യേന കുടിയേറ്റക്കാരുടെ ഒരു രാജ്യമാണ്."

പട്ടികവർഗക്കാർ ദ്രാവിഡരേക്കാൾ മുമ്പേ വന്നവരാണെന്നു തെളിയിക്കാൻ കോടതി ഏറെ പണിപ്പെട്ടു. Castes and Tribes of Southern India (1909) രചയിതാവായ തഴ്സ്റ്റനെ അനുകൂലഭാവത്തോടെ കോടതി ഉദ്ധരിക്കുന്നു: 'ഇവിടത്തെ നിലവിലുള്ള ഏറ്റവും പ്രാചീനവർഗമായി കാണേണ്ടത് പിൽക്കാലത്തു വന്ന കൂടുതൽ സംസ്കാരസമ്പന്നരായ ദ്രാവിഡരെയല്ല, അവർക്കുമുമ്പേ ഉണ്ടായിരുന്ന ആദിമനിവാസികളെയാണ് (Pre-Dravidian aborigines)...... (The Madras Presidency, pp.124-5).'[62] ഓസ്ട്രിക് കുടുംബത്തിൽപ്പെട്ട മുണ്ട ഭാഷകൾ ഉത്തരേന്ത്യയിലുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ, '....ഇപ്പോൾ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ... ഓസ്ട്രിക് ഘടകമാണ് ഏറ്റവും പഴയതെന്നും പിൽക്കാലത്ത് ഒരുഭാഗത്ത് തുടർച്ചയായ ദ്രാവിഡരുടെയും ഇൻഡോ-യൂറോപ്യന്മാരുടെയും മറുവശത്ത് ടിബറ്റോ-ചൈനീസുകാരുടെയും തുടർച്ചയായ വേലിയേറ്റങ്ങളാൽ പരിവർത്തനം ചെയ്യപ്പെട്ടു' എന്ന നിഗമനത്തിലേക്കു കോടതി എത്തി.

ഒരു പ്രദേശത്ത് ആദ്യം പ്രവേശിച്ചവരൊഴികെ പിന്നീടു വന്നവരെല്ലാം, അവർ എന്നു വന്നതായാലും, കുടിയേറ്റക്കാരാണ് എന്ന വാദത്തിലാണ് ഈ സിദ്ധാന്തം ഉറപ്പിച്ചിരിക്കുന്നത്. സാമൂഹ്യ-സാമ്പത്തിക വികസനത്തിനുള്ള ആനുകൂല്യങ്ങളെല്ലാം, സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കമായവരും പിൽക്കാല കുടിയേറ്റക്കാരാൽ വികസനത്തിന്റെ പുരോഗതിയിൽനിന്നു പുറന്തള്ളപ്പെട്ടവരുമായ ഭീലുകൾക്കുകൂടി നൽകാനാണു കോടതി നിർദേശിച്ചത്. ഗോത്രവർഗ ജനതയോടു കാണിച്ച അനീതി രാജ്യചരിത്രത്തിലെ നാണംകെട്ട ഏടാണെന്നും ചരിത്രപരമായ ഈ അനീതി തിരുത്താനുള്ള സമയമായി എന്നും

ശക്തമായ വാക്കുകളിലാണു കോടതി പറഞ്ഞത്.[63]

2011-ലെ മുൻപറഞ്ഞ കേസിൽ, ഗോത്രവർഗജനതയാണ് ഇന്ത്യയിലെ മൂലവാസി അഥവാ ആദിമജനത എന്നതിൽ സുപ്രീംകോടതിക്കു സംശയമില്ലായിരുന്നെങ്കിലും അന്നത്തെ ചീഫ് ജസ്റ്റീസ് വൈ.കെ. സഭർവാളിന് ആ ഉറപ്പില്ലായിരുന്നു. 2006 ജൂൺ എട്ടിന് ടൊറേന്റോയിൽ നടന്ന ഇന്റർനാഷണൽ ലോ അസോസിയേഷന്റെ (ഐഎൽഎ) 72-ാമത് ദ്വൈവാർഷിക കോൺഫറൻസിൽ അദ്ദേഹം പറഞ്ഞത്, 'മൂലനിവാസി' എന്ന പദം ഇന്ത്യയിൽ ഇപ്പോഴും ചർച്ചയിലാണെന്നും ചില വിഭാഗങ്ങളെ 'മൂലനിവാസികൾ' ആയി അംഗീകരിക്കുന്നതിൽ പല തടസങ്ങൾ ഉണ്ടെന്നും 'മൂലനിവാസി' എന്ന പ്രയോഗംതന്നെ അസ്ഥാനത്താണെന്നും ആണ്.[64] സമ്മേളനത്തിലെ ചർച്ചാവിഷയമായ 'മൂലനിവാസികളുടെ അവകാശങ്ങൾ' പരാമർശിച്ച് മൂലനിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലെ ഇന്ത്യൻ നടപടികൾ മറ്റിടങ്ങളിലും പരീക്ഷിച്ചുനോക്കാവുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ പോലുള്ള രാജ്യങ്ങളിലെ നിലവിലുള്ള നിയമ ചട്ടക്കൂട് മാതൃകയായി പഠിക്കുമ്പോഴേ മൂലനിവാസികളെ സംബന്ധിച്ച അന്താരാഷ്ട്ര നിയമം അർഥപൂർണമായി രൂപപ്പെടുത്താനാകൂ എന്നും അദ്ദേഹം പറഞ്ഞു.[65]

## ആഭ്യന്തര ചർച്ചകൾ

ഐക്യരാഷ്ട്രസഭയിൽ 'മൂലനിവാസി'യുടെ നാമകരണം സംബന്ധിച്ച് ഇന്ത്യ സൂക്ഷ്മതരമായ നിലപാട് എടുക്കുമ്പോഴും സമീപകാലത്ത് ഔദ്യോഗികരേഖകളിൽ 'മൂല' എന്ന പദം കൂടുതലായി ഉപയോഗിക്കുന്ന പ്രവണത കാണുന്നുണ്ട്. 'പട്ടികജാതി-പട്ടികവർഗ കമ്മീഷൻ, അതിന്റെ 1961-ലെ റിപ്പോർട്ടിൽ പറയുന്നത് പട്ടികവർഗക്കാർ അന്താരാഷ്ട്ര നിയമത്തിൽ മൂലനിവാസികൾ എന്നാണറിയപ്പെടുന്നത്[66] എന്നത്രെ.

2012 ഓഗസ്റ്റ് ഒൻപതിന് ഇന്റർനാഷണൽ ഇൻഡിജെനസ് പീപ്പിൾസ് ഡേ പ്രമാണിച്ച് അന്നത്തെ സ്പീക്കർ മിസ് മീരാകുമാർ ലോക്സഭയിൽ പറഞ്ഞത് 'മൂലനിവാസികൾ' രാജ്യത്തു ഗോത്രവർഗക്കാർ എന്നാണറിയപ്പെടുന്നത് (ഫൈസി ആൻഡ് നായർ: 2017) എന്നാണ്. 'ത്രിപുര സംസ്ഥാനത്തെ മൂലനിവാസികളുടെ സാമൂഹ്യ,സാമ്പത്തിക,സാംസ്കാരിക,ഭാഷാപര പ്രശ്നങ്ങൾ' പരിശോധിക്കാൻ ഉന്നതതല കമ്മിറ്റിയെ നിയോഗിച്ച 2018 സെപ്റ്റംബർ 27ലെ ഉത്തരവിൽ ആഭ്യന്തര മന്ത്രാലയം ഇതേ പദം ഉപയോഗിച്ചു.[67] ഇക്കാര്യത്തിൽ സ്വാതന്ത്ര്യത്തിനു മുൻപ് ത്രിപുരയിൽ ഉണ്ടായിരുന്ന ജനങ്ങളെയും വിഭജനസമയത്ത് ഇന്നത്തെ ബംഗ്ലാദേശിൽനിന്നു കുടിയേറിയവരെയും തിരിച്ചു കാണിക്കേണ്ട ആവശ്യമുണ്ടായിരുന്നു.

2011-ലെ സിറ്റിസൺഷിപ് (ഭേദഗതി) ബില്ലിന്റെ ലക്ഷ്യങ്ങളും കാരണങ്ങളും സംബന്ധിച്ച പ്രസ്താവനയിൽ 'മൂലനിവാസി' പദം ഉപയോഗിച്ചിരിക്കുന്ന സാഹചര്യം ഇതാണ്: 'ഭരണഘടനയുടെ ആറാം പട്ടികയിൽ പെടുത്തി വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ മൂലനിവാസികൾക്കു നൽകിയിരിക്കുന്ന ഭരണഘ

ടനാപരമായ ഉറപ്പുകളും 1873ലെ ബംഗാൾ ഈസ്റ്റേൺ ഫ്രൊണ്ടിയർ റെഗുലേഷൻസിനു കീഴിലുള്ള 'ഇന്നർലൈൻ' സംവിധാനത്തിൽ വരുന്ന പ്രദേശങ്ങൾക്കു നൽകിയിട്ടുള്ള സ്റ്റാച്യൂട്ടറി സംരക്ഷണവും നിലനിർത്താനും ബിൽ ലക്ഷ്യമിടുന്നു.' എന്നാൽ ബില്ലിന്റെ സക്രിയ ഭാഗത്തോ നിയമത്തിന്റെ പാഠത്തിലോ അങ്ങനെയൊരു പരാമർശമില്ല. ആസാം, മേഘാലയ, ത്രിപുര, മിസോറം സംസ്ഥാനങ്ങളിലെ ഗോത്രവർഗ മേഖലകളുടെ ഭരണം സംബന്ധിച്ച വ്യവസ്ഥകളാണ് ഭരണഘടനയുടെ ആറാം പട്ടികയിലുള്ളത്. അതിൽ 'മൂലനിവാസി' എന്ന പദം ഉപയോഗിച്ചിട്ടില്ല.

എന്നാൽ, മറ്റൊരു നിയമത്തിലും മൂലനിവാസി എന്ന പ്രയോഗം ഇല്ല. വനവാസികളുടെ അവകാശങ്ങൾ സംബന്ധിച്ച ദീർഘകാല അരക്ഷിതാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്ന പ്രധാന നടപടിയായ 2006-ലെ ദ ഷെഡ്യൂൾഡ് ട്രൈബ്സ് ആൻഡ് അദർ ട്രഡീഷണൽ ഫോറസ്റ്റ് ഡ്വെല്ലേഴ്സ് (വനാവകാശങ്ങളുടെ അംഗീകാരം) നിയമം, (വനാവകാശ നിയമം) ഒരിടത്തും പട്ടികവർഗക്കാരെ 'മൂലനിവാസി' എന്നു വിശേഷിപ്പിച്ചിട്ടില്ല. വനവാസികളായ പട്ടികവർഗക്കാർ എന്നൊരു വിഭാഗത്തെ ഇതിൽ ഇങ്ങനെ നിർവചിച്ചിട്ടുണ്ട്: 'ഉപജീവനത്തിനായി വനത്തെയും വനഭൂമിയെയും ആശ്രയിക്കുകയും സാധാരണയായി വനത്തിൽ വസിക്കുകയും ചെയ്യുന്ന പട്ടികവർഗസമൂഹങ്ങളിലെയും പട്ടികവർഗ ഇടയസമൂഹങ്ങളിലെയും അംഗങ്ങൾ.'[69]

ഗോത്രവർഗമെന്നും അല്ലാത്തതെന്നുമുള്ള വിഭജനം സമീപകാലത്തേതാണെന്നാണ് ആന്ത്രപ്പോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ മുൻ ഡയറക്ടർ ജനറലും പീപ്പിൾ ഓഫ് ഇന്ത്യ പ്രോജക്ടിന്റെ മേധാവിയുമായിരുന്ന കെ.എസ്. സിംഗ് അഭിപ്രായപ്പെടുന്നത്. 1996-ലെ ഒരു അഭിമുഖത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'ഗോത്രവർഗക്കാരുടെ സഞ്ചാരങ്ങൾ, ആചാരനിയമങ്ങൾ, ഗോത്രവർഗ സമ്പദ്ഘടന തുടങ്ങിയവയെപ്പറ്റി അഖിലേന്ത്യാ സർവേകൾ ഞാൻ നയിച്ചിട്ടുണ്ട്. ഗോത്രവർഗമെന്നും അല്ലാത്തതെന്നുമുള്ള വിഭജനം സമീപകാലത്തേതും പ്രാഥമികമായി അക്കാദമികവും ആണെന്ന് അവയിൽനിന്നു വ്യക്തമാണ്. ഗോത്രവർഗക്കാരും അല്ലാത്തവരും പരസ്പരം വേർതിരിക്കാനാവാത്തവിധം ഗാഢമായി ബന്ധപ്പെട്ടു കഴിയുന്നവരാണ്.'[70] അതേസമയം, രണ്ടു നൂറ്റാണ്ടിലേറെക്കാലമായി ഉപയോഗിച്ചുപോരുന്ന 'ഗോത്രവർഗ' എന്ന സംജ്ഞ ഉപേക്ഷിക്കുക സാധ്യമല്ലെന്നും അദ്ദേഹം സമ്മതിക്കുന്നു.

## പട്ടികവർഗക്കാരുടെ ഇപ്പോഴത്തെ ഭരണപരമായ നില

പട്ടികവർഗക്കാർക്കായി ഭരണഘടനയിൽ വിശദമായ വ്യവസ്ഥകളുണ്ട്.[71] പാർലമെന്റിലും നിയമസഭകളിലും ഗവണ്മെന്റ് ജോലികളിലും പട്ടികവർഗക്കാർക്കു മതിയായ പ്രാതിനിധ്യം ഉറപ്പാക്കാൻ ഇവ സഹായിക്കുന്നു. ഇവയും ഭരണഘടനയുടെ അഞ്ചും ആറും പട്ടികകളും പട്ടികവർഗ സമുദായങ്ങൾക്ക് തങ്ങളുടെ വ്യതിരിക്ത സംസ്കാരം നിലനിർത്താനും ആറാം പട്ടിക[72]യിൽ പറയുന്ന ഓട്ടോണമസ് ഡിസ്ട്രിക്ടുകളും റീജണൽ കൗൺസിലുകളും അഞ്ചാം പട്ടിക[73]യി

ലെ ട്രൈബൽ അഡ്വൈസറി കൺസിലുകളും വഴി തങ്ങളുടെ പ്രദേശത്ത് സ്വയംഭരണം ഉറപ്പാക്കാനും കഴിയുന്നു. ഈ കൗൺസിലുകൾക്ക് നിയമനിർമാണം, ഭരണനിർവഹണം, നീതിനിർവഹണം തുടങ്ങിയവയിൽ വിപുലമായ അധികാരങ്ങളുണ്ട്. അഞ്ചാം പട്ടിക ആസാം, മേഘാലയ, ത്രിപുര, മിസോറം സംസ്ഥാനങ്ങൾ ഒഴികെയുള്ള സംസ്ഥാനങ്ങളിലെ പട്ടികപ്രദേശങ്ങളുടെയും പട്ടികവർഗ വിഭാഗങ്ങളുടെയും ആറാം പട്ടിക മുൻപറഞ്ഞ നാലു സംസ്ഥാനങ്ങളിലെയും ഗോത്രവർഗപ്രദേശങ്ങളുടെയും ഭരണകാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നു. പട്ടികവർഗ സമുദായങ്ങളുടെ ശക്തീകരണദിശയിലെ സുപ്രധാന കാൽവയ്പായി വനാവകാശ നിയമനിർമാണത്തെ[74] ഭൂരിപക്ഷം ജനങ്ങളും പ്രകീർത്തിച്ചിരുന്നു. അവകാശങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും തലമുറകളായി വനങ്ങളിൽ താമസിച്ചിരുന്ന വനവാസികളായ പട്ടികവർഗക്കാർക്കും മറ്റു വനവാസികൾക്കും വനാവകാശങ്ങളും വനഭൂമിയുടെ കൈവശാവകാശവും ഉറപ്പാക്കുന്നതാണ് ഈ നിയമം. ഇങ്ങനെ  വനാവകാശങ്ങളും വനഭൂമിയുടെ അവകാശങ്ങളും നിക്ഷിപ്തമാക്കലിനുള്ള രൂപരേഖയും അതിനുവേണ്ട തെളിവുകളുടെ സ്വഭാവവും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. നിയമത്തിന്റെ ആമുഖത്തിൽ ഇങ്ങനെ സാർഥകമായ ഒരു പ്രസ്താവനയും നടത്തിയിരിക്കുന്നു:

> *'കോളോണിയൽ കാലഘട്ടത്തിലും സ്വതന്ത്ര ഇന്ത്യയിലും സർക്കാർ വനങ്ങൾ സമാഹരിച്ചപ്പോൾ, വനവാസികളായ പട്ടികവർഗക്കാരുടെയും മറ്റു പരമ്പരാഗത വനവാസികളുടെയും, പരമ്പരാഗത ഭൂമികളിലെയും പാർപ്പിടസ്ഥാനങ്ങളിലെയും വനാവകാശങ്ങൾ അംഗീകരിക്കപ്പെടാതെപോയി. വനപരിസ്ഥിതിയുടെ നിലനിൽപിനും സുസ്ഥിരതയ്ക്കും അനിവാര്യഘടകമായ അവരോട് കാണിച്ച ചരിത്രപരമായ അനീതിയായി അത്.'*[75]

1976-ലെ ഷെഡ്യൂൾഡ് ട്രൈബ്സ് ബോണ്ടഡ് ലേബർ അബോളിഷൻ ആക്ടും 1989-ലെ ദ ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ടും പോലെ മുൻകാല നിയമങ്ങളുമുണ്ട്. പുതിയ നിയമം ജൈവവൈവിധ്യവും സുസ്ഥിരവികസനവും സംബന്ധിച്ച ഇന്ത്യയുടെ പ്രതിബദ്ധതയുടെ പൊതുതാൽപര്യത്തിന് അനുയോജ്യമാണ്. വനങ്ങളെ ആശ്രയിച്ചു കഴിയുന്ന ഗോത്രവർഗക്കാർക്കു ജൈവവൈവിധ്യം സംരക്ഷിക്കുന്നതിലും വനവിഭവ ശേഖരണത്തിൽ സുസ്ഥിര രീതികൾ ഉറപ്പാക്കുന്നതിലും ക്രിയാത്മക താൽപര്യമുണ്ട്.

പട്ടികവർഗ വിഭാഗങ്ങളുടെ സമഗ്രമായ സാമൂഹ്യ-സാമ്പത്തിക വികസനത്തിനു കൂടുതൽ ശ്രദ്ധ പതിപ്പിക്കാനായി 1999-ൽ പ്രത്യേക ഗോത്രവർഗ മന്ത്രാലയം രൂപവൽക്കരിച്ചു. ഭരണഘടനയുടെ അനുഛേദം 338എ പ്രകാരം ഇന്ത്യാ ഗവൺമെന്റ് ഒരു നാഷണൽ കമ്മീഷൻ ഫോർ ഷെഡ്യൂൾഡ് ട്രൈബ്സ് രൂപവൽക്കരിച്ചു. ഭരണഘടനപ്രകാരമോ മറ്റേതെങ്കിലും നിയമപ്രകാരമോ പട്ടികവർഗങ്ങൾക്കുള്ള ഏതെങ്കിലും സംരക്ഷണങ്ങളെ ബാധിക്കുന്ന ഏതു കാര്യവും അന്വേഷിക്കാനും നിരീക്ഷിക്കാനും കമ്മീഷന് അധികാരമുണ്ട്. ആദ്യകമ്മീഷൻ 2004 മാർച്ചിൽ രൂപവൽക്കരിക്കപ്പെട്ടു.

## ഏതാണ് ഉചിതപദം: മൂലനിവാസി, ആദിവാസി, ഗോത്രവർഗ?

അന്താരാഷ്ട്ര സംവാദങ്ങളിൽ മൂലനിവാസികൾ എന്നതാണ് ഇപ്പോൾ പ്രചാരത്തിലുള്ളതെങ്കിലും അക്കാദമികരചനകളിലും ഔദ്യോഗിക രേഖകളിലും ആദിമമനുഷ്യർ, ആദിമജനത, ആദിവാസികൾ, മൂലനിവാസികൾ, തദ്ദേശീയ ജനങ്ങൾ എന്നതൊക്കെ ഉപയോഗത്തിലുണ്ട്. യുഎൻ (യുണൈറ്റഡ് നേഷൻസ്) അതുപയോഗിക്കുന്നുണ്ടെങ്കിലും 'മൂലനിവാസി'ക്ക് സാർവത്രിക സ്വീകാര്യത ലഭിപ്പിച്ചിട്ടില്ല. 2017-ലെ ഒരു പ്രബന്ധം പറയുന്നത്, കൂടുതൽ ഗോത്രവർഗസമൂഹങ്ങളും മൂലനിവാസി, ആദിവാസികൾ എന്നിവയേക്കാൾ ഇഷ്ടപ്പെടുന്നത് 'ആദിമജനത' എന്നതിനെയാണെന്നാണ്.[76] ഓസ്ട്രേലിയ, കാനഡ, യുഎസ്എ തുടങ്ങിയ രാജ്യങ്ങളിൽ അതിനു കൂടുതൽ സ്വീകാര്യത ലഭിച്ചിട്ടുണ്ട്.

എന്നാൽ അന്താരാഷ്ട്ര-സമഗ്ര-സാർവലൗകിക മാനത്തിൽ ഉപയോഗിക്കുമ്പോൾ മറ്റു പദങ്ങളോടൊപ്പം 'ആദിമജനത' എന്ന പദവും ഗോത്രവർഗങ്ങൾക്ക് അപമാനകരമാകുമെന്ന് ചിലർ കരുതുന്നു.[77] മൗലികമായി വ്യത്യസ്തമായ വിഭാഗങ്ങളെ 'മൂലനിവാസി' എന്നു നിർവചിച്ചപ്പോൾ കോളോണിയൽ നരവംശശാസ്ത്രജ്ഞർ ചെയ്തതുപോലെതന്നെ വ്യത്യസ്ത സമൂഹങ്ങളെ ഈ പദം കൃത്രിമമായി ഏകീകരിക്കുന്നതായി അവർ കരുതുന്നു. ആദ്യകാല സാമ്രാജ്യത്വ നരവംശശാസ്ത്രജ്ഞർ കോളോണിയൽ കുടിയേറ്റക്കാർ അല്ലാത്തവരെയെല്ലാം 'അന്യർ' ആക്കിയിട്ട് 'മൂലനിവാസി' എന്ന പേരിൽ ഏകീകരിച്ചു. മിക്ക പണ്ഡിതരും വാദിക്കുന്നത് ഇങ്ങനെയാണ്: 'ലോകത്തിലെ ഗോത്രവർഗവിഭാഗങ്ങളെ വിളിക്കാനായി ഉപയോഗിക്കുന്ന സാമൂഹികനാമങ്ങൾ മിക്കപ്പോഴും പ്രശ്നകാരികളാണ്. പലതും പ്രാരംഭത്തിൽ അപമാനകരവും ചരിത്രപരമായി കൃത്യതയില്ലാത്തതും, പാശ്ചാത്യർക്കാണ് അറിവിന്റെ അധീശത്വം എന്ന സങ്കൽപത്തിൽ 'പ്രാകൃത' ജനത എന്ന തരംതാഴ്ത്തുന്ന ധാരണ കലർന്ന് മലീമസവുമാണ്' (Peters and Mika: 2017). എങ്കിലും പലരും ഇപ്പോഴും 'മൂലനിവാസി' എന്ന പദമാണ് ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നത്.

കോപ്പൻഹേഗൻ ആസ്ഥാനമായി, മൂലനിവാസികളുടെ അവകാശങ്ങൾ പ്രോത്സാഹിപ്പിക്കാനും സംരക്ഷിക്കാനും പ്രതിരോധിക്കാനും പ്രവർത്തിക്കുന്ന ആഗോള മനുഷ്യാവകാശ സംഘടനയായ 'ദ ഇന്റർനാഷണൽ വർക്ക് ഗ്രൂപ്പ് ഫോർ ഇൻഡിജെനസ് അഫയേഴ്സ് (IWGIA), അന്താരാഷ്ട്ര തൊഴിൽസംഘടന (ILO) തുടങ്ങിയവയൊക്കെ ഈ പദം ഉപയോഗിക്കുന്നു. ചില പണ്ഡിതർ 'മൂല-വംശീയ നിവാസികൾ'[78] എന്ന് ഉപയോഗിക്കുന്നു. അമേരിക്കയിലെ ആദിമനിവാസികളുടെ കാഴ്ചപ്പാടിൽ, യുഎസ് ചരിത്രം എഴുതിയ റോക്സാൻ ഡൻബാർ-ഓർടിസ് അതിനു പേരിട്ടത് "An Indigenous People's History of the United States" (2014) എന്നാണ്. മൂല, ഇന്ത്യൻ, തദ്ദേശീയ തുടങ്ങിയ വാക്കുകൾ അവർ പരസ്പരം മാറിമാറി ഉപയോഗിക്കുകയാണു ചെയ്തത്. 'ഇന്ത്യൻ' എന്നത് ഒരു അബദ്ധപ്പേര് ആണെങ്കിലും വടക്കേ അമേരിക്കയിലെ 'മുഴുവൻ മൂലനിവാസികളും അതിനെ അപമാനകരമായി കാണുന്നില്ല' എന്നാണ് ഗ്രന്ഥകാരി പറയുന്നത്.[79] 'മൂല' എന്ന പദം ഇൻഡിജെനസ് പീപ്പിൾസ് ഫോറം ഒറീസ (ഐപി

എഫ്ഒ), ജാർഖണ്ഡ് ഇൻഡിജെനസ് ആൻഡ് ട്രൈബൽ പീപ്പിൾസ് ഫോർ ആക്ഷൻ (ജെഐടിപിഎ), സോ (ZO) ഇൻഡിജെനസ് ഫോറം (സെഡ്ഐഎഫ്), മിസോറം തുടങ്ങി ഇന്ത്യയിലെ നിരവധി പൗരസംഘടനകൾ ഉപയോഗിക്കുന്നുണ്ട്. പീറ്റേഴ്സും മിക്കായും ചൂണ്ടിക്കാട്ടിയതുപോലെ, 'മൂലനിവാസി', 'ആദിമനിവാസി' തുടങ്ങിയവയോടും സമാന അർഥമുള്ള വാക്കുകളോടും അങ്ങനെ വിളിക്കപ്പെടുന്ന ജനങ്ങൾക്ക് എതിർപ്പുണ്ട്. കാരണം, 'കോളോണിയൽ കുടിയേറ്റക്കാർ അല്ലാത്ത എല്ലാവരെയും അന്യരും തങ്ങൾക്കെതിരായവരും ആക്കിയ ആദ്യകാല സാമ്രാജ്യത്വ നരവംശശാസ്ത്രത്തെപ്പോലെ ജനങ്ങളെ (ഒറ്റവാക്കിൽ) ഏകീകരിക്കുന്ന ഫലമാണ്' (Peters and Mika: 2017) ആ വാക്കുകൾക്കുള്ളത്.

ഇന്ത്യയിൽ ഗോത്രവർഗം, ആദിവാസി, വനവാസി തുടങ്ങിയവ മിക്കപ്പോഴും പരസ്പരം മാറിമാറി ഉപയോഗിക്കുന്നുണ്ട്. 'ഇന്ത്യയിലെ നിരവധി മൂലനിവാസികളെ പൊതുവായി' വിശേഷിപ്പിക്കുന്നതാണ് 'ആദിവാസി' എന്ന് മൈനോറിറ്റി റൈറ്റ്സ് ഇന്റർനാഷണൽ പറയുന്നു. ആരംഭത്തിലേ എന്നർഥമുള്ള 'ആദി', താമസക്കാരൻ എന്നർഥമുള്ള 'വാസി' എന്നീ ഹിന്ദിവാക്കുകൾ കൂടിച്ചേർന്നതാണ് ആദിവാസി എന്നും അവർ വിശദീകരിക്കുന്നു. 'ഇന്ത്യയിലെ വ്യത്യസ്ത മൂലനിവാസി വിഭാഗങ്ങൾക്കിടയിൽ സ്വത്വബോധം വളർത്താനുള്ള രാഷ്ട്രീയപ്രസ്ഥാനത്തിന്റെ ഫലമായി 1930കളിൽ രൂപംകൊണ്ടതാണ് ഈ പദം.'[80] അവർ സാജാത്യമുള്ള വിഭാഗമല്ല; 'അവരുടെ ചരിത്രത്തെപ്പറ്റി കാര്യമായ ഒന്നും അറിവുമില്ല' എന്നു പ്രസ്തുത ലേഖനം പറയുന്നു. 1938 മേയിൽ ആദിവാസി മഹാസഭ രൂപംകൊണ്ട ശേഷമാണ് ഈ പദം ജനകീയമായത്. അന്നു ബിഹാറിന്റെ ഭാഗമായിരുന്ന ഛോട്ടാനാഗപുരും സന്താൾ പർഗാനയും പ്രത്യേക പ്രവിശ്യയാക്കണമെന്ന ലക്ഷ്യത്തോടെയാണ് ശ്രീ. ജയ്പാൽ സിംഗ് പ്രസിഡന്റായ ഇതാരംഭിച്ചത്.[81] 'ഒരു രാഷ്ട്രീയസാഹചര്യത്തിൽ 1938ലാണ്'[82] രാഷ്ട്രീയമായിശക്തി പ്രദർശിപ്പിക്കുന്ന 'ആദിവാസി' എന്ന പദം ആദ്യമായി ഉപയോഗിച്ചത് എന്ന് ദാസ്ഗുപ്തയും സംഗീത(2018)യും പറയുന്നു.

ഗോത്രവർഗക്കാർ എന്നതിനു പകരം ആദിവാസികൾ എന്ന പദമാണ് അംബേദ്കർ ഉപയോഗിക്കാൻ ഇഷ്ടപ്പെട്ടത്. ലാഹോറിൽ നടന്ന ജാട്-പാട്-തോഡക്-മണ്ഡലിന്റെ വാർഷികസമ്മേളനത്തിൽ നടത്താനായി തയാറാക്കിയ (ഈ പ്രസംഗം നടത്താനായില്ല) പ്രസംഗത്തിന്റെ പുസ്തകരൂപമായ ജാതിയുടെ ഉന്മൂലന (Annihilation of Caste 1936) ത്തിൽ അംബേദ്കർ പറയുന്നു: 'ആയിരക്കണക്കിനു വർഷങ്ങളുടെ നാഗരികതയെപ്പറ്റി ഊറ്റംകൊള്ളുന്നവരുടെ നാട്ടിൽ ഈ ആദിവാസികൾ  അപരിഷ്കൃതരായി പ്രാകൃതാവസ്ഥയിൽ കഴിയേണ്ടിവന്നു.[83] ഗോത്രവർഗക്കാരെപ്പറ്റിയും അദ്ദേഹത്തിനു വലിയ മതിപ്പില്ലായിരുന്നു. 1945 മേയ് ആറിന് ബോംബെയിൽ നടന്ന ഓൾ ഇന്ത്യ ഷെഡ്യൂൾഡ് കാസ്റ്റ്സ്  ഫെഡറേഷന്റെ സമ്മേളനത്തിൽ അദ്ദേഹം ഇങ്ങനെ പ്രസംഗിച്ചു: 'തങ്ങളുടെ രാഷ്ട്രീയ അവസരങ്ങൾ ഏറ്റവും മികച്ച രീതിയിൽ ഉപയോഗിക്കാനുള്ള എന്തെങ്കിലും രാഷ്ട്രീയബോധം ആദിവാസി ഗോത്രവർഗങ്ങൾ ഇനിയും വികസിപ്പിച്ചിട്ടില്ല.

ഇങ്ങനെപോയാൽ അവർ ഭൂരിപക്ഷത്തിന്റെയോ ന്യൂനപക്ഷത്തിന്റെയോ കൈയിലെ ഉപകരണമായി മാറുകയും തങ്ങൾക്കു യാതൊരു ഗുണവും ചെയ്യാത്ത വിധം രാഷ്ട്രീയസന്തുലനം തകർക്കുകയും ചെയ്യും.'[84] ഇതു ജയ്പാൽ സിംഗ് 1946 ഡിസംബർ 19-നു ഭരണഘടനാ നിർമാണസഭയിൽ വാദിച്ചതിനു വിരുദ്ധമാണ്. മൂലനിവാസികൾ മറ്റേതൊരു ഇന്ത്യക്കാരെയുംപോലെ പരിഗണിക്കപ്പെടണമെന്നാണ് ആവശ്യപ്പെടുന്നതെന്നും പ്രത്യേക പരിരക്ഷയൊന്നും വേണ്ടെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഉയർന്ന രാഷ്ട്രീയബോധമാണ് ഈ നിലപാടിൽ കാണാവുന്നത്.[85] പട്ടികവർഗ(എസ്ടി)ക്കാരിൽനിന്നു വ്യത്യസ്തമായി അസ്പൃശ്യരായി മുദ്രകുത്തപ്പെട്ടിരുന്ന പട്ടികജാതി(എസ്സി)ക്കാരെപ്പറ്റിയുള്ള ആശങ്കളാണ് അംബേദ്കറുടെ കാഴ്ചപ്പാടിനെ സ്വാധീനിച്ചിരിക്കാവുന്നത്. അക്കാലത്ത് അസ്പൃശ്യതയ്ക്കെതിരേ ഇന്ത്യയിലുടനീളം പ്രക്ഷോഭങ്ങൾ നടന്നുവരികയായിരുന്നു. എസ്സികളുടേതിൽനിന്നു വ്യത്യസ്തമായ സമീപനമാണ് എസ്ടികളുടെ കാര്യത്തിൽ വേണ്ടതെന്ന് അദ്ദേഹം മുൻപും ഭരണഘടനാ അസംബ്ലിയിൽ വാദിച്ചിരുന്നു. ഇവിടെ പ്രസക്തമായ കാര്യം, അദ്ദേഹം ആദിവാസി എന്ന വാക്ക് ഉപയോഗിച്ചിരുന്നില്ല എന്നതാണ്.

എസ്ടി പട്ടികയിൽ പെട്ടതായാലും അല്ലെങ്കിലും ഇന്ത്യയിലെ മുഴുവൻ ഗോത്രവർഗക്കാരെയും സൂചിപ്പിക്കാൻ പൊതുജന സംസാരത്തിലും മാധ്യമറിപ്പോർട്ടുകളിലും ആദിവാസി എന്ന പദമാണ് ഉപയോഗിക്കുന്നത്. ആദിവാസി എന്നത് ഒരൊറ്റ സമൂഹത്തിലെ ആൾക്കാരല്ല. നഗരങ്ങളടക്കം, വിവിധ സംസ്ഥാനങ്ങളിലും പ്രദേശങ്ങളിലും താമസിക്കുന്ന, വ്യത്യസ്ത മതങ്ങളിലുള്ള, വ്യത്യസ്ത ഭാഷാ കുടുംബങ്ങളിൽ പെട്ട വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന, വ്യത്യസ്ത സംസ്കാരവും സാമൂഹ്യ ആചാരങ്ങളും ഉള്ള ജനവിഭാഗമാണ്. എന്നാൽ, സംസ്കൃതത്തിൽ ആദ്യത്തെ താമസക്കാർ (ആദി=ആദ്യത്തെ, വാസി=താമസക്കാർ) എന്നർഥമുള്ള ആദിവാസി പദം ഉപയോഗിക്കുന്ന കാര്യത്തിൽ അക്കാദമിക സമൂഹത്തിലും പൗരസംഘടനകൾക്കിടയിലും സമവായമുണ്ടായിട്ടില്ല. ഘുര്യ ഈ പദത്തോടു താൽപര്യം കാണിച്ചില്ല. പകരം 'ആദിമജനങ്ങൾ എന്നു പറയുന്ന' എന്ന് ഉപയോഗിക്കുകയാണു ചെയ്തത് (Xaxa: 1999) 2016ലെ ഒരു പ്രബന്ധത്തിന്റെ അടിക്കുറിപ്പിൽ പ്രഥമ ബാനർജി താൻ രണ്ടു പദവും ഉപയോഗിക്കുന്നതായി പറഞ്ഞു. കാരണം വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലെ മൂലനിവാസി സമൂഹങ്ങൾ തങ്ങളെ ഗോത്രവർഗക്കാർ എന്നു വിളിക്കാനാണ് ഇഷ്ടപ്പെടുന്നത്. അവർ മധ്യേന്ത്യയിൽനിന്നു വന്ന കുടിയേറ്റക്കാരെയാണ് ആദിവാസി എന്നു വിളിക്കുന്നത്.[86] ('കുറഞ്ഞത് ആയിരം വർഷം മുമ്പ് രചിക്കപ്പെട്ട രാഷ്ട്രതന്ത്ര ഗ്രന്ഥമായ'[87]) അർഥശാസ്ത്രത്തിൽ കൗടില്യൻ ഗോത്രങ്ങളെയും ഗോത്രവർഗജനങ്ങളെയും പരാമർശിക്കുന്നുണ്ട്. അതിർത്തികളിലെ ഗോത്രങ്ങൾ (സീമാന്ത് ജാതി) ('രാജാവിന്റെ സമ്പൂർണ നിയന്ത്രണത്തിലല്ലാത്ത ഗോത്രങ്ങൾ താമസിക്കുന്ന വനങ്ങളും മലകളുമാണ് അതിർത്തിമേഖലകൾ'[88]), സ്വതന്ത്ര ഗോത്രങ്ങൾ ('രാജാക്കന്മാരെപ്പോലെ പെരുമാറാനും രാജ്യങ്ങൾ പിടിച്ചടക്കാനും നശിപ്പിക്കാനുംതക്ക കഴിവുകളോടുകൂടിയ, കീഴടങ്ങാത്ത ധീരരും പകൽ പൊരുതുന്നവരു

മായ എണ്ണമറ്റ വന്യഗോത്രങ്ങൾ തങ്ങളുടെ പ്രദേശങ്ങളിൽ വസിക്കുന്നു'[89]) എന്നൊക്കെ പറയുന്നുണ്ടെങ്കിലും ആദിവാസി എന്നു പറയുന്നില്ല.

മുഖ്യമായും കാടും മലയും ആയിരുന്നെങ്കിലും മധ്യേന്ത്യയിൽ 14-18 ശതകങ്ങൾക്കിടയിൽ ഗോണ്ടുകൾ ഉണ്ടാക്കിയതുപോലെ പല ഗോത്രവർഗങ്ങളും സ്വന്തം രാജ്യം ഉണ്ടാക്കിയിരുന്നു. മധ്യപ്രദേശ്, ഛത്തീസ്ഗഡ്, മഹാരാഷ്ട്രയിലെ വിദർഭ എന്നിവിടങ്ങളിലായി കിടക്കുന്ന മധ്യേന്ത്യയുടെ മലയോരമേഖല മുഴുവൻ നാലു നൂറ്റാണ്ടോളം ഭരിച്ചത് ഗോണ്ടുകളാണ്. വിവാഹബന്ധമടക്കം അക്കാലത്തെ ഹിന്ദു,  മുസ്ലിം രാജകുടുംബങ്ങളുമായും അന്നത്തെ അധീശസംസ്കാരവുമായും പലതരം കൊടുക്കൽ-വാങ്ങലുകൾ അവർക്കുണ്ടായിരുന്നു. മധ്യേന്ത്യയിലെ വിവിധ ഗോണ്ട് രാജവംശങ്ങളിലെ പ്രശസ്തരായ പല രാജാക്കന്മാരെയുംപറ്റി കോറേറ്റി(2016) പറയുന്നുണ്ട്. മധ്യപ്രദേശ്, ഛത്തീസ്ഗഡ്, മഹാരാഷ്ട്ര, തെലങ്കാന, ആന്ധ്രപ്രദേശ്, ഒഢീഷ എന്നീ ആറു സംസ്ഥാനങ്ങളിൽ സംസാരിക്കപ്പെടുന്നതും ഇൻഡോ-ദ്രവീഡിയൻ കുടുംബത്തിൽ പെട്ടതുമായ ഗോണ്ടിയാണ് അവരുടെ മാതൃഭാഷ.[90] മഹാഭാരതത്തിൽ പരാമർശിക്കപ്പെടുന്ന കംബോജ പോലുള്ള ഗോത്രരാജ്യങ്ങൾ പൗരാണികകാലത്തുണ്ടായിരുന്നു. അസമിലെ അഹോം രാജവംശം (1228-1838) മറ്റൊരു ഉദാഹരണമാണ്.[91] ഗോണ്ടുകളെയും അഹോമുകളെയും പോലെയല്ലെങ്കിലും കേരളത്തിലെ വനങ്ങളിൽ തങ്ങളുടെ പ്രജകളെ ഭരിച്ചുപോന്ന മന്നാന്മാർ പോലുള്ള ഗോത്രവർഗ രാജാക്കന്മാർ ഉണ്ട്. ഏഴു നൂറ്റാണ്ടു മുമ്പ് ഒരു ചോളരാജാവിനാൽ തോൽപിക്കപ്പെട്ട പാണ്ഡ്യരാജാവ് ചിരായ് വർമന്റെ പിന്മുറക്കാരാണെന്നാണ് മന്നാന്മാർ അവകാശപ്പെടുന്നത്.[92]

ഇന്ത്യയിലെ ചില വിഭാഗങ്ങൾക്കു 'ഗോത്ര' സംജ്ഞ വന്നതിന്റെ പരിണാമം ആന്ദ്രേ ബെറ്റെയ്ൽ 1998-ലെ ഒരു പ്രബന്ധത്തിൽ[93] വിവരിക്കുന്നുണ്ട്. പല സംജ്ഞകൾ ഉപയോഗിച്ചു പരീക്ഷിച്ചതിനൊടുവിലാണു സ്വാതന്ത്ര്യത്തിനു മുൻപ് ഇന്ത്യാ ഗവണ്മെന്റ് പട്ടികവർഗ പ്രയോഗം സ്വീകരിച്ചത്. ആദിമ(പ്രാകൃത) എന്നത് രണ്ടാം ലോകയുദ്ധാനന്തരം തള്ളിക്കളയപ്പെട്ടു. അവഗണിതർ, മല-വനവാസി ഗോത്രങ്ങൾ, ആദിവാസികൾ തുടങ്ങിയവയും തള്ളിക്കളയപ്പെട്ടു. 'ഇന്ത്യയിൽ ഗോത്രവർഗക്കാരും അല്ലാത്തവരുമായ ജനങ്ങൾ തട്ടിയെടുക്കലും ബലമായ കൂട്ടിച്ചേർക്കലും കുടിയേറ്റവും ഒക്കെ വഴി നിരവധി പ്രവർത്തനങ്ങൾക്കു വിധേയരായി' എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. '19-ാം നൂറ്റാണ്ടിന്റെ മധ്യകാലത്തോടെ ഇന്നത്തെ ഗോത്രവർഗങ്ങൾ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായി കീഴടക്കപ്പെടുകയോ പാർശ്വവൽക്കരിക്കപ്പെടുകയോ ചെയ്തു.' ഓസ്ട്രേലിയയിലും യുഎസ്എയിലും നടന്നതുപോലുള്ള തട്ടിയെടുക്കലായിരുന്നില്ല ഇത്. ലോകത്തിലെ ഒരു പ്രദേശത്തെ ഒരു പ്രത്യേക അനുഭവത്തിന്റെ സാഹചര്യത്തിൽ രൂപംകൊണ്ട 'മൂലനിവാസി' പദം ഇന്ത്യൻ സാഹചര്യത്തിൽ ഉപയോഗിക്കുന്നതു വിവാദവിഷയമാണ്.

ഇന്ത്യൻ സാഹചര്യത്തിൽ 'മൂല' എന്നത് ഭൂഖണ്ഡ പശ്ചാത്തലത്തിലാണു പരിശോധിക്കേണ്ടത്, കേവലം ദേശ-രാഷ്ട്ര കോണിലല്ല. ദേശ-രാഷ്ട്രങ്ങളിൽ

ഒരു അധീശ ഗ്രൂപ്പുണ്ടായിരിക്കും. അവരുടെ ഭാഷയും സംസ്കാരവുമാകും ആ രാജ്യത്തിന്റെയോ ദേശത്തിന്റെയോ നിലനിൽപിന് ആധാരം. ലോകത്തിലെ കര ഭൂമിയുടെ 2.4 ശതമാനമുള്ള[94], ലോകജനസംഖ്യയുടെ 16 ശതമാനമുള്ള, ലോകത്തിലെ രണ്ടാമത്തെ വലിയ ജനസംഖ്യയുള്ള ഇന്ത്യയിൽ ഭരണഘടന അംഗീകരിച്ച 22 ഔദ്യോഗികഭാഷകളുണ്ട്.[95] ഇൻഡോ-യൂറോപ്യൻ, ദ്രവീഡിയൻ, ഓസ്ട്രോ-ഏഷ്യാറ്റിക്, സീനോ-ടിബറ്റൻ എന്നീ നാലു പ്രമുഖ ഭാഷാകുടുംബങ്ങളിൽ പെട്ടവയാണ് ഈ ഭാഷകൾ. ഇവയ്ക്കെല്ലാം വ്യത്യസ്തവും തദ്ദേശീയമായി വികസിപ്പിച്ചതുമായ അക്ഷരമാലയും ലിപിയുമുണ്ട്. ഓരോ സംസ്ഥാനത്തെയും മുഖ്യഭാഷ വ്യത്യസ്തമാണ്. കേരളത്തിൽ 96 ശതമാനം പേർ മലയാളഭാഷ സംസാരിക്കുമ്പോൾ നാഗാലാൻഡിൽ 14 ശതമാനമേ അവോ (Ao) ഭാഷ സംസാരിക്കുന്നവരായി ഉള്ളൂ. 103 വിദേശഭാഷകളടക്കം, 1652 മാതൃഭാഷകൾ രാജ്യത്തുണ്ട്.[96] ഇവിടെ നൂറുനൂറു വിഭിന്നസമുദായങ്ങൾ ചേർന്ന് ഒരു രാജ്യം രൂപപ്പെടുത്തുകയായിരുന്നു; ഒറ്റഭാഷ സംസാരിക്കുന്ന ഒരു സമുദായത്തിന്റെ പരിശ്രമമല്ല. ഗോത്രവർഗങ്ങളും ജാതികളുമെല്ലാം അതിൽ തുല്യപങ്കാളികളാണ്. അവർക്കെല്ലാം രണ്ടായിരം വർഷത്തിലേറെ നീളുന്ന വേരുകൾ ഇവിടെയുണ്ട്. ആ കോണിൽ വീക്ഷിക്കുമ്പോൾ ഇന്ത്യയിലെ ജനങ്ങൾ എല്ലാവരും മൂലനിവാസികളാണ്. അവരെ വേർതിരിക്കാൻ ശ്രമിക്കുന്നത് ഉചിതമല്ല.

അക്കാദമിക-ആക്ടിവിസ്റ്റ് രചനകളിൽ ഇന്ത്യയിലെ ഗോത്രവർഗ ജനതയെ സൂചിപ്പിക്കാൻ 'മൂലനിവാസി' ഉപയോഗിക്കുന്നതിനെ അനുകൂലിക്കുന്ന ധാരാളം പേർ [Parmar (2018 and 2019), Pillai (2014)] ഉണ്ട്. ഗോത്രവർഗക്കാരാണ് 'ഇന്ത്യയിലെ ഏറ്റവും ആദ്യനിവാസികൾ[97] എന്ന പ്രസ്താവന ആധാരമാക്കിയാണ് അവരുടെ മുഖ്യവാദം. ഭരണഘടനാ അസംബ്ലിയിലെ ജയ്പാൽ സിംഗിന്റെ പ്രസ്താവനകളും *കൈലാസ്* (2011) കേസിലെ സുപ്രീംകോടതി വിധിയും അവർ എടുത്തുകാണിക്കുന്നു. ഇന്ത്യയിലെ ആദിമനിവാസികളുടെ പിൻഗാമികളാകാം ഗോത്രവർഗക്കാർ എന്നു സുപ്രീംകോടതി ആ വിധിയിൽ നിരീക്ഷിച്ചു. ചരിത്രപരമായ അനീതികളുടെ ഫലമാണ് ഉയർന്ന ദാരിദ്ര്യവും നിരക്ഷരതയും തൊഴിലില്ലായ്മയും രോഗങ്ങളും കിടപ്പാടമില്ലായ്മയും നിറഞ്ഞ അവരുടെ അവസ്ഥയെന്നും കോടതി വിലയിരുത്തി. നിർബന്ധമായും  മുൻഗണനാടിസ്ഥാനത്തിൽ പരിഹരിക്കപ്പെടേണ്ട ഇല്ലായ്മകളാണ് ഇവയെന്ന് കോടതി പറഞ്ഞു. 'ചരിത്രപരമായി പിന്നാക്കം തള്ളപ്പെട്ട ഈ വിഭാഗങ്ങളെ, ദാരിദ്ര്യത്തിലും താഴ്ന്ന സാമൂഹ്യപദവിയിലുംനിന്ന്  ഉയർത്താൻ തക്കവിധം പ്രത്യേക സംരക്ഷണം നൽകണം' എന്നു കോടതി നിർദേശിച്ചു.[98]

തങ്ങളെ മൂലനിവാസികളായി പരിഗണിച്ചില്ലെങ്കിൽ, തങ്ങൾക്ക് അവകാശപ്പെട്ട മൂലനിവാസികളുടെ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുമെന്ന ഭീതി പട്ടികവർഗക്കാരിൽ ഉണ്ട്. മൂലനിവാസിസമൂഹങ്ങളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള അന്താരാഷ്ട്ര പ്രസ്ഥാനങ്ങളുടെ ഭാഗമാകുന്നത് അവരുടെ പ്രയത്നങ്ങൾക്ക് ഉണർവ് പകരും. തങ്ങൾ ഇന്ത്യയിലെ മൂലനിവാസികളാണെന്ന അവകാശവാദത്തിന്മേലാണ് ഇന്ത്യയിലെ വിവിധ ഗോത്രവർഗ

സംഘടനകൾ തങ്ങളുടെ പോരാട്ടത്തിന്റെ അടിത്തറ ഉറപ്പിക്കുന്നതും മൂലനിവാസി അവകാശങ്ങൾ ശക്തിപ്പെടുത്താൻ പ്രവർത്തിക്കുന്ന ദേശീയ, മേഖലാ, അന്താരാഷ്ട്ര പ്രസ്ഥാനശൃംഖലകളിൽ ഭാഗഭാക്കുകളാകുന്നതും എന്നു കാൾസൺ (Karlsson: 2008) പറയുന്നു. *ആദിവാസി* അല്ലെങ്കിൽ 'മൂലനിവാസി' എന്നതിനെ അനുകൂലിക്കുന്ന മിക്ക ആക്ടീവിസ്റ്റുകളും പട്ടികവർഗക്കാർക്കു ഭൂമിയിലുള്ള അവകാശങ്ങൾ നിഷേധിക്കുന്നതിനെപ്പറ്റി ആശങ്ക പുലർത്തുന്നവരാണ്. വികസനപദ്ധതികളുടെ പേരിൽ നഷ്ടമായ ഗോത്രവർഗഭൂമികൾ വീണ്ടെടുത്തു നൽകാത്തതിനെതിരേ അവർ ശബ്ദമുയർത്തുന്നു. വടക്കുകിഴക്കൻ മേഖലയിൽ ഗോത്രസമൂഹങ്ങൾ കൽക്കരി, വനം, പെട്രോളിയം എന്നിവയുടെ ഉടമസ്ഥത തങ്ങൾക്കാണെന്ന് അംഗീകരിക്കണമെന്ന് ആവശ്യപ്പെടുന്നു (IWGIA: 2021). അവർ എക്കാലവും തങ്ങളുടെ ഭുമിയിലുള്ള അവകാശത്തിന്മേലും സംസ്കാരത്തിന്മേലും ശ്രദ്ധാലുക്കളായിരുന്നു. സൈമൺ കമ്മീഷൻ(1928) ചൂണ്ടിക്കാട്ടിയതുപോലെ, 'അവർ സ്വയംഭരണം ആവശ്യപ്പെടുന്നില്ല. തങ്ങളുടെ ഭൂമിയിലെ അവകാശത്തിനുള്ള ഉറപ്പ്, പരമ്പരാഗത ഉപജീവനമാർഗങ്ങളും തങ്ങളുടെ പാരമ്പര്യാനുഷ്ഠാനങ്ങളും ആചാരങ്ങളും തുടരാനുള്ള സ്വാതന്ത്ര്യം തുടങ്ങിയവയാണ് അവരാവശ്യപ്പെടുന്നത്.'[99] ഈ ആശങ്കകൾ ഇന്നുമുണ്ട്. 'മൂലനിവാസി' എന്ന പേര് അന്താരാഷ്ട്ര സംവിധാനങ്ങളിൽ തങ്ങളുടെ അവകാശങ്ങൾ സ്ഥാപിക്കാൻ അവരെ സഹായിക്കുന്നു. ഉദാഹരണമായി, റോയ് ബർമൻ എഴുതുന്നു: 'പ്രദേശത്തിന്റെയും ഭുമിയുടെയുംമേലുള്ള അവകാശവും പ്രകൃതിവിഭവങ്ങളുടെ നിയന്ത്രണവും നേടാൻ മൂലനിവാസി അഥവാ ആദിമനിവാസി പദവി ഗോത്രവർഗങ്ങളെ സഹായിക്കും എന്നതാണ് ആ വിശേഷണം അവകാശപ്പെടുന്നതിനുള്ള പ്രധാന കാരണം' (Roy Burman: 2009). ആ അർഥത്തിൽ അതൊരു രാഷ്ട്രീയപ്രസ്താവനയാണ്.

സമീപനൂറ്റാണ്ടുകളിൽ വളരെ വലിയ തോതിലുള്ള ജനങ്ങളുടെ കുടിയേറ്റവും ജനങ്ങളെ കൂട്ടമായി സംഹരിക്കുന്നതും പോലുള്ള കോളോണിയൽ നിർമിതികൾക്ക് ഇണങ്ങുന്നതല്ല ഇത്. ഇന്ത്യയിൽ നേട്ടങ്ങൾ കൊയ്തവരും തീർത്തും അവഗണിക്കപ്പെട്ടവരുമുണ്ട്. നരവംശശാസ്ത്രപരമോ സാമൂഹികമോ സാമ്പത്തികമോ ആയ വിഭജനം എന്തായിരുന്നാലും 1947 വരെ ബ്രിട്ടീഷ് ഇന്ത്യയിലെ, പരോക്ഷമായി നാട്ടുരാജ്യങ്ങളിലെയും, ജനങ്ങൾ മുഴുവൻ കോളോണിയൽ ആധിപത്യത്തിലായിരുന്നു. എന്നാൽ, ബെറ്റെയ്ൽ നിരീക്ഷിക്കുന്നതുപോലെ, 'ഒരു പ്രത്യേക സ്ഥലത്ത് പ്രത്യേക സാഹചര്യത്തിൽ സംഭവിച്ചതുമായി ബന്ധപ്പെട്ട ധാരണകളും പദാവലിയും ലോകം മുഴുവൻ പരക്കുകയും അവിടങ്ങളിൽ പിടിച്ചുകയറി ജീവൻ വയ്ക്കുകയും ചെയ്യുന്ന രീതിയിലേക്ക് വൈജ്ഞാനിക ശാഖകൾ സംഘടിപ്പിക്കപ്പെട്ടിരിക്കുകയാണ്.'[100] ഇതു ബൗദ്ധികസന്ദേഹങ്ങൾ സൃഷ്ടിക്കുകയും ചില വിഭാഗങ്ങളുടെ രാഷ്ട്രീയ-സാമ്പത്തിക അജൻഡകളെ പോഷിപ്പിക്കുകയും ചെയ്യുന്നു. ആദിവാസിപദത്തിന്റെ വാച്യാർഥമായ 'ആദിമനിവാസികൾ' എന്നത് ഈ വിഭാഗങ്ങളെ ആഗോളതലത്തിൽ തന്ത്രപരമായും രാഷ്ട്രീയമായും മൂലനിവാസികൾ എന്നു സ്ഥാപിക്കാൻ[101] പര്യാപ്തമാണെന്നാണ് എസ്. ദാസ് ഗുപ്ത (2018) വ്യക്തമാക്കുന്നത്.

പട്ടികവർഗക്കാരല്ലാത്ത സമുദായങ്ങളും മൂലനിവാസി പദവി അവകാശപ്പെടുന്നുണ്ട്. ദലിതർ, മണിപ്പൂരിലെ വൈഷ്ണവ മൈതേയികൾ, അസമിലെ സവർണ ഹിന്ദുക്കൾ തുടങ്ങിയവർ ഇതിൽ പെടുന്നു (Roy Burman: 2009).

ഇന്ത്യയിലെ ആദിമനിവാസികളെ നിർണയിക്കൽ വിഷമമേറിയ കാര്യം തന്നെയാണ്. എന്നാൽ വടക്കുകിഴക്കൻ മേഖലയിലെ നാഗന്മാർ പോലുള്ളവർ അധികം പഴയ നിവാസികൾ അല്ലെന്നുള്ളതു വസ്തുതയാണ്. ക്രിസ്തുവർഷത്തിനു മുമ്പുള്ള സഹസ്രാബ്ദത്തിന്റെ മധ്യത്തിൽ എന്നോ ആണ് അവർ ഇന്ത്യയിലെത്തിയത്. മിസോകൾ 16-ാം നൂറ്റാണ്ടിൽ മാത്രം എത്തിയവരാണ് (Xaxa:1999). ഗോത്രവർഗക്കാരും മറ്റു സമുദായങ്ങളും ഇന്ത്യയിൽതന്നെ പലവട്ടം തങ്ങളുടെ താമസം മാറ്റിയിട്ടുണ്ട്. ഇന്ത്യയിലെ ഏതെങ്കിലും വിഭാഗത്തിന് ചരിത്രപരമായ വംശീയത നിർണയിക്കുന്നത് സന്ദേഹങ്ങൾ വളർത്തുന്ന പരിശ്രമം മാത്രമാണ്. ഒട്ടേറെ ചോദ്യങ്ങൾ ഉയരുന്ന വിഷയമാണത്. ഉപഭൂഖണ്ഡം മുഴുവനും ഒറ്റ പ്രദേശമായി കണക്കാക്കണോ അതോ പ്രത്യേക പ്രദേശങ്ങൾ വെവ്വേറെ കണക്കാക്കണോ? ഒരിടത്ത് എത്രകാലം താമസിച്ചാലാണ് അവിടത്തുകാരായി കണക്കാക്കേണ്ടത്? ജനങ്ങൾ പരസ്പരം സ്വതന്ത്രമായി മിശ്രണം ചെയ്യപ്പെടുമ്പോൾ എങ്ങനെയാണു സാംസ്കാരികശുദ്ധി ഉറപ്പുവരുത്തുന്നത്? എന്നിങ്ങനെ.

മനുഷ്യാവകാശങ്ങൾ സംബന്ധിച്ച യുഎൻ പ്രഖ്യാപനത്തിലെ തത്വങ്ങളും ചുമതലകളും ഈ സമൂഹത്തിനുകൂടി ലഭ്യമാക്കണം എന്ന ആഗ്രഹമാണ് ഇന്ത്യയിലെ പട്ടികവർഗക്കാരെ 'മൂലനിവാസി'കൾ എന്ന് അംഗീകരിക്കണമെന്നു വാദിക്കുന്നവർക്കുള്ളത്. യുഎൻ ഹ്യൂമൻ റൈറ്റ്സ് കൗൺസിൽ 2016-ൽ Cultural Survival-ൽ താഴെപ്പറയുന്ന തരം അവകാശനിഷേധങ്ങൾ നിരീക്ഷിക്കുന്നു: ഭൂമി-കുടികിടപ്പ് അവകാശങ്ങൾ, ചൂഷകവ്യവസായങ്ങൾ ആരംഭിക്കുംമുമ്പ് കാര്യങ്ങൾ അറിഞ്ഞ ശേഷമുള്ള സ്വതന്ത്ര അനുമതി, പീഡനം, ശാരീരിക മർദനം, കൊലപാതകം മുതലായവ. പദ്ധതിപ്രദേശങ്ങളിലുള്ള എല്ലാ സമുദായങ്ങൾക്കും ഇതേ അളവിൽ ബാധകമാണ് ഇവ. പട്ടികവർഗജനങ്ങളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കണമെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. എന്നാൽ, അതേപോലെ പ്രധാനമാണ് പട്ടികജാതിക്കാരെപ്പോലുള്ള ദുർബലവിഭാഗങ്ങളടക്കം മറ്റെല്ലാ സമുദായങ്ങളുടെയും മനുഷ്യാവകാശങ്ങൾ. അതേസമയം, 'സ്വയംനിർണയാവകാശം' (right to self determination) പ്രശ്നകാരിയാണ്. യുഎന്നിലെ ഇന്ത്യയുടെ നിലപാടിന്റെ കാരണങ്ങൾ സംബന്ധിച്ച വിശകലനത്തിൽ കാൾസൺ പറയുന്നത് 'ഇന്ത്യയുടെ ദേശീയ പരമാധികാരത്തെയും അഖണ്ഡതയെയും ദുർബലപ്പെടുത്തുമെന്ന അപകടമുണ്ട്' എന്നാണ്. (Karlsson:1999. P. 26). സവിശേഷമായ ആനുകൂല്യങ്ങൾക്കു ഭരണഘടന പ്രത്യേകം തെരഞ്ഞെടുത്ത ചില സമുദായങ്ങൾക്കു മാത്രം 'മൂലനിവാസി' എന്നു ചാർത്തുന്നത്, അതിന്റെ ചരിത്രപരമായ വസ്തുത എന്തായിരുന്നാലും, സങ്കീർണതകൾ ഉണ്ടാക്കും. നേരത്തേ ചൂണ്ടിക്കാട്ടിയതുപോലെ, വികസനകാര്യത്തിനായുള്ള പ്രത്യേക പരിഗണന സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന മറ്റേ വി

ഭാഗമായ പട്ടികജാതിക്കാർക്കും ലഭ്യമാണ്. കൂടുതൽ അല്ലെങ്കിൽ തുല്യമെങ്കിലുമായ പിന്നാക്കാവസ്ഥയിലുള്ള എസ്ടികളെ എസ്സികൾക്കെതിരാക്കുന്നത് അനുചിതമാണ്.

എസ്ടികളെ പരാമർശിക്കുന്ന ഓരോ പദത്തിനും അതിന്റേതായ നേട്ടങ്ങളും കോട്ടങ്ങളുമുണ്ട്. ആദ്യത്തെ നിവാസികൾ എന്നേ അർഥമുള്ളൂ എങ്കിലും ഉപയോഗംകൊണ്ടു കാലക്രമേണ സാധാരണക്കാർക്കിടയിൽ അപരിഷ്കൃതർ, ക്രൂരർ എന്നൊക്കെയുള്ള അർഥങ്ങൾ ആദിവാസിപദത്തിനുണ്ടായി. പദം അതിൽ തന്നെയോ അതിന്റെ നിഘണ്ടുവിലെ അർഥമോ അല്ല പ്രശ്നം. മറിച്ച് മറ്റുള്ളവർ (അതായത്, അധീശവിഭാഗം) എങ്ങനെ നോക്കുന്നു എന്നതാണു പ്രശ്നം. കേംബ്രിജ് ഡിക്ഷണറി Indigenous എന്നതിനെ 'മറ്റൊരിടത്തുനിന്നു വന്നവരല്ലാത്ത ഒരു പ്രദേശത്തെ മൂലനിവാസികൾ'[104] എന്നാണ്. ഈ നിർവചനം വിപുലീകരിച്ചാൽ രണ്ടു നിഗമനങ്ങളിലെത്താം. ഒന്ന്, ഹോമോസാപ്പിയൻസ് ഉദയംകൊണ്ട പ്രദേശത്ത് ഇപ്പോഴുമുള്ളവരാണ് മൂലനിവാസികൾ എന്നു കരുതണം. ഇപ്പോഴത്തെ വിജ്ഞാനമനുസരിച്ച് ആഫ്രിക്കയിലെ വിക്ടോറിയ തടാകതീരത്താണ് ഹോമോസാപ്പിയൻസിന്റെ തുടക്കം. രണ്ട്, ഏതു പ്രദേശത്തെയും ആദ്യതാമസക്കാർ (ഇത് ആപേക്ഷികവും പ്രശ്നകാരിയുമാണ്. കാരണം ഏഷ്യയിലും ആഫ്രിക്കയിലും ഇപ്പോഴത്തെ രാഷ്ട്രാതിർത്തികൾ അത്ര പഴയതല്ല). സുപ്രീം കോടതി രണ്ടാമത്തെ കാഴ്ചപ്പാടാണു സ്വീകരിച്ചത്, പക്ഷേ ഇന്ത്യയുടെ അതിർത്തിയിൽ മാത്രം. (ദക്ഷിണ രാജസ്ഥാൻ, മഹാരാഷ്ട്ര, മധ്യപ്രദേശ് തുടങ്ങിയ ഇടങ്ങളിൽ താമസിക്കുന്ന ഭീലുകൾ ഒരു പക്ഷേ ഇന്ത്യയിലെ ഏതെങ്കിലും ആദിമനിവാസികളുടെ പിൻഗാമികളാകാം...)'[105] ഒപ്പംതന്നെ, ആദിവാസി എന്ന പദം 'അധീശസമുദായത്തിൽനിന്നുള്ള വ്യത്യാസം കാണിക്കാൻ' മറ്റുള്ളവർ ഉപയോഗിക്കുന്ന പദമാണ് എന്നതു മനസിലാക്കിയിരിക്കണം. അതേസമയം, ആ ജനത ഇതിനെ സ്വാംശീകരിക്കുകയും 'ശക്തീകരണത്തിന്റെ ഉപകരണമായി രൂപപ്പെടുത്തുകയും ചെയ്തു'(Xaxa: 1999).

## ഉപസംഹാരം

ഇന്ത്യയുടെ രാഷ്ട്രനിർമാണം അനന്യമായ ഒരു യത്നമാണ്. വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന, വ്യത്യസ്ത മതങ്ങളിൽ വിശ്വസിക്കുന്ന, സാമൂഹിക-സാംസ്കാരിക ആചാരങ്ങളിൽ വൈവിധ്യം പുലർത്തുന്ന വിവിധ സമുദായങ്ങൾ ഒരു 'രാഷ്ട്രം' ഉണ്ടാക്കാനായി ഒന്നിക്കുകയും എല്ലാ പൗരന്മാർക്കും അടിസ്ഥാന മനുഷ്യാവകാശങ്ങൾ മൗലികാവകാശങ്ങളായി ഉറപ്പുനൽകുന്ന ഒരു ഭരണഘടന എഴുതിയുണ്ടാക്കുകയും ചെയ്തു. വൈവിധ്യം പരിപാലിക്കാനായി ന്യൂനപക്ഷങ്ങൾക്കും മറ്റു ചെറുവിഭാഗങ്ങൾക്കും പട്ടികജാതിക്കാരും പട്ടികവർഗക്കാരുംപോലെ സാമൂഹികമായും സാമ്പത്തികമായും പിന്നാക്കമായ വിഭാഗക്കാർക്കും പ്രത്യേക അവകാശങ്ങൾ നൽകുകയും ചെയ്തു. എല്ലാവരെയും തുല്യപങ്കാളികളാക്കിക്കൊണ്ടുള്ള ഒരു ഉദ്ഗ്രഥനമാണ് ഇതിൽ ലക്ഷ്യമിട്ടത്; കുറേ വേലിക്കെട്ടുകൾ ഉണ്ടാക്കുകയല്ല. അകത്തുള്ളവർ എന്നോ പുറത്തുള്ളവർ എ

ന്നോ മൂലനിവാസി എന്നോ അന്യർ എന്നോ വേർതിരിവില്ല. ഒരു ജനതയും ഒരു രാഷ്ട്രവും മാത്രം. ഈ മൗലിക അടിത്തറയിൽ നിന്നുകൊണ്ടാണ് അന്താരാഷ്ട്ര ചർച്ചകളിലെ നാമകരണങ്ങളിൽ ഇന്ത്യ സ്ഥിരമായി നിലപാടെടുക്കുന്നത്. മനുഷ്യ-ജനിതക വിഭവങ്ങളടക്കം ജനിതകവിഭവങ്ങളുടെ നേട്ടങ്ങൾ പങ്കുവയ്ക്കൽ, പരമ്പരാഗത അറിവുകളുടെ സംരക്ഷണം, ജൈവവിഭവങ്ങളുടെ പരിപാലനം, ആരോഗ്യപാലനത്തിൽ പരമ്പരാഗത ചികിത്സാരീതികളുടെ വർധിച്ച ഉപയോഗം, കാലാവസ്ഥാനിയന്ത്രണം, പരിസ്ഥിതിസംരക്ഷണം എന്നിങ്ങനെ പരസ്പരബന്ധിതമായ നയങ്ങളുമായി ഇതു പൊരുത്തപ്പെടേണ്ടതുമുണ്ട്. ഏതു വിഭാഗത്തിന്റെയും പേര് എന്തായാലും, ഇന്ത്യയെ സംബന്ധിച്ചിടത്താളം എല്ലാ ഇന്ത്യക്കാരും വികസനത്തിന്റെ സദ്ഫലങ്ങൾ അനുഭവിക്കാൻ ഒരേപോലെ ശക്തീകരിക്കപ്പെടുകയും അതുവഴി കുറേ വർഷങ്ങൾകൊണ്ട് രാജ്യത്ത് സാമൂഹികമായും സാമ്പത്തികമായും പിന്നാക്കമായ ഒരു വിഭാഗവും ഇല്ലാതിരിക്കുകയും വേണം. ആത്യന്തികമായി അതാണ് അന്താരാഷ്ട്രസമൂഹത്തിൽ ഇന്ത്യയെ അർഹതപ്പെട്ട പദവിയിലെത്തിക്കുക.

## സഹായക രചനകൾ


അംബേദ്കർ, ബി.ആർ. 1936. *Annihilation of Caste*. വിമർശനാത്മക പഠനം. എസ്. ആനന്ദ്. നവായന, ന്യൂഡൽഹി. 2014

ബാനർജി, പ്രഥമ. 2016. *Writing the Adivasi: Some historiographical notes*. The Indian Economic and Social History Review, 53,1(2016):123, സേജ്, ലോസ് ആഞ്ചലസ്/ലണ്ടൻ/ന്യൂഡൽഹി/സിംഗപ്പൂർ/ വാഷിംഗ്ടൺ ഡിസി. ഡിഒഐ: 10.1177/00194646 15619549

ബെറ്റെയ്ൽ, ആന്ദ്രേ. 1998. The Idea of Indigenous People. Current Anthropology, Vol.39, No.2. 187-192. http://www.jstor.org/stable/10.1086/204717.

ചതുർവേദി, സച്ചിൻ.2007. Kani Case. A Report for GenBenefit, ലഭിക്കുന്നത്: www.uclan.ac.uk/gen benefit, http://ris.org.in/images/RIS_images/pdf/SACHIN_ CHATURVEDI.pdf

ഭരണഘടനാ അസംബ്ലി ചർച്ചകൾ. 1946–1949. ലോക്സഭാ സെക്രട്ടേറിയറ്റ്, ന്യൂഡൽഹി. നാലാം മുദ്രണം. ഒൻപതു ഖണ്ഡങ്ങൾ അഞ്ചു പുസ്തകങ്ങളിൽ (2003).

ദാസ് ഗുപ്ത, സംയുക്ത. 2019. *Imagining the 'Tribe' in Colonial and post - Independence India*. Politeja 2(59)/2019 107-121. https://www.jstor.org/stable/26916356ൽ ലഭ്യം. 2021 ഡിസംബർ 31–ന് തുറന്നത്.

ദാസ് ഗുപ്ത, സംഗീത. 2018. *Adivasi Studies: From a historian's perspective.* History Compass 2018 സെപ്റ്റംബർ ലക്കത്തിൽ. Research Gate -ൽ ലഭ്യം.

ഫൈസി, എസ് & നായർ, പ്രിയ കെ. 2017. *Adivasis: The world's Largest Population of Indigenous People*. Citizens for Justice and Peace -ൽ. https://cjp.org.in/wp-content/uploads/2021/08/Adivasis-indias-IPs faizi-and-nair.pdf IWGIA (Internatioal Work Group for Indigenous Affairs) (2021) The Indigenous World, 2021. കോപ്പൻഹേഗൻ, ഡെന്മാർക്ക്.

ജോസഫ്, ടോണി. 2018. Early Indians: The Story of Our Ancestors and Where We Came From. ജഗർനോട്ട്, ന്യൂഡൽഹി.

കാൾസൺ, ബെംഗ്റ്റ്. 2008. *Asian Indigenounsess: the case of India.* Indigenous Affairs 3-4/08ൽ. https://www.iwgia.org/images/Publications (IA_3-08_India.pdf 24–20 പേജുകളിൽ.

കൗടില്യൻ.1987. അർഥശാസ്ത്രം. പരിഭാഷ, സംശോധനം, പുനഃക്രമീകരണം, ആമുഖം: എൽ.എസ്. രംഗരണജൻ. പെൻഗ്വിൻ ബുക്സ്, ന്യൂഡൽഹി.

കൊറേറ്റി, ശാംറാവു. 2016. Socio- Cultural History of the Gond Tribes of Middle India. International Journal of Social Science and Humanity, 2016,

vol. 6, No.4, 288-292 പേജുകളിൽ.

മൈനോറിറ്റി റൈറ്റ്സ് ഗ്രൂപ്പ്. 2019. *A Practitioner's Perspective on the Rights of Indigenous Peoples Since the Adoption of ILO Convention No.169.* https://minorityrights.org/2019 /07/01/rights-indigenous-peoples-ilo-യിൽ ലഭ്യം.

നരസിംഹൻ വി.എം., ആന്റണി ഡി., മല്ലോറി ജെ., റൈഹ് ഡി. 2018. *The Genomic Formation of South and Central Asia.* bioRxiv: 292581.

നരസിംഹനും മറ്റുള്ളവരും. 2019. *The Formation of Human Populations in South and Central Asia.* Science, 365 (6457): eaat 7487.

പർമാർ, പൂജ. 2012. *Undoing Historical Wrongs: Law and Indigeneity in India.* Osgoode Hall Law Journal. 49.491-525.

പർമാർ, പൂജ. 2015. *Indigeneity and Legal Pluralism in India: Claims, Histories, Meanings.* കേംബ്രിജ് യൂണിവേഴ്സിറ്റി പ്രസ്. ന്യൂയോർക്ക്.

പീറ്റേഴ്സ് ആൻഡ് മിക. മൈക്കൽ എ പീറ്റേഴ്സ് & കാൾ ടി. മിക(2017) *Aborigine, Indian, Indigenous or first nations?,* Educational Philosophy and Theory, 49:13, 1229-1234, DOI: 10.1080/0013 1857.2017.1279879.

പിള്ള, അനീഷ് വി. 2014. *Protection of Rights of Indigenous People: International and National Legal Perspective* ഭാരതി ലോ റിവ്യുവിന്റെ 2014 ഏപ്രിൽ - ജൂൺ ലക്കത്തിൽ.

റൈഹ്, ഡേവിഡ്. 2018. *Who We Are and How We Got Here: Ancient DNA and the New Science of the Human Past.* ദക്ഷിണേഷ്യാ പതിപ്പ്. ഓക്സ്ഫഡ് യൂണിവേഴ്സിറ്റി പ്രസ്, ന്യൂഡൽഹി.

റോയ്, ബർമൻ ജെ.ജെ., 2009. 'Adivasi' - A Contentious term to denote Tribes as Indigenous People of lndia. http://www.sacw.net/article 1066.html.

ത്രേസ്യാമ്മ വി.ജി. 2011. *Making of the Indian Constitution and Debate on the Issue of Tribal Development* ദ ഇന്ത്യൻ ജേണൽ ഓഫ് പൊളിറ്റിക്കൽ സയൻസ് Vol. LXII, No. 1, 2011. ജനുവരി - മാർച്ച്, 179-189 പേജുകളിൽ.

ത്രിപാഠി, മനോരമാ; ത്രിപാഠി, പീയുഷ്; ചൗഹാൻ, ഉഗമ കുമാരി; ഹൈരേര, റെനെ ജെ.; അഗ്രവാൾ, സുരക്ഷ. 2008. Alu Polymorphic Insertions Reveal Genetic Structure of North Indian Populations, *Human Biology* Vol.80, No.5 (2008 ഒക്ടോബർ) 483-499 പേജുകളിൽ. വെയ്ൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റി പ്രസ്.

ക്സാക്സാ, വിർജീനിയസ്. 1999. *Tribes as Indigenous People of India.* ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്‌ലിയുടെ 1999 ഡിസംബർ 18-24 ലക്കം (Vol. 34, No.51) 3589-3595 പേജുകളിൽ. https://www.jstor.org./stable/ 4408738.

**അടിക്കുറിപ്പുകൾ**

[1] https://www.iwgia.org/en/ india.html. 2021 സെപ്റ്റംബർ 29-നു തുറന്നത്.

[2] ഈ വിഷയത്തിൽ ആർഐഎസ് ഫാക്കൽറ്റി പ്രസിദ്ധീകരിച്ചിട്ടുള്ള ഏതാനും പ്രധാന രചനകൾ ഇവയാണ്: ചതുർവേദി, സച്ചിൻ. 2007. 'TRlPS, Indigenous Knowledge and Geographical Indications'. World Trade and Development Report, RIS, New Delhi. ധർ, ബിശ്വജിത് & അനുരാധ ആർ.വി. 2005. Access, Benefit Sharimg, Intellectual Property Rights: Establishing Linkages between the agreement on TRIPS and the Convention on Biological Diversity. http://wto centre.iift.ac.in/Papers/2.pdf -ൽ ലഭ്യം (2010 നവംബർ 27-ലെ നില). ധർ, ബിശ്വജിത്. 2010. "Reconciling Convention on Biological Diversity and The Agreement on TRlPS: Issues and Concerns" അഭിപ്രായത്തിനായി വിതരണം ചെയ്ത ആഭ്യന്തരകുറിപ്പ്, RIS, ന്യൂഡൽഹി. ജോസഫ്, റെജി കെ. 2010. International Regime on Access and Benefit Sharing: Where are we now? ഏഷ്യൻ ബയോടെക്നോളജി ആൻഡ് ഡെവലപ്മെന്റ് റിവ്യു Vol.12 No.3, 77-94 പേജുകളിൽ. ആർഐഎസ്. ധർ, ബിശ്വജിത്. ജയിംസ് റ്റി.സി. & പാണ്ഡേ, വിനായക്. ആർഐഎസ് 2014. ഇന്ത്യയിലെ എബിഎസ് നടപ്പാക്കലിനെപ്പറ്റി ദേശീയ പഠനം. ജയിംസ് റ്റി.സി. & പാഠക്, നമ്രത. 2018. പരമ്പരാഗത ചൈനീസ് ചികിത്സയ്ക്കു ദേശീയവും ആഗോളവുമായ പ്രചാരണത്തിനു ചൈനയുടെ നയപരമായ നീക്കങ്ങൾ (സാധ്യതാ പഠനം). ആർഐഎസ്. ജയിംസ് റ്റി.സി.& പാഠക്, നമ്രത.2018. ഇന്ത്യയിൽ പരമ്പരാഗത വിജ്ഞാനത്തിനുള്ള സംരക്ഷണം (സാധ്യതാ പഠനം). ആർഐഎസ്. ജയിംസ് റ്റി.സി.& പാഠക്, നമ്രത.2018. ഇന്ത്യയിൽ പരമ്പരാഗത സാംസ്കാരിക അവതരണങ്ങൾക്കുള്ള സംരക്ഷണം (സാധ്യതാപഠനം). ആർഐഎസ്. ജയിംസ് റ്റി.സി.& പാഠക്, നമ്രത.2019. ഇന്ത്യയിൽ ഔഷധികളുടെ ജനിതക വിഭവസംരക്ഷണം (സാധ്യതാപഠനം). ആർഐഎസ്. ജയിംസ് റ്റി.സി., പാഠക്, നമ്രത & ഭട്നാഗർ, അപൂർവ. 2020. പരമ്പരാഗത ചൈനീസ് ചികിത്സയ്ക്കു ദേശീയവും ആഗോളവുമായ പ്രചാരണത്തിനു ചൈനയുടെ നയപരമായ നീക്കങ്ങൾ. ആർഐഎസ്. ജയിംസ് റ്റി.സി., പാഠക്, നമ്രത & ഭട്നാഗർ, അപൂർവ. 2021. പരമ്പരാഗത വിജ്ഞാനം, പരമ്പരാഗത സാംസ്കാരിക അവതരണങ്ങൾ, സസ്യജനിതക വിഭവങ്ങൾ എന്നിവയുടെ സംരക്ഷണം സംബന്ധിച്ച ആഴത്തിലുള്ള പഠനം. ആർഐഎസ്.

[3] https://www.un.org/ga/search / views_doc.asp?Symbol=A. CONF.199/ 20 & Lang=E.

[4] Ibid

[5] 173 തവണ. നോക്കുക: https://www.un.org/ga/search / view_doc.asp?Symbol=A. CONF.199/20 & Lang=E.

6. The New Oxford Dictionary of English. 1998.

7. Ibid

8. സർ തോമസ് ബ്രൌൺ (1646; ആറാം പതിപ്പ്, 1672) Pseudodoxia Epidemica Vi.x (370-378 പേജുകൾ), യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ. http://penelope.uchicago.edu/Pseudodoxia/pseudo610.html-Â 2021 നവംബർ 16-ന് ലഭ്യമായത്.

9. *Long walk to Freedom* എന്ന ആത്മകഥയിൽ നെൽസൺ മൻഡേല എഴുതുന്നു: '1652-ൽ യാൻ വാൻ റീബീക്ക് കേപ് ഓഫ് ഗുഡ് ഹോപ്പിൽ കാലു കുത്തിയപ്പോഴാണു ദക്ഷിണാഫ്രിക്കയുടെ ചരിത്രം ആരംഭിക്കുന്നതെന്ന് അവകാശപ്പെട്ടിരുന്ന സാധാരണ ബ്രിട്ടീഷ് പാഠപുസ്തകങ്ങളിലല്ല നമ്മുടെ രാജ്യത്തിന്റെ യഥാർഥചരിത്രം കാണുക എന്ന് അതുവരെ ഞാൻ മനസിലാക്കിയിരുന്നില്ല'(പേജ് 27). യൂറോപ്യൻ കുടിയേറ്റക്കാർ കോളണികൾ സ്ഥാപിക്കുന്നിടത്താണ്, സമീപകാലം വരെയുള്ള സാധാരണ അമേരിക്കൻ ചരിത്രപുസ്തകങ്ങൾ (ഉദാ: 1942-ൽ അലൻ നെവിസും മറ്റും ചേർന്നു രചിച്ച A Pocket History of the United States) തുടക്കമിട്ടിരുന്നത്. യൂറോപ്യന്മാർക്കു മുൻപുള്ള ജനങ്ങളുടെ കാഴ്ചപ്പാടിൽനിന്നു ചരിത്രം (An Indigenous Peoples' History of the United States, 2014) രചിച്ച റോക്സാൻ ഡൻബാർ ഓർടിസിന്റേതുപോലുള്ള പരിശ്രമങ്ങൾ അടുത്തകാലത്ത് ഉണ്ടായിട്ടുണ്ട്.

10. 2007 സെപ്റ്റംബർ 13-ലെ യുഎൻ ജനറൽ അസംബ്ലി പ്രസ് റിലീസ് (ജിഎ/10612). ഡിപ്പാർട്ട്മെന്റ് ഓഫ് പബ്ലിക് ഇൻഫർമേഷൻ. ന്യൂസ് ആൻഡ് മീഡിയ ഡിവിഷൻ. ന്യൂയോർക്ക്. 107-ഉം 108-ഉം പ്ലീനറി മീറ്റിംഗുകൾ (രാവിലെയും ഉച്ചകഴിഞ്ഞും).

11. പ്രമേയം നമ്പർ 61/295.

12. https://www.un.org/press/ en/2007/ga10612.doc.htm. 2021 സെപ്റ്റംബർ 29-നു ലഭ്യമായത്.

13. https://www.un.org/press/ en/2007/ga10612.doc.htm. 2021 സെപ്റ്റംബർ 29-നു ലഭ്യമായത്.

14. Ibid.

15. ഐഎൽഒ സമ്മേളനം, താൽക്കാലിക രേഖ. 76-ാം യോഗം (1989). അപ്പെൻഡിക്സ് 25, പേജ് 25/3, ഖണ്ഡിക 12. A Practitioner's Perspective on the Rights of Indigenous Peoples Since the Adoption of ILO Convention No.169. https://minorityrights.org/2019/07/01/rights-indigenous-peoples-ilo/.2021 നവംബർ 21-ന് ലഭ്യമായത്.

16. Ibid. *Indigenous Peoples in International Law: A Constructivist Approach to the Asian Controversy,* 92 Am. J. Int'l L. 414 (1998) പേജ് 418-ൽ ബെനഡിക്റ്റ് കിംഗ്സ്ബറിയെ പരാമർശിച്ച്.

[17] Ibid.

[18] മനുഷ്യാവകാശങ്ങൾ സംബന്ധിച്ച സാർവത്രിക പ്രഖ്യാപനം (1957), സ്വതന്ത്രരാജ്യങ്ങളിലെ മൂലനിവാസികളുടെയും മറ്റു ഗോത്ര-അർധഗോത്ര ജനങ്ങളുടെയും ഉദ്ഗ്രഥനവും സംരക്ഷണവും സംബന്ധിച്ച ഐഎൽഒ പ്രഖ്യാപനം (1957), സ്വതന്ത്രരാജ്യങ്ങളിലെ മൂലനിവാസികളെയും ഗോത്രജനതകളെയും സംബന്ധിച്ച 169-ാം കൺവൻഷൻ (1989), മൂലനിവാസികളുടെ അവകാശങ്ങൾ സംബന്ധിച്ച യുഎൻ പ്രഖ്യാപനം (2007).

[19] https://un.org/development/

desa/indigenouspeoples/about-us.html

[20] ഹൊസെ ആർ മാർട്ടിനെസ് കോബോയുടെ Study on the Problem of Discrimination against Indigenous Populations (യുഎൻ ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക് ആൻഡ് സോഷ്യൽ അഫയേഴ്സ് പ്രസിദ്ധീകരിച്ച The State of the World's Indigenous Peoples, Vol. I-Â (No. ST/ESA/328. ISBN 92-1-130283-7. UN 2009) ഉദ്ധരിച്ചത്.

[21] Ibid.

[22] http://www.education.gov.in. 2021 ഡിസംബർ 30ന് ലഭ്യമായത്. വിവരങ്ങൾ 2001 സെൻസസ് ആധാരമാക്കി.

[23] Ibid. സംസ്കൃതത്തിനു ഭരണഘടനയുടെ 351-ാം അനുഛേദം പ്രകാരം പ്രത്യേക പദവി ഉണ്ട്. 2004-ൽ ചില മാനദണ്ഡങ്ങൾ പാലിക്കുന്ന ഇന്ത്യൻ ഭാഷകളെ ക്ലാസിക്കൽ ഭാഷകളായി പ്രഖ്യാപിക്കാൻ ഇന്ത്യാ ഗവണ്മെന്റ് തീരുമാനിച്ചു. മാനദണ്ഡങ്ങൾ ഇവയാണ്: പ്രാരംഭരചനകളുടെ അതിപ്രാചീനത്വം/1500-2000 വർഷം പഴക്കമുള്ള ലിഖിതചരിത്രം അല്ലെങ്കിൽ പ്രാചീനരചനകളുടെ ശേഖരം/തലമുറകൾ വിലപ്പെട്ട പാരമ്പര്യസ്വത്തായി കണക്കാക്കിയ രചനകൾ/മൗലികമായ സാഹിത്യ പാരമ്പര്യം/ആധുനിക ഭാഷയും സാഹിത്യവും പ്രാചീന ഭാഷയിലും സാഹിത്യത്തിലുംനിന്നു വ്യതിരിക്തമായിരിക്കൽ. തമിഴ് (2004), സംസ്കൃതം (2005), കന്നഡ (2008), തെലുങ്ക് (2008), മലയാളം (2013), ഒഡിയ (2014) എന്നിവയാണ് ക്ലാസിക്കൽ ഭാഷകളായി പ്രഖ്യാപിക്കപ്പെട്ടവ.

[24] ഹൈദരാബാദിലെ ദ ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി (മുൻപ് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജസ്) ക്കു താഴെപ്പറയുന്ന ഭാഷകളിൽ പ്രോഗ്രാമുകൾ ഉണ്ട്. ഇംഗ്ലീഷ്, അറബിക്, ചൈനീസ്, ഫ്രഞ്ച്, ജർമൻ, സ്പാനിഷ്, ഇറ്റാലിയൻ, റഷ്യൻ, ജാപ്പനീസ്, കൊറിയൻ, പേർഷ്യൻ, ടർക്കിഷ്. നോക്കുക: efluniversity.ac.in.

[25] https://www.ilo.org/dyn/normlex/en/f?p= NORMLEXPUB :12100:0::NO:: P12100_INSTRUMENT_ID:312314

[26] https://www.ilo.org/dyn/normlex/en/f?p= NORMLEXPUB :12100:0::NO:: P12100_IL0_ CODE:C169

[27] ദ പ്രൊട്ടക്ഷൻ ഓഫ് ട്രഡീഷണൽ നോളജ്. ഡ്രാഫ്റ്റ് ആർട്ടിക്കിൾസ് ഫസിലിറ്റേറ്റേഴ്സ് റിവ്യു (2019 ജൂൺ 19)വിൽ ലഭ്യം.

[28] ലോകാരോഗ്യസംഘടന. മൂലനിവാസി ജനങ്ങൾ. 2015. ഹാർഫീൽഡ് ,എസ്. ജി., ഡേവി, സി., മക് ആർതർ, എ. തുടങ്ങിയവർ ഗ്ലോബൽ ഹെൽത്ത് 14, 12 (2018)ൽ എഴുതിയ Characteristics of Indigenous primary health care service delivery models: a systematic scoping review-വിൽ ഉദ്ധരിച്ചത്. https://doi.org/10.1186/s 12992-018-0332-2.

[29] നമ്മുടെ പുരാചരിത്രം മനസിലാക്കാൻ ശ്രമിക്കുമ്പോഴെല്ലാം കേൾക്കുന്ന പല്ലവിയാണിതെന്ന് ടോണി ജോസഫ് പറയുന്നു. പേജ് 5.

[30] സിൽകെ ഫോൺ ലെവിൻസ്കി (എഡിറ്റ് ചെയ്ത) Indigenous Heritage and Intellectual Property, Genetic Resources, Traditional Knowledge and Folklore (2004) 5, 5ൽ പീറ്റർ, തോബിയാസ് സ്റ്റോൾ & ഏന്യ ഫോൺ ഹാൻ എഴുതിയ Part II. Indigenous Peoples, Indigenous Knowledge and Indigenous Resoures in International Law. തായ് ലോ ജേണൽ, 2009 സ്പ്രിംഗ് ലക്കം 1, പുസ്തകം 12ൽ ഉദ്ധരിച്ചത്.

[31] വിഭജനകാലത്തു മതാടിസ്ഥാനത്തിൽ ജനങ്ങളുടെ വലിയ പലായനം നടന്നു. എന്നാൽ അത് മതാടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ട പഴയ രാജ്യത്തിന്റെ അതിരുകൾക്കുള്ളിൽ മാത്രം സംഭവിച്ചതാണ്.

[32] ടോണി ജോസഫ്. 2018. ഏർലി ഇന്ത്യൻസ്. പേജ് xiv. ജഗർനോട്ട്.

[33] വിദ്യാഭ്യാസ മന്ത്രാലയം, ഗവൺമെന്റ് ഓഫ് ഇന്ത്യ. ശീർഷകം, പ്രസിദ്ധീകരണവർഷം, കർത്താവ് എന്നിവ ലഭ്യമല്ല. എന്നാൽ വേണ്ടത്ര റഫറൻസുകൾ ഉണ്ട്. https://www.education.gov.in/en/sites/upload_files/mhrd/files/upload_document/languagebr.pdf. 2021 ഡിസംബർ 30-നു ലഭ്യമായത്.

[34] ഹോമോ നിയാൻഡർതാലെൻസിസ്, ഹോമോ ഇറക്റ്റസ് തുടങ്ങിയ മറ്റു ഹോമിനിഡുകൾ (മനുഷ്യപൂർവികർ) ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു നേരത്തേതന്നെ എത്തിയിരുന്നു. ഹോമോസാപ്പിയൻസ് എത്തിയപ്പോൾ ഇവരുമായി ചേർന്നു പ്രജനനം നടത്തി. 'ആഫ്രിക്കക്കാരല്ലാത്ത എല്ലാവരിലും നിയാൻഡർതാലുകളുടെ രണ്ടു ശതമാനം ജീനുകൾ ഉണ്ടെന്നു പഠനങ്ങൾ തെളിയിക്കുന്നു.' ജോസഫ്: പേജ് 38

[35] റൈഹ്. പേജ് 129.

[36] ജോസഫ്. പേജ് 63.

[37] നരസിംഹനും മറ്റും (2018). പേജുകൾ 13, 14.

[38] നരസിംഹനും മറ്റും (2019). പേജ് 1 സംഗ്രഹം.

[39] ഇവ ശരിയായ നാമകരണമല്ല. കാരണം, ഈ മുൻഗാമികളുടെ പ്രദേശം ദക്ഷിണേഷ്യ മുഴുവൻ വ്യാപിച്ചിരുന്നു.

40. Ibid. പേജ് 135.

41. Ibid. പേജ് 136.

42. സെൻസസ് 1931 ആമുഖം പേജ് 2.

43. എച്ച്.എച്ച്. റിസ്ലി, ഇ.എ. ഗെയിറ്റ്. റിപ്പോർട്ട് ഓൺ ദ സെൻസസ് ഓഫ് ഇന്ത്യ, 1901. പുസ്തകം 1, ഭാഗം 1, കൽക്കട്ട 1903, പേജ് 514. ദാസ് ഗുപ്ത, സംയുക്ത (2019). പേജ് 112-ൽ ഉദ്ധരിച്ചത്.

44. https://censusindia.gov.in/Data_ products/Library/Indian_ Perceptive_ Link / CensusQuestionaires_Link /questions.htm dt 5.11.21

45. അദ്ദേഹം മുണ്ട ഗോത്രക്കാരനായിരുന്നു.

46. ഭരണഘടനാസഭ ചർച്ചകൾ Vol.I 9 121946 പേജ് 143.

47. Ibid. പേജ് 145.

48. ഭരണഘടനാ സഭ ചർച്ചകൾ Vol.IX. 5/09/1949. പേജ് 994.

49. Ibid. പേജ് 996.

50. Ibid.

51. Ibid.

52. Ibid. പേജ് 995

53. ഇന്ത്യൻ ഭരണഘടനയുടെ 14-ാം അനുഛേദം.

54. ഭരണഘടനാസഭ ചർച്ചകൾ 24/11/1949 പേജ് 894.

55. ഭുവനേശ്വർ സാബർ (2012). Questioning History: Excluded Citizens and State Response to Demands for Inclusion ഇക്കണോമിക് ആൻഡ് പൊളിറ്റിക്കൽ വീക്ക്‌ലി 2012 ജൂൺ 30. Vol. XLVII. Nos.26 & 27. പേജുകൾ 241 – 248.

56. പട്ടികജാതി-പട്ടികവർഗക്കാരുടെ പട്ടിക പുതുക്കുന്നതു സംബന്ധിച്ചു 1965 ജൂൺ ഒന്നിന് ഇന്ത്യാ ഗവൺമെന്റിന്റെ സാമൂഹ്യസുരക്ഷാവകുപ്പ് നിയമമന്ത്രാലയത്തിലെ സെക്രട്ടറി ശ്രീ. ബി.എൻ. ലോകുർ അധ്യക്ഷനായി ഉപദേശകസമിതിയെ നിയമിച്ചു. റിപ്പോർട്ട് https://tribal.nic.in/downloads/ statistics/Other Report/Lokur Committee Report.pdf

57. https://www.brlf.in/wp-content/uploads/2018/05/Statistical-Profile-of- STs_ 2013.pdf

58. Marri Chandra v. Seth G.S. Medical College (1990) 3 SCC 130; Action Committee v. Union of India (1994) 5 SCC 244.

59. https://www.brlf.in/wp-content/uploads/2018/05/Statistical-Profile-of- STs_ 2013.pdf

60. https://www.brlf.in/wp-content/uploads/2018/05/Statistical-Profile-

of- STs_ 2013.pdf

[61.] https://www.brlf.in/wp-content/uploads/2018/05/Statistical-Profile-of- STs_ 2013.pdf

[62.] Supreme Court of India. | Kailas and others vs. State of Maharashtra Tr. Taluka on 5 January 2011. കോടതി ദ കേംബ്രിജ് ഹിസ്റ്ററി ഓഫ് ഇന്ത്യ (Vol. I ) എൻഷ്യന്റ് ഇന്ത്യയിൽനിന്നു ദീർഘമായി ഉദ്ധരിച്ചിട്ടുണ്ട്.

[63.] Ibid.

[64.] ബെൻഗ്റ്റ് ജി. കാൾസൺ. ഇൻഡിജെനസ് അഫയേഴ്സ് 3-4-08 ൽ എഴുതിയ Asian Indigenounsess: the case of India. https://iwgia.org/images/publications/IA_3-08_India.pdf.

[65.] https://www.hindustantimes.com/India/intl-legal-regime-can-t - take -away- power -of- local - courts/story - 01HkmaPqIhdx N6wVLwvUSL.html.

[66.] സ്വാതന്ത്ര്യത്തിനു ശേഷമുള്ള ഗോത്രവർഗ വികസനം (2009) സമ്പാദനം: ശ്യാം നന്ദൻ ചൗധരി (ഗൂഗിൾ ബുക്സിൽ ) പേജ് 25.

[67.] ഗവണ്മെന്റ് ഓഫ് ഇന്ത്യ, ആഭ്യന്തര മന്ത്രാലയം. ഓഫീസ് ഓർഡർ നം.എഫ് 110111/53/2012എൻഇ. V 2012 സെപ്റ്റംബർ 27.

[68.] ലോക്സഭാ ബിൽ. 2019-ൽ നമ്പർ 370. 1955ലെ പൗരത്വനിയമം ഭേദഗതി ചെയ്യാനുള്ള ബിൽ തീയതി 4-12-2019.

[69.] നിയമത്തിന്റെ സെക്ഷൻ 2 (സി).

[70.] കെ.എസ്.സിംഗ് (1996) അതിജീവനത്തിനായി ഗോത്രവർഗക്കാർ സംരക്ഷിക്കുന്നു. ഡൗൺ ടു എർത്തിനുവേണ്ടി അമിത് മിത്ര റിക്കാർഡ് ചെയ്ത അഭിമുഖം. https://www.downtoearth.org.in/interviews/tribals-conserve-to-survive-25422 പ്രസിദ്ധീകരിച്ചത് 29-02-1996. 2021 ഡിസംബർ 21-നു ലഭ്യമായത്.

[71.] അനുച്ഛേദങ്ങൾ 330-342.

[72.] അനുച്ഛേദം 244 (2).

[73.] അനുച്ഛേദം 244 (1).

[74.] 2007ലെ നിയമം നം. 2.

[75.] Ibid.

[76.] മൈക്കൽ എ. പീറ്റേഴ്സ് & കാൾ ടി. മികാ (2017) Aborigine, Indian, Indigenous or first nations?, Educational Philosophy and Theory, 49:13, 1229-1234, DOI: 10.1080/0013 1857.2017.1279879.

[77.] Ibid.

[78.] ദ റോൾ ഓഫ് എത്നിക് ആൻഡ് ഇൻഡിജെനസ് പീപ്പിൾ ഓഫ് ഇന്ത്യ ആൻഡ് ദെയർ കൾച്ചർ ഇൻ ദ കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി.

രാജീവ് റായ് & വിജേന്ദ്ര നാഥ്. http://www.fao.org/3/xii/0186- al.htmൽ 2021 ഒക്ടോബർ ഏഴിനു ലഭ്യമായത്.

79. ഡൻബാർ - ഓർട്ടിസ് പേജ് xiii.

80. മൈനോറിറ്റി റൈറ്റ്സ് ഗ്രൂപ്പ് ഇന്റർനാഷണൽ, വേൾഡ് ഡയറക്ടറി ഓഫ് മൈനോറിറ്റീസ് ആൻഡ് ഇൻഡിജെനസ് പീപ്പിൾസ് - ഇന്ത്യ: ആദിവാസികൾ, 2008. https://www.refwoorld.org/docid/49749d14c.html [2021 നവംബർ 12-നു ലഭ്യമായത്].

81. റാണാ, എൽ.എൻ. (1992). ദ ആദിവാസി മഹാസഭ (1938-1949): ലോഞ്ചിംഗ് പാഡ് ഓഫ് ദ ജാർഖണ്ഡ് മൂവ്മെന്റ്. പ്രൊസീഡിംഗ്സ് ഓഫ് ദ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്, 53, 397-405. http://www.jstor.org/stable / 44142817

82. ദാസ്ഗുപ്ത, എസ്. ആദിവാസി സ്റ്റഡീസ്: ഫ്രം എ ഹിസ്റ്റോറിയൻസ് പെഴ്സ്പെക്ടീവ്. ഹിസ്റ്ററി കോംപാസ്. 2018; 312486. https://doi.org/10.1111/ hic3.12486

83. അംബേദ്കർ. പേജുകൾ 248-249.

84. Ibid.

85. Ibid. വല്ലഭ്ഭായ് പട്ടേലും ഇതേ അഭിപ്രായക്കാരനായിരുന്നു.

86. ദ ഇന്ത്യൻ ഇക്കണോമിക് ആൻഡ് സോഷ്യൽ ഹിസ്റ്ററി റിവ്യു, 53, 1 (2016):123 സേജ് ലോസ് ആഞ്ചലസ്/ലണ്ടൻ/ന്യൂഡൽഹി/സിംഗപ്പൂർ/വാഷിംഗ്ടൺ ഡിസി. ഡിഒഐ: 10.1177/00194646 15619549

87. എൽ.എൻ. രംഗരാജൻ (1990) പുസ്തകത്തിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ ആമുഖത്തിൽ.

88. Ibid. പേജ് 44.

89. Ibid. പേജ് 135.

90. 'ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ആദ്യ ഗോണ്ട് രാജവംശം മധ്യേന്ത്യയിലെ മലനിരകളിൽ എഡി 14, 15 നൂറ്റാണ്ടുകളിൽ നിലവിൽ വന്നു. ആദ്യ ഗോണ്ട് രാജാവ് ജദു റായ് ആണ്. അദ്ദേഹം കൽചൂരി രജപുത്രരെ തോൽപിച്ച് ഗഢമണ്ഡല (1300 1789) രാജ്യം കൈവശപ്പെടുത്തി. ദേവ്ഗഢിലെ രണ്ടാമത്തെ രാജവംശം സ്ഥാപിച്ചത് 1590-ൽ രാജാ ജടബയാണ്. ഇത് 1796 വരെ നിലനിന്നു. ദേവഗഢ് രാജവംശത്തിന്റെ കാലത്തു തന്നെ 1500-ൽ ഖേരല രാജ്യം നിലവിൽ വരുകയും ഒരു നൂറ്റാണ്ടു നിലനിൽക്കുകയും ചെയ്തു. ഇതിലെ ആദ്യരാജാവ് നരസിംഹ റായ് ഒരു രജപുത്ര രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി. ഭൂമിശാസ്ത്രപരമായ സൗകര്യം മൂലം തന്റെ കോട്ടയെ ആക്രമിക്കാൻ വന്നിരുന്ന സമീപസ്ഥ രജപുത്ര-മുസ്ലിം രാജാക്കന്മാരുമായി ഇടയ്ക്കിടെ ഇണങ്ങിയും പിണങ്ങിയും ആണ് അദ്ദേഹം കഴിഞ്ഞിരുന്നത്. ഖേരല, ദേവഗഢ് രാജവംശങ്ങളുടെ സമകാലികരായിരുന്ന ചന്ദാ രാജവംശ(1200-1751)ത്തിൽ മികവുറ്റ പല ഭരണകർത്താക്ക

ളും ഉണ്ടായിരുന്നു. ഗോണ്ട് രാജ്യങ്ങൾക്കിടയിൽ മികച്ച ജലസേചന സംവിധാനം ഉണ്ടാക്കിയവരും നല്ല റവന്യു ക്രമീകരണം നടപ്പാക്കിയവരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.'ശാംറാവു, കൊറേറ്റി, Socio- Cultural History of the Gond Tribes of Middle India. International Journal of Social Science and Humanity, 2016, vol. 6, No.4, പേജ് 288.

[91] അഹോമിനെപ്പറ്റി എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക ഓൺലൈനിൽ. www.https://britannica.com/topic/Ahom. 2021 ഡിസംബർ 28-നു ലഭ്യമായത്. അസമിലെ തായ് - അഹോം, മടക് സമുദായങ്ങൾ എസ്ടി പദവിക്കായി മുറവിളി കൂട്ടുന്നവരാണ്. 2021 സെപ്റ്റംബർ 27 ലെ ദ ഹിന്ദു പത്രം നോക്കുക. https://www.thehindu.com/news/national/other-states/st-status-demand-assam-cm- himanta-meets-tai-ahom - matak-community-leaders/ article 36688582.ece

[92] Basil Poulose. In photos: The Fascinating Story of Kerala's Forest King and His Tribe's 700-year old Legacy. https://www.betterindia.com/95726/kerala-forest-king-raja-raman-mannan -idukki. 2021 ഡിസംബർ 28-നു ലഭ്യമായത്.

[93] ആന്ദ്രേ ബെറ്റെയ്ൽ. 1998. The Idea of Indigenous People. കറന്റ് ആന്ത്രപ്പോളജി Vol.39, No.2. April 1998. പേജുകൾ 187-192.

[94] ഇന്ത്യ: ഒരു രാജ്യപഠനം. സമ്പാ: ജയിംസ് ഹൈറ്റ്സ്മാൻ&റോബർട്ട് എൽ. വേർഡൻ. ഫെഡറൽ റിസർച്ച് ഡിവിഷൻ, 1995. https://www.education.gov.in/en/sites/upload_files/mhrd/files/upload_document/languagebr.pdf.

[95] ഭരണഘടനയുടെ എട്ടാം ഷെഡ്യൂൾ

[96] സെൻസസ് 1961 & നിഗം 1972: പേജ് xv. Ibid.

[97] തുണ്ടി, സഖറിയാസ് പി. 1981. അബോറിജിനൽ ഗ്രൂപ്സ് ഇൻ ഇന്ത്യ. കൾച്ചറൽ സർവൈവൽ ക്വാർട്ടേർലിയിൽ. https://www.culturalsurvival.org/publications/cultural - survival-quarterly/aboriginal-groups-india 2021 ഓഗസ്റ്റ് 20-നു ലഭ്യമായത്.

[98] കൈലാസും മറ്റുള്ളവരും അഭി മഹാരാഷ്ട്ര സംസ്ഥാനം ട്ര താലൂക്ക 2011 ജനുവരി 5.

[99] ത്രേസ്യാമ്മ വി.ജി. 2011. Making of the Indian Constitution and Debate on the Issue of Tribal Development ദ ഇന്ത്യൻ ജേണൽ ഓഫ് പൊളിറ്റിക്കൽ സയൻസ് Vol. LXXII, No. 1, 2011. ജനുവരി-മാർച്ച് 179-189 പേജുകളിൽ ഉദ്ധരിച്ചത്.

[100] ബെറ്റെയ്ൽ പേജ് 191.

[101] ദാസ്ഗുപ്ത 2018. പേജ് 3. റൈക്രോഫ്റ്റ് ഡി. ജെ.യും ദാസ് ഗുപ്ത എസും (2011) ചേർന്നുള്ള ഒരു മുൻ രചനയെ പരാമർശിക്കുന്നു. Indigenous Pasts

and the politics of belonging. The Politics of Belonging in India: Becoming an Adivasi. പേജ് 1–13. സമ്പാ: റൈക്രോഫ്റ്റ് & ദാസ് ഗുപ്ത. അബിംഗ്ഡൺ: റൂട്ട്ലെജ്.

[102.]പട്ടികവർഗക്കാരിൽ പെട്ട പല സമുദായങ്ങളും ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ഏറ്റവും പുരാതന നിവാസികളിൽ പെട്ടവരാകാം. പക്ഷേ തെളിവുകൾ ഇല്ലാത്ത വിദൂര ഭൂതകാലത്തിലെ കാര്യമാണത്.

[103.] സാംസ്കാരിക അതിജീവനം. ഇന്ത്യയിലെ മൂലനിവാസികളുടെ മനുഷ്യാവകാശങ്ങളുടെ അവസ്ഥ സംബന്ധിച്ച നിരീക്ഷണങ്ങൾ. യുഎൻ മനുഷ്യാവകാശ കൗൺസിലിന്റെ 2016-ലെ യൂണിവേഴ്സൽ പീരിയോഡിക് റിവ്യുവിനു വേണ്ടി തയാറാക്കിയത്. 27-ാം സമ്മേളനം. തേഡ് സൈക്കിൾ. www.cs.org.

[104.] https://dictionary.cambridge.org/dictionary/english/indigenous.

[105.] കൈലാസും മറ്റുള്ളവരും അഭി മഹാരാഷ്ട്ര സംസ്ഥാനം.2011.

[106.] ചതുർവേദി, എസ്., ക്രാഗർ, എസ്., ലഡികാസ്, എം., മുത്തുസ്വാമി, വി., സു, വൈ., യാംഗ്, എച്ച്.(2012). ഹാർമണൈസിംഗ് പോളിസി ഓൺ ഹ്യൂമൻ ജനറ്റിക് റ്റു സാഴ്സസ് ആൻഡ് ബനഫിറ്റ് ഷെയറിംഗ്. നേച്ചർ ബയോടെക്നോളജിയിൽ. പുസ്തകം 30. ലക്കം 12. 2012 ഡിസംബർ.

## ആർഐഎസ് സംവാദ പത്രികകൾ

ഇവ http://www.ris.org.in/discussion-paperൽ ലഭ്യമാണ്.

DP# 271-2021 *റോൾ ഓഫ് ഇന്ത്യൻ സയൻസ് കോൺഗ്രസ് അസോസിയേഷൻ ഇൻ ദ എമേർജൻസ് ഓഫ് സയന്റിഫിക് കമ്യൂണിറ്റി ഇൻ പ്രീ ഇൻഡിപെൻഡൻസ് ഇന്ത്യ.* സ്നേഹ സിൻഹ

DP# 270-2021 *കോവിഡ്-19: ആൻ ഓപ്പർച്യൂണിറ്റി ടു റീവാംപ് ഫാർമകോവിജിലൻസ് സിസ്റ്റം.* സൗമ്യ പാഠക്, രാജേശ്വരി സിംഗ്, ശുഭിനി എ. സരാഫ്

DP# 269-2021 *സ്കില്ലിംഗ്, ഫൾക്രം ഓഫ് എ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ട്രാക്കർ പാത്‌വേ* പ്രമോദ് കുമാർ ആനന്ദും കൃഷ്ണകുമാറും

DP# 268 - 2021 *ഇന്ത്യാസ് ഇംപോർട്ട് ഡിപ്പെൻഡൻസ് ഓൺ ചൈന ഇൻ ഫാർമസ്യൂട്ടിക്കൽസ്: സ്റ്റാറ്റസ്, ഇഷ്യൂസ് ആൻഡ് പോളിസി ഓപ്ഷൻസ്* സുദീപ് ചൗധരി

DP# 267 - 2021 *ലിബറേറ്റിംഗ് ഇന്ത്യൻ അഗ്രികൾച്ചർ മാർക്കറ്റ്സ്* ദമ്മു രവി

DP#266 - 2021 *ഇൻട്രാ - ഇൻഡസ്ട്രി ട്രേഡ് ഇൻ മനുഫാക്ചേഡ് ഗുഡ്സ്: എ കേസ് ഓഫ് ഇന്ത്യ* മൻമോഹൻ അഗർവാളും നെഹാ ബെതയിയും

DP# 265 - 2021 *നാഷണൽ എഐ പോളിസി/സ്ട്രാറ്റജി ഓഫ് ഇന്ത്യ ആൻഡ് ചൈന: എ കംപാരറ്റീവ് അനാലിസിസ്* അമിത് കുമാർ.

DP# 264 - 2021 *ഫിഷറീസ് സബ്സിഡി ഇഷ്യൂസ് ബിഫോർ ദ എംസി 12: ലെസൺസ് ഫ്രം ദ മേയ് ടെക്സ്റ്റ് ഫോർ ദ ജൂലൈ മീറ്റിംഗ്* എസ്.കെ. മൊഹന്തിയും പങ്കുരി ഗൗറും

DP#263 - 2021 *പോസ്റ്റ് പാൻഡെമിക് സോഷ്യൽ സെക്യൂരിറ്റി അജൻഡ: യൂണിവേഴ്സലൈസിംഗ് ഡവലപ്മെന്റൽ ഇന്റർവെൻഷൻസ് ഓവർ യൂണിവേഴ്സൽ ബേസിക് ഇൻകം* പ്രമോദ് കുമാർ ആനന്ദും കൃഷ്ണ കുമാറും

DP# 262 - 2021 *പോസ്റ്റ് കോവിഡ് ചലഞ്ചസ്: നീഡ് ഓഫ് യുഎൻ ടു മെറ്റമോർഫോസ് -റീഡിസ്കവർ ഇറ്റ്സ് പ്രയോറിറ്റി ആൻഡ് ഫംക്ഷണാലിറ്റീസ്* അരുണാ ശർമ

DP# 261 - 2021 *ഫാർമസ്യൂട്ടിക്കൽ ട്രേഡ്: ഇന്ത്യാസ് ഗ്രോത്ത് ട്രാജക്റ്ററീസ്* ദിനേശ്കുമാറും റ്റി.സി. ജയിംസും

DP# 260 - 2020 *ഇൻഫ്ളേഷൻ ടാർഗറ്റിംഗ്: മോണിറ്ററി പോളിസി, ഗ്രോത്ത് ആൻഡ് ഇൻഫ്ളേഷൻ* മൻമോഹൻ അഗർവാളും അമ്മു ലാവണ്യയും

DP# 259 - 2020 *ബൾക്ക് ഡ്രഗ് ഇൻഡസ്ട്രി ഇൻ ഇന്ത്യ: ചലഞ്ചസ് ആൻഡ് പ്രോസ്പെക്ട്സ്* റ്റി.സി. ജയിംസ്

DP# 258 - 2020 *സ്ട്രാറ്റജൈസിംഗ് ഇന്ത്യാസ് എക്സ്പോർട്സ്* ദമ്മു രവി

# ആർഐഎസ് വികസ്വരരാജ്യങ്ങളുടെ ഒരു ചിന്താകേന്ദ്രം

അന്താരാഷ്ട്ര സാമ്പത്തികവികസനം, വാണിജ്യം, നിക്ഷേപം, സാങ്കേതികവിദ്യ തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ച് ഗവേഷണം നടത്തുന്ന സ്വയംഭരണ നയഗവേഷണ സ്ഥാപനമാണ് ന്യൂഡൽഹി ആസ്ഥാന മായുള്ള റിസർച്ച് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം ഫോർ ഡെവലപ്പിംഗ് കൺട്രീസ് (ആർഐഎസ്). പ്രാദേശികവും ആഗോളവുമായ സാമ്പത്തിക വിഷയങ്ങളിൽ വികസ്വരരാജ്യങ്ങൾക്ക് ഫലപ്രദമായ നയ സംവാദങ്ങൾക്കും ശേഷി ആർജനത്തിനും പറ്റിയ വേദിയായാണ് ഇതു വിഭാവന ചെയ്യപ്പെട്ടിരിക്കുന്നത്.

സൗത്ത്-സൗത്ത് സഹകരണം വർധിപ്പിക്കാനും ബഹുകക്ഷി ചർച്ചകളിൽ വികസ്വര രാജ്യങ്ങളോടു യോജിച്ചു പ്രവർത്തിക്കാനും ലക്ഷ്യമിട്ടുള്ളതാണ് ആർഐഎസിന്റെ പ്രവർത്തനക്രമം. ഗവൺമെന്റുകൾ തമ്മിലുള്ള പല പ്രാദേശിക സാമ്പത്തിക സഹകരണ പരിപാടികളിലും ആർഐഎസ് ഭാഗഭാക്കാണ്. തങ്ങളുടെ വിപുലമായ വിചാരകേന്ദ്രങ്ങളുടെ ശൃംഖല വഴി അന്താരാഷ്ട്ര സാമ്പത്തികവിഷയങ്ങളിലും വികസനപങ്കാളിത്തങ്ങളിലും നയപരമായ ഏകോപനം ശക്തിപ്പെടുത്താൻ ആർഐഎസ് സഹായിക്കുന്നു.

ആർഐഎസിനെയും അതിന്റെ പ്രവർത്തനങ്ങളെയുംപറ്റി കൂടുതൽ അറിയാൻ www.ris.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**വികസന കാര്യപരിപാടി രൂപപ്പെടുത്തുന്ന ഗവേഷണം**


**ആർഐഎസ്**
**വികസ്വരരാജ്യങ്ങൾക്കായുള്ള ഗവേഷണ–വിവരവിനിമയ സംവിധാനം**

കോർ IV-B, ഫോർത്ത് ഫ്ളോർ, ഇന്ത്യ ഹാബിറ്റാറ്റ് സെന്റർ,
ലോധി റോഡ്, ന്യൂഡൽഹി - 110 003, ഇന്ത്യ, ഫോൺ: 91-11-24682177-80
ഫാക്സ്: 91-11-24682173-74, ഇ-മെയിൽ: dgoffice@ris.org.in
വെബ്സൈറ്റ്: http//www.ris.org.in